

784-45483

# ക്രുത്തുപാട്ടുകൾ

കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

# കൂത്തുപാട്ടുകൾ

എഡിറ്റർ

**കാഞ്ചിയാർ രാജൻ**

അസി. എഡിറ്റർ

**ഇ.ജെ. ജോസഫ് കാഞ്ചിയാർ**

2951

PG Library & Research Center

**കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്**

784.45483

Malayalam

**KOOTHU PATTUKAL**

collection of the poetry of Adivasi Koothu

A project under people's plan compaign programme implemented by Kanchiyar Grama Panchayat

President Grama Panchayath : Sri. Jacob Vadakkan
Vice President " : Sri. V.R. Sasi, varakukalayil
Standing committee chair person : Smt. Valsamma Baby
Secretary Grama panchayat : Sri. T.M. George

Editor : Kanchiyar Rajan
Asst. Editor : E.J. Joseph Kanchiyar

Editorial Board:
Jaçob Vadakkan, Thevan Rajamannan., T.M. George. G. Mony

Implementaton committee
Sri. V.R. Sasi, Sri. M.L. Augusthy, Sri. Chakkan Balan. Sri. Rajappan V.R.
Sri. Saseendran V.R., Sri. G. Chandran, Sri. Aji. K. Thomas
Sri. P.T. Ramachandran, Sri. M.M. Devasia.

First Published : March 1999
Type setting : Lord's D.T.P., Kattappana
Printing : Akshara Printers, Kattappana
Cover : K.R. Harilal
Published by : Kanchiyar Grama Panchayat
(C) Kanchiyar Grama Panchayat

copies : 1000
Price Rs. 50/-
All rights reserved. No part of this book may be reprinted or reproduced or utilized in any form without the prior permission of the Kanchiyar Grama Panchat.

# ആമുഖം

കേരളത്തിൽ ഏറ്റവും അധികം പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അധിവസിക്കുന്ന രണ്ടാമത്തെ ജില്ലയാണ് ഇടുക്കി. ഈ പട്ടികവർഗ്ഗക്കാരിൽ ഏറ്റവും അധികം ജനസംഖ്യയുള്ള വിഭാഗമാണ് മന്നാൻമാർ. 46 കുടികളിലായി ഏതാണ്ട് 25000 –ത്തോളം ജനസംഖ്യ. ഇതിൽ നല്ലൊരു പങ്ക് താമസിക്കുന്ന പ്രദേശമാണ് കാഞ്ചിയാർ.

സ്വന്തമായ ആചാരങ്ങളും വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ജീവിതരീതികളും ഭാഷയും സംസ്കാരവും സർവ്വോപരി രാജാവും രാജ്യവും പ്രജകളും ഉപരാജ്യങ്ങളുമെല്ലാം ഇപ്പോഴും നിലനിൽക്കുന്ന ഒരു സമൂഹം. ഈ സമൂഹത്തിന്റെ തനതായ കലാരൂപമാണ് ആദിവാസി കൂത്ത്. കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട് പലതും മണ്ണടിഞ്ഞുകൊണ്ടിരിക്കേ, ഏതു പ്രതിസന്ധികളിലും കുറ്റിയറ്റു പോകാതെ നിലനിൽക്കുകയും അവശേഷിക്കുകയും ചെയ്യുന്ന അപൂർവ്വം കലാരൂപങ്ങളിൽ ഒന്ന്. മറ്റു പല ആദിവാസി കലാരൂപങ്ങളുമെന്നപോലെ കാരണവന്മാരുടെ ഓർമ്മകളിൽ മാത്രമായി അവശേഷിച്ചിരിക്കുന്നു. അവയെ തേടിയെടുത്ത് സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്തില്ലെങ്കിൽ അധികം വൈകാതെതന്നെ മറ്റു പലതുമെന്നപോലെ ഇതും മണ്ണടിഞ്ഞുപോകും എന്നകാര്യത്തിൽ സംശയമില്ല. അതുണ്ടാകാതിരിക്കാൻ കൂത്തുപാട്ടുകൾ കണ്ടെത്തി സമാഹരിച്ച് പുസ്തരൂപത്തിൽ വരുംതലമുറക്കു കൈമാറുക എന്ന ദൗത്യമാണ് ഈ പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. വളരെ തിരക്കിട്ട് നടപ്പിലാക്കേണ്ടി വന്നുവെങ്കിലും സമയബന്ധിതമായി, വിജയപ്രദമായി, ഇതു നടപ്പിലാക്കാനായി എന്നതിൽ ഞങ്ങൾക്ക് തികഞ്ഞ ചാരിതാർത്ഥ്യമുണ്ട്.

കെ.ആർ.പി. ആയ ശ്രീ. കാഞ്ചിയാർ രാജൻ, കേന്ദ്രസാംസ്കാരികസമിതി ജോ.കൺവീനർ ശ്രീ. ഇ.ജെ. ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ കോവിൽമല രാജാവ് തേവൻ രാജമന്നാൻ, ഇളയരാജാവ് ചക്കൻബാലൻ ശ്രീ. ജി. മണി, രാജപ്പൻ, നായൻ രാജാ ആർട്സ് & സ്പോർട്സ് ക്ലബ്ബിലെ പ്രവർത്തകർ, പഞ്ചായത്ത് സെക്രട്ടറി ടി.എം. ജോർജ്ജ്, ജീവനക്കാരനായ ശ്രീ. അജി. കെ. തോമസ് എന്നിവരുടെ ആത്മാർത്ഥമായ സഹായ സഹകരണത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടന്നത്. പദ്ധതിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരോടും നന്ദി പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ജേക്കബ്ബ് വടക്കൻ

കാഞ്ചിയാർ — പ്രസിഡന്റ് ഗ്രാമപഞ്ചായത്ത്

25–3–99



# ആശംസ

മാന്യരേ,

കേരളത്തിൽ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, വിദ്യാഭ്യാസ രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന ആദിവാസി സമൂഹത്തിൽപെട്ട ഒരു വിഭാഗമാണ് മന്നാൻമാർ. മന്നാൻമാരുടെ സാമൂഹ്യ പുരോഗതി ലക്ഷ്യമാക്കി കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് ശ്രദ്ധേയമായ ചില പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ വളരെ സന്തോഷമുണ്ട്. മന്നാൻ സമുദായത്തിന്റെ കലാരൂപമായ കൂത്തിനെ പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞ വർഷവും ഈ വർഷവും നടത്തിയ പരിശ്രമങ്ങൾ ഇതിൽ പ്രധാനപ്പെട്ടതാണ്.

മൂല്യശോഷണവും വംശനാശവും വന്നുകൊണ്ടിരിക്കുന്ന കൂത്തിന്റെ പാട്ടുകൾ സമാഹരിച്ച് പുസ്തകരൂപത്തിൽ ആക്കുന്നതിലൂടെ ഒരു പിന്നോക്ക സമൂഹത്തോടുള്ള കടപ്പാടും കടമയും ഇവിടെ പ്രകടമാവുകയാണ്. ഈ സമൂഹത്തിലാകെ ഒരു ഉയിർത്തെഴുന്നേൽപ്പിന് ഇത് കാരണമായിത്തീരും എന്നകാര്യത്തിൽ തർക്കമില്ല. ഇതിന് നേതൃത്വവും ഉപദേശനിർദ്ദേശങ്ങളും നൽകുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജേക്കബ്ബ് വടക്കൻ, വൈസ് പ്രസിഡന്റ്, വി.ആർ. ശശി, സെക്രട്ടറി ടി.എം. ജോർജ്ജ് കെ.ആർ.പി. കാഞ്ചിയാർ രാജൻ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

തേവൻ രാജമന്നാൻ
കോവിൽമല രാജാവ്

കോവിൽമല
24.3.1999.

# അൽപം ചിലത്

1999 ഫെബ്രു. 28. ജനപ്രതിനിധികളും സാസ്കാരിക പ്രവർത്തകരും കൂത്തിന്റെ കഥയും പാട്ടുകളും ഓർമ്മകളിൽ സൂക്ഷിക്കുന്ന, ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിച്ചേർന്ന ഏതാനും കാരണവന്മാരും കോവിൽമലയിൽ, രാജാവിന്റെ സാന്നിദ്ധ്യത്തിൽ ഒത്തുകൂടി. തുടർന്ന് കഠിനമായ ഒരു യജ്ഞത്തിന്റെ കഥ പറയുന്ന മുപ്പതുരാപ്പകലുകൾ. കാരണവന്മാർ ക്രമമായി പാടിക്കേൾപ്പിച്ച കൂത്തുപാട്ടുകൾ ഓഡിയോ സംവിധാനത്തിലൂടെ ആദ്യം റിക്കാർഡ്ഡു ചെയ്തു. പിന്നെ ആവർത്തിച്ചുള്ള ചോദ്യങ്ങളിലൂടെ, നീണ്ടുനിന്ന ചർച്ചകളിലൂടെ ഓരോ വാക്കും ഓരോ ഈരടികളും ഓരോ ചൊല്ലുകളും ഇഴതിരിച്ച് വേർതിരിച്ചെടുത്തു. ഇതിനുവേണ്ടി മാത്രം പത്തു പൂർണ്ണദിവസങ്ങൾ വേണ്ടിവന്നു. അതിനുശേഷം പലദിവസങ്ങളിൽ പല ആവർത്തി ഓഡിയോ കാസറ്റ് കേട്ട് കുറ്റങ്ങളും കുറവുകളും കണ്ടെത്തി വെട്ടിയും തിരുത്തിയുമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ള രൂപത്തിലാക്കിയത്. ആദിവാസി ഭാഷയിൽ പകർന്നുകിട്ടിയ സാഹിത്യരൂപം അതേപടി മലയാളത്തിൽ കൊടുത്തിരിക്കുന്നു.

"ഭാഷയെ കാര്യമാത്രപ്രസക്തമായ ഒരു ചുരുക്കെഴുത്തായി ക്ലിപ്തപ്പെടുത്തുകയും ആവശ്യമില്ലത്തതൊക്കെ എന്തിന് തലയിൽ കുത്തിത്തിരുകി വയ്ക്കണം എന്ന ചിന്തയിലേക്ക് ആധുനിക സമൂഹം ഒന്നായി ഒലിച്ചുപോകുകയും ചെയ്യുന്ന" വർത്തമാന പരിതസ്ഥിതിയിൽ ഒൻപതു പൂർണ്ണ കാസറ്റുകളിലായി പകർന്നുതന്ന കൂത്തുപാട്ടുകൾ പ്രധാനമായും ഒരാളുടെ (രങ്കസ്വാമി) ഓർമ്മകളിൽ നിന്ന് അനസ്യൂതം ഒഴുകി വന്നവയാണെന്നകാര്യം മറ്റൊരത്ഭുതം.

ആഴത്തിലുള്ള പഠനത്തിലൂടെ, നീണ്ട ധ്യാനത്തിലൂടെ, തലനാരിഴകീറുന്ന അന്വേഷണ പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുത്തിയെടുക്കേണ്ട ഒരു ഉൽപന്നം. അക്കാദമിക് തലത്തിൽ നോക്കുമ്പോൾ

എന്നീ സഹോദരിമാരുടെ അടുത്ത് പൂലപ്പൻ പൂലാൻ എന്ന കാണി കൊണ്ടാക്കുന്നു. വിദ്യ ആർജ്ജിക്കുന്നതിനുള്ള അർഹത പരീക്ഷിക്കുന്നതിനായി വൾവാച്ചക്കി ആദ്യം കുട്ടി, പിന്നെ യുവതി, അവസാനം പ്രായമായ സ്ത്രീ എന്നിങ്ങനെ വിവിധ രൂപങ്ങളിൽ പ്രത്യക്ഷപ്പെട്ട് മനസിന്റെ ചാഞ്ചല്യം അളക്കുന്നു. പിന്നീട് ആന, കരടി, പാമ്പ് എന്നീ ഹിംസ്ര ജീവികളായി പ്രത്യക്ഷപ്പെട്ട് ആത്മബലവും ധീരതയും പരീക്ഷിക്കുന്നു. പരീക്ഷണങ്ങളിൽ വിജയിക്കുന്ന പഞ്ചൻ പൂലാനേയും പെരിയാനങ്കനേയും ശിഷ്യരായി പരിഗണിക്കുന്നു. എന്നാൽ ഒരാൾക്കുമാത്രമേ വിദ്യ നൽകൂ എന്ന് വൾവാച്ചക്കി പറയുകയും ജേഷ്ഠനായ പഞ്ചൻ പൂലാനെ ഇതിനായി നിശ്ചയിക്കുകയും ചെയ്യുന്നു. പഞ്ചൻ പൂലാനെ വിദ്യ അദ്യസിപ്പിക്കുന്നത് പെരിയാനങ്കൻ വെളിയിൽ നിന്നും കേട്ടു പഠിക്കുന്നു.

അവസാനം വിദ്യ പരീക്ഷിക്കാനായി മുറ്റത്തു നിൽക്കുന്ന വൻമരം ദൃഷ്ടി പായിച്ച് ഉണക്കാൻ പഞ്ചൻ പൂലാനോട് ആവശ്യപ്പെടുന്നു. പഞ്ചൻ പൂലാന്റെ നോട്ടത്തിൽ വൻമരം വാടുക മാത്രമേ ചെയ്യുന്നുള്ളു. എന്നാൽ ഈ സമയം പെരിയാനങ്കൻ തന്റെ ദൃഷ്ടിപായിച്ച് വൻമരം ഉണക്കുന്നു. വൾവാച്ചക്കിയും വൾവാക്കോതയും ഇരുവർക്കും അനുഗ്രഹം നൽകി പറഞ്ഞുവിടുന്നു. ഇങ്ങനെ അറിവു നേടിയ പഞ്ചൻ പൂലാനും പെരിയാനങ്കനും സ്വന്തം നാട്ടിൽ തിരിച്ചെത്തി, പാട്ടുണ്ടാക്കി താളവും മേളവും ചുവടുകളും നൽകി കൂത്ത് ചിട്ടപ്പെടുത്തിയെന്നാണ് പുരാവൃത്തം. കൂത്തിന്റെ തുടക്കത്തിൽ ഉപയോഗിക്കുന്ന ഈരടികളിൽ ഇവരെ സംബന്ധിക്കുന്ന പരാമർശമുണ്ട്.

നമ്മളാരാരെ പദം ചൊല്ലി ആടുവേനെ?

പഞ്ചൻ പൂലാൻ പെരിയാനങ്കൻ
പേരെ ചൊല്ലി ആടുവേനേ-
നല്ല തട്ടത്തട്ടി വരുവാ പഞ്ചൻ പൂലാൻ
ആടിപ്പാടി വരുവാ പെരിയാനങ്ക
നമ്മളാരാരെ പേരെ ചൊല്ലി ആടുവോനെ?
പൂലപ്പൻ പൂലാൻ പേരെ ചൊല്ലി ആടുവേനെ.

(4) തമിഴ് സാഹിത്യത്തിലെ പഞ്ചമഹാകാവ്യങ്ങളിലൊന്നായ ചില

പ്പതികാരത്തിലെ കഥയ്ക്ക് ആസ്പദമായ കണ്ണകികോവില ചരിതം തന്നെയാണ് കൂത്തിന്റെയും കഥയ്ക്ക് ആധാരം. എന്നാൽ കഥയിലും കഥാപാത്രങ്ങളിലുമുള്ള സാദൃശ്യങ്ങൾ ഒഴിച്ചാൽ ചിലപ്പതികാരത്തോട് ഒരു തരത്തിലും ഇത് താരതമ്യം ചെയ്യാനാവില്ല. ചിലപ്പതിക്കാരത്തിന്റെ ആഴവും പരപ്പും ഉൽകൃഷ്ടതയുമൊന്നും കൂത്തിനില്ല. കൂത്തിന് തികച്ചും ഒരു നടോടി സ്വരൂപമാണുള്ളത്. പാട്ടുകളിലും അതിന്റെ ഈണങ്ങളിലും ചൊല്ലുകളിലുമെല്ലാം ഇത് പ്രകടമാണ്. ദൈവസ്തുതി, ഗുരുസ്തുതി, രാജസ്തുതി എന്നിവ നിർവ്വഹിച്ച് എണ്ണൂറു മല ദൈവങ്ങളേയും സ്തിച്ചു പാടിയതിനുശേഷം കഥയിലേക്കു കടക്കുന്നു. തുടർന്ന് കോവിലന്റെ അച്ഛനമ്മമാരുടെ (വായ്പാത്തംചെട്ടി, വരണമാലി) വിവാഹം സൂചിപ്പിച്ചതിനുശേഷം തുടർന്ന് ആരുടെയൊക്കെ കഥയാണ് പറയാൻ പോകുന്നതെന്ന സൂചന നൽകുന്നു. പിന്നെ കോവിലന്റെ ജനനവുമായി ബന്ധപ്പെട്ട കഥയും കണ്ണകിയുടെ ജനനത്തിനാസ്പദമായ കഥയും കോവിലൻ കണ്ണകി പരിണയവും മാധവി കോവിലൻ സമാഗമവും അവരുടെ വിയോഗവും സ്വന്തം വീട്ടലേക്കുള്ള കോവിലന്റെ മടക്കയാത്രയും, മാധവിക്കു കൊടുത്തുതീർക്കാനുള്ള അഞ്ചുപൊൻകടം കൊടുത്തുതീർക്കാനായി മണിച്ചിലമ്പു വിൽക്കാനുള്ള ശ്രമത്തിനിടയിൽ കള്ളനായി പിടിക്കപ്പെടുന്നതും മരണപ്പെടുന്നതും കണ്ണകിയുടെ പ്രതികാരാഗ്നിയിൽ മധുരപ്പട്ടണം വെന്തുവെണ്ണീറാകുന്നതും ക്രമമായി ചിത്രീകരിക്കുന്നു. അവസാനം മംഗളഗാനത്തോടെ കൂത്തിന് തിരശ്ശീല വീഴുന്നു.

(5)

കൈമാറിക്കിട്ടിയ വിവരങ്ങൾ പൂർണ്ണമാണ് എന്ന് പറയാനാവില്ല. പാട്ടുകളും ചൊല്ലുകളും ഇടക്കിടെ വിട്ടുപോയിട്ടുണ്ടാവാം. ചില പ്രത്യേക സന്ദർഭങ്ങളിൽ നിഴലിക്കുന്ന അവ്യക്തതകൾ അത് സൂചിപ്പിക്കുന്നുണ്ട്. പകർന്നു കിട്ടിയ വിവരങ്ങൾ വച്ച് 85 പാട്ടുകളും 81 ചൊല്ലുകളും ഇടക്കിടെ സംഭാഷണങ്ങളും കൊണ്ടാണ് കൂത്തിന്റെ കഥ പറഞ്ഞു തീർത്തിരിക്കുന്നത്. ഇതിലെ ചൊല്ലുകളുടെ ധർമ്മം പ്രധാനമായും കഥ പറയലാണ്. ഇതുകൂടാതെ സാന്ദർഭികമായി കോമാളി വേഷക്കാരുടെ ഇടപ്പാട്ടുകളും മറ്റു ചില പ്രകടനങ്ങളും കൂത്തിനിടയിൽ അവതരിപ്പിക്കാറുണ്ട്.

(6)

കൂത്തിനിറങ്ങുന്നവർ 7 ദിവസത്തെ വ്രതമനുഷ്ഠിക്കണമെന്നാണ് പ്രമാണം. കൂടാതെ പൂജയും വഴിപാടുകളുമുണ്ട്. പുരുഷന്മാരാണ് മുഖ്യമായും കൂത്തിനിറങ്ങുന്നത്. സ്ത്രീവേഷങ്ങൾ പുരുഷന്മാർ തന്നെ കെട്ടിയാടുന്നു. എന്നാൽ അപൂർവ്വമായി പ്രായമായ സ്ത്രീകളും കൂത്തിൽ പങ്കെടുക്കാറുണ്ടെന്ന് പറയുന്നു. പങ്കാളിത്തം സംബന്ധിച്ച് കൃത്യമായ നിബന്ധനയില്ല. ആൺവേഷം, പെൺവേഷം, കോമാളിവേഷം, മൃഗങ്ങളും (കരടി) പക്ഷികളും (വേഴാമ്പൽ) എന്നിവയാണ് വേഷങ്ങൾ. പച്ചില കൊണ്ടുള്ള വേഷങ്ങളും ഈറ്റ കൊണ്ടുള്ള മുഖംമൂടികളും (പക്ഷികൾക്കും മൃഗങ്ങൾക്കും) കോമാളിക്ക് തുണികൊണ്ടുള്ള മുഖാവരണവും സ്ത്രീകൾക്ക് ചേലയും ബ്ലൗസും വേഷവിധാനങ്ങളായി ഉപയോഗിക്കും. ആഭരണങ്ങളായി കുപ്പിവള, മാല, മൂക്കുത്തി, കുണുക്ക്, കാലിൽ ചിലങ്ക എന്നിവയും ഉപയോഗിക്കും. മേക്കപ്പിന് പൗഡറും സിന്ദൂരവും ചാന്തുമാണ് ഉപയോഗിക്കുന്നത്.

പിന്നണിയിൽ പാട്ടുകാരായും മേളക്കാരായും ഒരു സംഘമുണ്ടാവും. പാട്ടുകളും ചൊല്ലുകളും ഒരാൾ പാടിക്കൊടുക്കുകയും മറ്റുള്ളവർ ഏറ്റുപാടുകയുമാണ് ചെയ്യുന്നത്. പാട്ടിനോടൊപ്പം മത്താളം (കുമ്പിൾ തടി, ഉടുമ്പിൻ തോൽ, ചൂരൽ വള്ളി എന്നിവ കൊണ്ട് നിർമ്മിക്കുന്നത്, മൃദംഗത്തിന്റെ രൂപം), ചരല എന്നീ വാദ്യോപകരണങ്ങൾ ഉപയോഗിക്കും. പാട്ടിനും താളത്തിനുമൊപ്പം ആട്ടക്കാർ ചുവടുവച്ച് നൃത്തം ചെയ്യും.

അവതരണം ആരംഭിക്കുന്നതിനുമുമ്പ് ഒരു തിരശ്ശീല കൊണ്ട് അരങ്ങ് മറച്ചിരിക്കും. രാജാവിനും കാണിക്കും ഇരിക്കുവാനുള്ള ഇരിപ്പിടങ്ങൾ പ്രത്യേകം സജ്ജമാക്കിയിരിക്കും. ഇവ ഈറ്റ കൊണ്ട് നിർമ്മിക്കുന്നവയാണ്.

ഈറ്റപ്പൊളികൾ കൂട്ടിക്കെട്ടിയുണ്ടാക്കുന്ന പന്തങ്ങളാണ് വെളിച്ചത്തിനായി ഉപയോഗിച്ചിരുന്നത്.

സാധാരാണ 7 ദിവസങ്ങൾ കൊണ്ടാണ് കൂത്ത് ആടി തീരുന്നത്. ഓരോ ദിവസവും കൂത്ത് നിർത്തുന്നത് ചില പ്രത്യേക മുഹൂർത്തങ്ങളിലായിരിക്കണമെന്ന് നിബന്ധനയുണ്ട്. അവ താഴെ പറയുന്ന ക്രമത്തിലാണ്.

1. വരണമാല നൽകിയ ഭിക്ഷ കഴിക്കാനായി ശിവനും പാർവതിയും കാവരിയാറ്റിൽ ചെല്ലുന്ന സന്ദർഭം.
2. കോവില–കണ്ണകി വിവാഹപ്പന്തൽ പൂർത്തീകരിക്കുന്ന സന്ദർഭം.
3. ശിശുവായ കണ്ണകിയെ അടക്കം ചെയ്യുന്ന സ്വർണ്ണപ്പെട്ടി സമുദ്രത്തിലൂടെ ഒഴുകിപ്പോകുന്ന സന്ദർഭം.
4. നൃത്തം കണ്ടുകൊണ്ടിരിക്കുന്ന കോവിലന്റെ കഴുത്തിലേക്ക് മാധവി പൂമാല എറിയുന്ന സന്ദർഭം.
5. കോവിലന്റെയും മാധവിയുടേയും ചിതാഭസ്മം കാവരിയാറ്റിൽ എറിയുന്ന സന്ദർഭം.

ഈ അഞ്ചു സന്ദർഭങ്ങൾക്കിടയിലെ കഥയും ഇടവേളപ്പാട്ടുകളും കോമാളിയുടെ പ്രകടനങ്ങളും ഒക്കെക്കൂടിയാവുമ്പോൾ ഏഴു ദിവസം തികയുമെന്നാണ് പറയുന്നത്.

(7)

മിക്കവാറും എല്ലാ പാട്ടുകളുടെയും തുടക്കത്തിലും ഒടുക്കത്തിലും ഇടക്കിടക്കും വായ്ത്താരികൾ ഉപയോഗിക്കുന്നുണ്ട്. കൂത്തുപാട്ടുകൾ പരിശോധിച്ച സംഗീത വിദഗ്ദ്ധർ പറയുന്നത് അത് ആദ്യന്തം 'ഹംസനന്തി' രാഗത്തിലാണ് കിടക്കുന്നത് എന്നാണ്. ഇത് ആരെങ്കിലും ബോധപൂർവ്വം ചിട്ടപ്പെടുത്തിയതായിരിക്കാനിടയില്ല. എന്നാൽ മേൽപ്പറഞ്ഞിരിക്കുന്ന രാഗത്തിന്റെ ആരോഹണാവരോഹണങ്ങൾ പൂർണ്ണമായി കേൾക്കാനില്ലെന്നും ആധാര സ്വരമായ ഷഡ്ജം (സ) വ്യക്തമായി കേൾക്കുന്നുണ്ടെന്നും സൂചിപ്പിക്കുന്നു.

വ്യത്യസ്തങ്ങളായ പതിനൊന്നോളം താളങ്ങളും അതിനനുസരണമായ ചുവടുവയ്പുകളും ഉപയോഗിക്കുന്നുണ്ടെന്നാണ് പറയുന്നത്. എന്നാൽ അവ ഏതെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. പാട്ടുകളുടെ ഈണവും താളവും മേളവും നൃത്തരൂപങ്ങളും സംബന്ധിച്ച് വിശദമായ ഒരു പഠനം ആവശ്യമായി വരുന്നുണ്ട്.

(8)

കൂത്തിലെ വിനോദ സന്ദർഭങ്ങൾ ഒരുക്കുന്നത് കോമാളി വേഷക്കാരാണ്. ഇതിന് കഥയുമായി കാര്യമായ ബന്ധമൊന്നുമില്ല. വിനോദത്തിന്റെ മുഖ്യലക്ഷ്യം ഉറങ്ങുന്നവരെ, പ്രത്യേകിച്ച് സ്ത്രീകളേയും കുട്ടികളേയും ഉണർത്തി കൂത്തിലേക്ക് ആകർഷിക്കലാണ്. അതിനായി

ഓർക്കാപ്പുറത്ത് അലറിവിളിച്ചും അട്ടഹാസം മുഴക്കിയും ചാടിവീഴും. പരിഹാസങ്ങൾ ചൊരിഞ്ഞ് ഇളിഭ്യരാക്കും. അത് കോമാളിയുടെ അവകാശമാണ്. എതിർക്കാൻ ആർക്കും അവകാശമില്ല. കൂത്തു നടക്കുമ്പോൾ സദസ്യരായ സ്ത്രീകളുടെ ഇടയിലേക്ക് ഇപ്രകാരം കടന്നു ചെല്ലുവാൻ സ്വാതന്ത്ര്യമുള്ള ഒരേയൊരാൾ കോമാളിയാണ്.

ഇതുകൂടാതെ കഥയുമായി ബന്ധപ്പെട്ട ചില സന്ദർഭങ്ങളിലും ചില ഫലിതങ്ങൾ പ്രയോഗിക്കുന്നുണ്ട്. വന്നിയ തട്ടാൻ കോവിലന്റെ കയ്യിൽ നിന്നും ചിലമ്പ് കൈക്കലാക്കുവാൻ ശ്രമിക്കുന്ന സന്ദർഭവും രാജാവ് ചിലമ്പ് കോവിലന്റേതാണെന്ന് മനസിലാക്കി കൊടുത്തുവിടാൻ വന്നിയ തട്ടാനോട് പറയുന്ന സന്ദർഭവുമൊക്കെ ഫലിതരസത്തിൽ പൊതിഞ്ഞാണ് അവതരിപ്പിക്കുന്നത്.

(9)

കാലാ ഊട്ടു മഹോത്സവുമായി ബന്ധപ്പെടുത്തിയാണ് കൂത്ത് അരങ്ങേറുന്നതെങ്കിലും ഉഴവുവെട്ടൽ, വിളവെടുപ്പ് എന്നീ വേളകളിലും വിവാഹം, മരണം എന്നീ ചടങ്ങുകളുമായി ബന്ധപ്പെട്ടും അവതരിപ്പിക്കും. കൂടുതൽ വിളവു ലഭിക്കുന്നതിനും വിളവുതന്ന മണ്ണിനെ കൂടുതൽ തൃപ്തിപ്പെടുത്തുന്നതിനും പ്രകൃതിയിൽ നിന്നും മൃഗങ്ങളിൽ നിന്നും കൃഷിയെ കാത്തു സൂക്ഷിക്കുന്നതിനും ഒക്കെ കൂത്ത് അനുഷ്ഠിക്കുന്നതിലൂടെ കഴിയുമെന്ന വിശ്വാസവും അതിന്റെ പിന്നിലുണ്ട്. വിവാഹവുമായി ബന്ധപ്പെട്ടു നടത്തുന്ന കൂത്തിന് ഐശ്വര്യസമ്പൂർണ്ണമായ ജീവിതവും മരണവുമായി ബന്ധപ്പെട്ടു നടത്തുന്ന കൂത്തിന് പരേതന്റെ ആത്മാവിനുള്ള നിത്യശാന്തിയുമൊക്കെ ലക്ഷ്യമിടുന്നുണ്ടാവാം. ഉഴവുവെട്ടുമായി ബന്ധപ്പെട്ടു നടത്തുന്ന കൂത്തിന് 'ഞങ്ങൾ ഒരു കൃഷിക്കൊരുങ്ങുകയാണ്. ഇങ്ങോട്ടെങ്ങും പോന്നേക്കരുത്' എന്ന ഒരു മുന്നറിയിപ്പിന്റേയോ അപേക്ഷയുടേയോ ഒക്കെ ധ്വനിയില്ലന്നാരു കണ്ടു. ശബ്ദത്തിന്റെയും വെളിച്ചത്തിന്റെയും ശത്രുക്കളാണല്ലോ മൃഗങ്ങൾ.

ഒരു ഉത്സവം എന്ന നിലയിൽ ആബാലവൃദ്ധം ജനങ്ങൾക്കും ഒത്തുചേരാനും അതിലൂടെ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശങ്ങൾ കൈമാറാനും കഴിയുന്നു എന്നതാണ് കൂത്തിന്റെ സാമൂഹ്യമായ പ്രസക്തി. രാജാവും പ്രജകളും തമ്മിലുള്ള ബന്ധവും ഇതിലൂടെ സുദൃഢമാക്കുവാൻ കഴിയുന്നു. ഇണകളെ കണ്ടെത്തുന്നതിനും ഇഷ്ടവിവാഹങ്ങൾ നടത്തിക്കൊടുക്കുന്നതിനും ഈ സന്ദർഭ

ങ്ങൾ വിനിയോഗിക്കാറുണ്ട്. പിതൃക്കളെ തൃപ്തിപ്പെടുത്തുന്നതിനും പരമ്പരാഗതമായി പിൻതുടർന്നു പോരുന്ന ആചാരങ്ങളും വിശ്വാസങ്ങളും നിലനിർത്തി സമൂഹത്തെ നന്മയുടെ വഴിയിലൂടെ നയിക്കുന്നതിനും കഴിയുന്നു.

(10)

കൈമാറിക്കിട്ടിയ വിവരങ്ങൾ വച്ച് 85 കൂത്തുപാട്ടുകളാണ് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്. ഈ പാട്ടുകൾ എല്ലാംതന്നെ തനി നാടോടി സ്വഭാവത്തിലുള്ളവയാണ്. ഒരിക്കൽ കേട്ടാൽപോലും മനസിൽനിന്നു മായാതെ നിൽക്കുന്ന മനോഹരമായ ഈണങ്ങളിലാണ് അത് പാടിയിരിക്കുന്നത്. ബിംബ കൽപനകളും അലങ്കാര പ്രയോഗങ്ങളുമെല്ലാം ഈ പാട്ടുകളിൽ ധാരാളമുണ്ട്. നാടോടിപ്പാട്ടുകളിൽ സാധാരണ കണ്ടുവരാറുള്ള ആവർത്തനങ്ങൾ കൂത്തുപാട്ടുകളിലും പ്രകടമായി കാണുന്നു. മനോഹരമായ ഈണങ്ങളിൽ പാടിയിട്ടുള്ള ചില പാട്ടുകൾ ചുവടെ ചേർക്കുന്നു.

ഒന്ന്:

നല്ല പൊന്നു മുല്ലൂരാനാണ്ടവാ
ഉങ്കളോടെ പൊൻപാദം പാടുതേ
നല്ല പൊന്നും തെക്കു ശബരിമല അയ്യപ്പാ
ഉങ്കളോടെ പൊൻപാദം പാടുതേ
നല്ല പൊന്നും കാഞ്ഞ്യാത്തു മുത്തിയേ
ഉങ്കളോടെ പൊൻപാദം പാടുതേ (ദൈവസ്തുതി)

രണ്ട്:

നല്ല പരമുചിവൻ പാർവാതീയും
നല്ല കാവിവേട്ടി മേലണിഞ്ച്
നല്ല പരമുചിവൻ പാർവാതീയും
നല്ല ചോളുകപ്പയ്യ തോളൂപോട്ട്
നല്ല പരമുചിവൻ പാർവാതീയും
നല്ല ചൂരാം കുടുക്ക കയ്യിലെടുത്ത്.
(വരണമാലയോട് ഭിക്ഷ ചോദിക്കാൻ പോകുന്ന രംഗം)

മൂന്ന്:
ഏകുട്ടീ ഏകളുതേ ഏമുത്തു
എന്നന്നാ വേണുമാടി
മൂക്കുക്കു മിഞ്ചികൾ പണുതുതാരാം
മൂക്കിലെ പോട്ടുക്കിറേൻ

ഏകുട്ടി ഏകളുതേ ഏമുത്തു
എന്നെന്നാ വേണുമാടീ
കാതുക്കു ലോലകൾ പണുതുതാരാം
കാതിലെ പോട്ടുക്കിറേൻ
(കോവിലനും കന്നകയും തമ്മിലുള്ള നർമ്മസല്ലാപം)

നാല്:
നല്ല പിത്തുമേലെ മകനെ ഏറവേണ്ട
നല്ല പിത്തുനാകം കണ്ടാൽ തീന്തിടുമേ
നല്ല കല്ലുമേലെ മകനെ ഏറവേണ്ട
നല്ല കല്ലുരുണ്ടുപോലെ മോചം പോലെ
(കോവിലനെ ഓമനിക്കുന്ന രംഗം)

അഞ്ച്:
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല ചമുത്തിര വളിയെ പോകൂറാളെ
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല തകതകയെൻട്രു പോകുറാള
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല ഉലാവിക്കിൻട്രു പോകുറാള
(ശിശുവായ കണ്ണകിയെ അടക്കം ചെയ്ത പെട്ടി സമുദ്രത്തിൽക്കൂടി ഒഴുകി പോകുന്ന രംഗം)

ആറ്:
നല്ല ചന്ദന മാമരം അല്ലിലാലോ

നല്ല ചാമി പിറന്തയിടം അല്ലിലാലോ
നല്ല ഏലത്തലയളക് അല്ലിലാലോ
അല്ലിലാലോ അല്ലിലാലോ
നല്ല രക്തമുള്ള താംബൂലം അല്ലിലാലോ
നല്ല കുങ്കുമ മാമരമേ അല്ലിലാലോ
(കണ്ണകി കോവിലന്റെ പട്ടട തേടി പോകുന്ന രംഗം)

(11)

ആധുനിക സംസ്കാരത്തിന്റെ കടന്നു കയറ്റം ആദിവാസി ജീവിതമാകെ മാറ്റിമറിച്ചിരിക്കുന്നു. തനതായ ആചാരങ്ങളും വിശ്വാസങ്ങളും ക്രമേണ നഷ്ടപ്പെടുന്നു. പുതുമയുടെ പുത്തൻ സാഹചര്യങ്ങൾ പൂർണ്ണമായി കരഗതമാവുന്നുമില്ല. രണ്ടിനുമിടയിൽ അതിസങ്കീർണ്ണമായ ഒരു ജീവിതാവസ്ഥയാണ് ഇന്ന് ആദിവാസികളെ ചൂഴ്ന്നു നിൽക്കുന്ന ജീവിത സാഹചര്യം.

ആചാരങ്ങളും വിശ്വാസങ്ങളും ഭാഷയും സംസ്കാരവും മാത്രമല്ല ധനവും മാനവുംപോലും അപഹരിക്കപ്പെടുന്ന ഒരു സാഹചര്യത്തിൽ പ്രോത്സാഹനം തീരെയില്ലാത്ത, യാതൊരു പരിരക്ഷയുമില്ലാത്ത ഒരു കലാരൂപത്തിന് സ്വയമെങ്ങനെ പിടിച്ചുനിൽക്കാനാവും? മറ്റു പലതുമെന്നതുപോലെ സ്വാഭാവികമായി കൂത്തും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. കേവലം അക്കാദമിക് താൽപര്യമൊഴിച്ചാൽ ഇതിനോട് എന്തെങ്കിലും താൽപര്യം ആർക്കെങ്കിലുമുണ്ട് എന്ന് പറയാനാവില്ല. ആചാരനിഷ്ഠമായ ഒരു കാലരൂപമെന്ന നിലയിൽ ഇതിനെ നിലനിർത്താനുള്ള ശ്രമവും എങ്ങുനിന്നും ഉണ്ടാകുന്നില്ല.

നാടൻ കലകളുടേയും മറ്റ് അനുഷ്ഠാന കലാരൂപങ്ങളുടേയും രംഗത്ത് ഒട്ടേറെ ഗവേഷണങ്ങളും പഠനങ്ങളും അവതരണങ്ങളുമൊക്കെ നടക്കുന്ന ഒരു കാലമാണിത്. വ്യക്തികളും സംഘടനകളും സർക്കാരുമൊക്കെ ഈ രംഗത്ത് ശ്രദ്ധകേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുമുണ്ട്. ഇതിന്റെയൊക്കെ ഫലമായി മൺമറഞ്ഞു പോയേക്കുമായിരുന്ന പലതിനേയും നിലനിർത്താനും വേണ്ട പരിരക്ഷ നൽകി പ്രോത്സാഹിപ്പിക്കാനും വരുംതലമുറക്ക് കൈമാറാനുതകുംവിധം പാകപ്പെടുത്തിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു

പരിഗണനയും ലഭിക്കാത്ത ഒരു കാലരൂപമാണ് കൂത്ത്.

സർക്കാർ മഹോത്സവങ്ങളിലും പരേഡുകളിലുമൊക്കെ കെട്ടി എഴുന്നള്ളിക്കുന്നു എന്നതൊഴിച്ചാൽ മറ്റ് യാതൊരുവിധ പരിരക്ഷയും ഈ കാലരൂപത്തിനു ലഭിച്ചിട്ടില്ല. കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് കഴിഞ്ഞവർഷം ഒരാഴ്ചക്കാലം നടത്തിയ ഒരു ശിൽപശാലമാത്രമേ എടുത്തുപറയത്തക്കതായിട്ടുള്ളു.

കൂത്ത് അതിന്റെ തനി സ്വരൂപത്തിൽ ഇന്ന് എവിടെയും നിലനിൽക്കുന്നില്ല. അങ്ങനെയൊരു കാലം ഉണ്ടായിരുന്നോ എന്നുപോലും പറയാനാവില്ല. സമഗ്രരൂപത്തിൽ അത് നിലനിന്നിരുന്ന കാലമോ സ്ഥലമോ ഒന്നും തിട്ടപ്പെടുത്തിയിട്ടുമില്ല. തികച്ചും നിരക്ഷരരായ ഒരു തലമുറയിൽ നിന്ന് ഇത്തരം വിവരങ്ങൾ ശേഖരിച്ചെടുക്കുക എളുപ്പമല്ല. ശ്രമകരമായ ഒരു അന്വേഷണത്തിലൂടെ മാത്രമേ അത് സാദ്ധ്യമാവൂ.

കാലങ്ങളായി ഏതെങ്കിലും തലത്തിൽ യാതൊരുവിധ പരിഷ്കരണങ്ങൾക്കും ഈ കലാരൂപം വിധേയമായിട്ടില്ല എന്നതാണ് മറ്റൊരു വസ്തുത. കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട് ഒലിച്ചുപോകാതിരിക്കാൻ ഒരു നിയോഗംപോലെ അടിപതറാതെ പിടിച്ചു നിൽക്കുകയും തങ്ങളാലാവുന്ന പരിരക്ഷ നൽകി നിലനിർത്തുന്നതിൽ നിതാന്തജാഗ്രത കാണിക്കുകയും ചെയ്ത ഗുരുക്കന്മാരോ ആശാന്മാരോ ചികഞ്ഞുനോക്കിയാൽ മിക്കവാറും എല്ലാ കലാരൂപങ്ങൾക്കു പിന്നിലും നമുക്ക് കണ്ടെത്താനാവും. എന്നാൽ കൂത്തിന്റെ കാര്യത്തിൽ ഇത്തരം പരിശ്രമങ്ങൾ നടത്തിയിരുന്ന വ്യക്തികൾ ആരെങ്കിലും ഉണ്ടായിരുന്നോ എന്ന ചോദ്യത്തിന് ഉത്തരം ലഭിച്ചിട്ടില്ല. തലമുറകൾ മായുന്നതിനനുസരിച്ച് ക്രമേണ കൂത്തും മാഞ്ഞു തീരുകയാണ്.

പുതിയ തലമുറയെ സംബന്ധിച്ചിടത്തോളം കൂത്തിനോട് യാതൊരുവിധ ആഭിമുഖ്യവും പ്രകടിപ്പിക്കുന്നില്ല. മൂന്നാംകിട സിനിമകളിലെ അടിപൊളിപ്പാട്ടുകളും സംഘനൃത്തങ്ങളുമൊക്കെ അരങ്ങുതർക്കുന്ന ഇളം മനസുകളിൽ പ്രാകൃത കലാരൂപമായ കൂത്തിന് എന്തു സ്ഥാനം?

നിലവിലുള്ള കൂത്തിന്റെ അവതരണം ആകർഷകമല്ല. തികച്ചും പ്രാകൃതവും അരോചകവുമാണത്. ക്രമേണ അതങ്ങനെ

ആയിത്തീർന്നതാണ്. ആടയാഭരണങ്ങൾക്ക് കൃത്യതയില്ല. വേഷങ്ങൾക്ക് തനിമയില്ല. ചുവടുകൾ പിഴവു പറ്റാതെ നോക്കുന്നില്ല. താളമേളങ്ങൾ ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്നില്ല. ചമയത്തിന്റെ ഭാഗമായി സിന്ദൂരവും ചാന്തും കൺമഷിയും പൗഡറുമൊക്കെ ഉപയോഗിക്കുന്നുണ്ടെങ്കിലും ധർമ്മമെന്താണെന്ന് തിരിച്ചറിയാതെയാണത് ചെയ്യുന്നത്. കഥാപാത്രങ്ങളെ വേർതിരിച്ചറിയാവുന്ന അവതരണ രീതിയില്ല. പാട്ടുകളും ചൊല്ലുകളും അതിന്റെ ഉദ്ദേശശുദ്ധിക്കനുസരിച്ച് പ്രേക്ഷകനിലേക്ക് വിന്യസിക്കപ്പെടുന്നില്ല.

കൂത്തിൽ ക്രമമായി പറഞ്ഞുപോകുന്ന ഒരു കഥയുണ്ട്. അർത്ഥസമ്പുഷ്ടവും ഇമ്പമേറിയതുമായ ഒട്ടേറെ പാട്ടുകളുണ്ട്. കാര്യമാത്ര പ്രസക്തവും ഉദ്വേഗജനകവുമായി നിരവധി ചൊല്ലുകളുണ്ട്. നാടകീയത നിറഞ്ഞു നിൽക്കുന്ന സംഭാഷണങ്ങളുണ്ട്. ചിരിപ്പിക്കുന്ന, ചിന്തിപ്പിക്കുന്ന കോമാളി വേഷങ്ങളുണ്ട്. പക്ഷികളുടേയും മൃഗങ്ങളുടേയും വേഷമണിഞ്ഞ നൃത്തക്കാരുണ്ട്. താളവും മേളവും നൃത്തരൂപങ്ങളുമുണ്ട്.

ഇതെല്ലാമുണ്ടായിട്ടും ഒരു കലാരൂപത്തിന്റെ അവതരണം വിരസമാകുന്നുവെങ്കിൽ തീർച്ചയായും ആ അവതരണത്തിൽ എന്തോ പന്തികേടുണ്ടെന്ന് തന്നെയാണർത്ഥം.

ആടയാഭരണങ്ങൾക്ക് കൃത്യതയും തനിമയും നൽകി, താളവും മേളവും നൃത്തവും ശാസ്ത്രീയമായി ചിട്ടപ്പെടുത്തി കഥാപാത്രങ്ങൾക്ക് കൂടുതൽ വ്യക്തതയും മിഴിവും നൽകി, പാട്ടുകളും ചൊല്ലുകളും അതിന്റെ ഉദ്ദേശ്യശുദ്ധിക്കനുസരിച്ച് വിന്യസിക്കപ്പെടുന്ന അവതരണ രീതി സായത്തമാക്കി ഈ കലാരൂപത്തിന്റെ രൂപത്തിലും ഭാവത്തിലും കലോചിതമായ മാറ്റങ്ങൾ വരുത്തുകയാണെങ്കിൽ തീർച്ചയായും കലാകേരളത്തിന് ഇതൊരു മുതൽക്കൂട്ടാവും എന്ന കാര്യത്തിൽ സംശയമില്ല.

ശ്രമകരമായ ഈ ഔത്യം ഏറ്റെടുക്കുവാൻ വരുംനാളുകളിൽ കലയെ സ്നേഹിക്കുന്ന ആരെങ്കിലുമൊക്കെ മുന്നോട്ടു വരും എന്ന പ്രതീക്ഷയോടെ,

കാഞ്ചിയാർ രാജൻ

## കഥ - കൂത്തിലും ചിലപ്പതികാരത്തിലും

ആദിവാസി വിഭാഗങ്ങളുടെ ഇടയിൽ സാംസ്കാരിത്ത നിമകൊണ്ട് തികച്ചും വേറിട്ടു നിൽക്കുന്ന മന്നാൻ സമുദായത്തിന്റെ അനുഷ്ഠാനപരമായ ഒരു കലാവിശേഷമാണ് കൂത്ത്. മുത്തമിഴ് കാവ്യ മായ ചിലപ്പതികാര കഥയ്ക്ക് ആസ്പദമായ കണ്ണകി - കോവില ചരിതം തന്നെയാണ് കൂത്തിന്റെയും ഇതിവൃത്തം. എന്നാൽ കഥയി ലുള്ള ഈ മൂലബന്ധമൊഴിച്ചാൽ ആദിവാസി കൂത്തിന്റെ കഥയുടെ ഘടനയും, കഥാപാത്രങ്ങളും പാട്ടുകളും ചൊല്ലുകളും അവതരണ രീതിയും കഥ നടക്കുന്ന പശ്ചാത്തലങ്ങളുമെല്ലാം തികച്ചും വ്യത്യസ്ത മാണ്. ഈ വ്യത്യസ്തതകൾ സുദീർഘമായ ഒരു പഠനത്തിന് വിധേ യമാക്കാനുതകുന്നവിധം വിപുലവുമാണ്. എന്നാൽ ഈ ലേഖനത്തിൽ അതുദ്ദേശിക്കുന്നില്ല. കൂത്തിന്റെയും ചിലപ്പതികാര കഥയുടേയും ഒരു സംഗ്രഹം നൽകുക മാത്രമാണ് ലക്ഷ്യം. കൂത്തുപാട്ടുകളുടെ വായന അനായാസമാക്കിത്തീർക്കുകയും രണ്ടു കഥകളും തമ്മിലുള്ള പ്രകട മായ വ്യത്യാസം വായനക്കാർക്ക് തിരിച്ചറിയുവാൻ സഹായിക്കുകയും ചെയ്യുക എന്നത് മാത്രമാണ് അതിന്റെ പിന്നിലുള്ള ഉദ്ദേശ്യം.

**കൂത്തിലെ കഥ**

കാവരിപ്പൂം പട്ടണത്തിലെ ധനിക വണിക്കായ വായ്പാത്തംചെട്ടിക്കും ഭാര്യ വരണമാലക്കും നാളേറെ കഴിഞ്ഞിട്ടും സന്താന ഭാഗ്യമുണ്ടായില്ല. വന്ധ്യയായ വരണമാല കഠിന തപസു ചെയ്ത് ശിവനെ പ്രസാദിപ്പിച്ച്, ശിവൻ നൽകുന്ന നാരങ്ങ വിഴുങ്ങി ഗർഭിണിയാവുന്നു. അങ്ങനെ അവൾക്കുണ്ടാവുന്ന കുട്ടിയാണ് 'ചിന്ത മുള്ള തുലങ്കിയ കോവിലവപ്പെരുമാൾ'. ജനിച്ചപ്പോഴേ കുട്ടി കോടി സൂര്യനു തുല്യം ശോഭയുള്ളവനായിരുന്നു.

വന്ധ്യയായ വരണമാലക്ക് കുഞ്ഞുപിറന്നത് അവൾ ഏതോ ഒരു ദോഷം (മുമ്പ് ശിവപാർവതിമാർക്ക് മണ്ണും കല്ലും കരടും ഭിക്ഷ നൽകി അവൾ ശിവന്റെ ശാപം വാങ്ങിയിരുന്നു) ചെയ്തിട്ടാണെന്ന റിഞ്ഞ പാണ്ഡ്യരാജാവ് ഏഴുകന്നാന്മാരുടെ തലവെട്ടി ശിവപ്രീതി നേടാൻ നിശ്ചയിക്കുകയും തന്റെ കാവൽക്കാരെ അതിനായി നിയോ ഗിക്കുകയും ചെയ്തു. (കന്നാൻമാരുടെ തന്നെ തലവെട്ടാൻ നിശ്ചയി ച്ചത് എന്തിനെന്ന് വ്യക്തമല്ല. വായ്മൊഴി പകർച്ചക്കിടയിൽ കുറെ കഥാംശം നഷ്ടപ്പെട്ടതായിരിക്കാം. കഥയുടെ പലഭാഗങ്ങളിലും

അവ്യക്തതകൾ കാണുന്നുണ്ട്.)

ഭയചകിതരായി ഭദ്രകാളീക്ഷേത്രത്തിൽ അഭയം പ്രാപിച്ച കന്നാന്മാരെ തന്റെ മുന്നിൽവച്ച് കുരുതി കഴിച്ചതിൽ കുപിതയായ ഭദ്രകാളി പാണ്ടിയ രാജാവിന്റെ ഭാര്യ കോവിലിങ്കിലൂടെ വയറ്റിൽ പിറന്ന് രാജാവിന്റെ കുടലുകുത്തി മാല ധരിച്ചില്ലെങ്കിൽ താൻ വടഭദ്രകാളിയല്ലെന്ന് ശപഥം ചെയ്യുന്നു. കോവിലിങ്കി ഗർഭം ധരിച്ച് കാലിൽ മണിച്ചിലമ്പോടും കഴുത്തിൽ പൂമാലയോടും കൂടിയ ഒരു പെൺകുഞ്ഞിന് ജന്മം നൽകുന്നു.

പാണ്ഡ്യരാജാവ് കണിയാന്മാരെ വരുത്തി കുഞ്ഞിന്റെ ജാതകമാരാഞ്ഞപ്പോൾ ഇവൾ "വായ്‌വിട്ടളുതാൽ വടമരുത വെന്തുവിടും. തേമ്പിയളുതാൽ തെന്മതുരമെന്തുവിടു" മെന്ന് അവർ പ്രവചിക്കുന്നു. കണിയാന്മാരുടെ നിർദ്ദേശപ്രകാരം രാജാവ് 'മധുരയെ കാക്കാത്ത ആ കുഞ്ഞിനെ സ്വർണ്ണപ്പെട്ടിയിലാക്കി വരണ്ട വൈഗയാറ്റിൽ കുഴിച്ചിടുന്നു. തോരാത്ത മഴയിൽ ആറ്റിൽ വെള്ളമുയർന്ന് പെട്ടിയെ ഒഴുക്കി സമുദ്രത്തിലെത്തിക്കുകയും കടലിലൂടെ സഞ്ചരിച്ചിരുന്ന വായ്‌പാത്ത ചെട്ടി ഈ പെട്ടിയെടുത്ത് തന്റെ ഭവനത്തിലേക്കു കൊണ്ടുപോവുകയും ചെയ്തു. പെട്ടി തുറന്നപ്പോൾ കുഞ്ഞിനെ കാണുകയും അതിനെ കോവലവപ്പെരുമാൾക്കൊപ്പം വളർത്തുകയും ചെയ്യുന്നു. അവൾക്ക് കന്നകിയെന്ന് പേരുമിട്ടു.

വായ്‌പാത്താംചെട്ടി കന്നകി കോവല വിവാഹം സമംഗളം നടത്തി. എന്നാൽ കല്യാണപ്പന്തലിലെ പൂമാല വാടുംമുമ്പ് കോവലപ്പെരുമാൾ 'മാതകിയുടെ' കൂത്തുകാണാൻ മധുരപ്പട്ടണത്തിലേക്കു പുറപ്പെട്ടു. ധനാഢ്യനായ അയാളെ മാതകി തന്റെ മാലയെറിഞ്ഞു വശത്താക്കി. ക്രമേണ തന്റെ കാമുകന്റെ സ്വത്തുക്കളെല്ലാം - അടിവസ്ത്രം പോലും - തട്ടിയെടുത്ത് കടക്കാരനാക്കി ക്രൂരമായി പീഢിപ്പിച്ച് പടിക്കു പുറത്ത് തള്ളുന്നു.

സർവ്വതും നഷ്ടപ്പെട്ട കോവലപ്പെരുമാൾ മാതകിയുടെ വാഴത്തോട്ടത്തിൽ നിന്ന് "വാഴനാലരന്നാണം കെട്ടി. വാഴനാലെ കോമണമുടുത്ത്" കന്നകിയുടെ അടുത്തേക്ക് യാത്രയായി.

വിവസ്ത്രനായി തോട്ടത്തിലെ അത്തിമരമുകളിലിരിക്കുന്ന യജമാനനെ തോഴികൾ കണ്ടെത്തി അയാളുടെ ആവശ്യപ്രകാരം തോഴികൾ അയാളുടെ വസ്ത്രങ്ങളെത്തിച്ചുകൊടുത്തു. വസ്ത്രം ധരിച്ച് മരത്തിൽ നിന്നിറങ്ങി കന്നകയുടെ അടുത്തെത്തിയ കോവലപ്പെരുമാൾ തനിക്ക് വിശപ്പിന് വല്ലതും തന്നാൽ കാര്യങ്ങളെല്ലാം പറയാമെന്നാ

യി.

കണവൻ പോയശേഷം "ചുട്ടചട്ടി തൊടാത്ത, കൈയ്ച്ചാതം വച്ചുണ്ണാത്ത" ആ പതിവ്രത മധുരമീനാക്ഷിയുടെ കൃപാകടാക്ഷത്താൽ പെട്ടെന്നുതന്നെ വിഭവസമൃദ്ധമായ സദ്യയൊരുക്കി. ചോറുരുള ഉരുട്ടി വായിലേക്കിടാതെ മുകളിലേക്കു നോക്കിയിരുന്ന ഭർത്താവിനോട് അവൾ കാരണം തിരക്കി. അയാൾ താൻ മാതകിക്കു കൊടുക്കുവാനുള്ള അഞ്ചു പൊൻകടത്തിന്റെ കാര്യം പറഞ്ഞു. കടംവീട്ടാതെ താൻ ഇനി ആഹാരം കഴിക്കില്ലെന്ന് ശപഥം ചെയ്തു.

"കയ്യിൽ കാശില്ല കടം കൊടുപ്പാരാരുമില്ലെ" യെന്ന് പറഞ്ഞ കന്നകിയുടെ മണിച്ചിലമ്പ് അയാൾ ആവശ്യപ്പെടുന്നു. ചിലമ്പ് വിറ്റ് മാതകിയുടെ കടംവീട്ടുന്നതിനായി അവരൊരുമിച്ച് മധുരപ്പട്ടണത്തിലേക്ക് യാത്രയായി.

പല തടസ്സങ്ങളും തരണം ചെയ്ത് മുന്നോട്ടു നീങ്ങിയ അവർ വഴിയിൽ മോരു വിൽക്കുന്ന ചിറ്റടിച്ചിയെ കണ്ടു. ചിറ്റടിച്ചിയുടെ അപേക്ഷപ്രകാരം അന്നവർ അവളുടെ കുടിലിൽ തങ്ങി. കന്നകിയെ ചിറ്റടിച്ചിയുടെ വീട്ടിൽ നിർത്തി പിറ്റേദിവസം രാവിലെതന്നെ ചിലമ്പ് വിൽക്കാനായി കോവലവപ്പെരുമാൾ മധുരപ്പട്ടണത്തിലേയ്ക്ക് തിരിച്ചു. അയാൾ വീട്ടിൽ നിന്നിറങ്ങിയപ്പോഴെ പല ദുഃശ്ശകുനങ്ങളും കണ്ടു. അതൊന്നും വകവക്കാതെ മുന്നോട്ടുനീങ്ങിയ അയാളെ പട്ടണത്തിലെ പറച്ചിയുടംപേതയമ്മാളും ചിത്തിരക്കുറത്തിയും തടസ്സപ്പെടുത്തി തെന്മതുരക്ക് പോകരുതെന്നവർ വിലക്കി. ഇവരുടെയെല്ലാം വാക്കുകളെ ധിക്കരിച്ച് ചിലമ്പു വിൽക്കാൻ പോയ കോവലവപ്പെരുമാളെ "ചോമലിങ്കവും ചുന്തരലിങ്കവും ചേർന്ന് ഒരു തട്ടാനടുത്തേയ്ക്ക് നയിക്കുന്നു.

തന്ത്രപൂർവ്വം അയാളെ തന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയ തട്ടാൻ അയാളുടെ കയ്യിലിരിക്കുന്ന ചിലമ്പുകണ്ട് അത് പാണ്ഡ്യരാജാവിന്റെ റാണിയുടേതാണന്നുറപ്പിക്കുകയും കോവലനെ രാജാവിന്റെ മുന്നിൽ ഹാജരാക്കുകയും ചെയ്യുന്നു.

ചിലമ്പുകണ്ട പാണ്ഡ്യരാജാവ് അത് കോവലന്റേതുതന്നെയാണെന്നും അയാൾക്കുതന്നെ തിരികെ കൊടുക്കുവാനും തട്ടാനോടാവശ്യപ്പെട്ടു. എന്നാൽ തട്ടാൻ അതിനു വഴങ്ങാതെ ചിലമ്പ് കോവലന്റെതെങ്കിൽ അയാൾ കള്ളനല്ലെന്ന് തെളിയിക്കണമെന്ന് ശഠിക്കുന്നു. രാജാവ് ഇതിന് സമ്മതിക്കുന്നു. എന്നാൽ നടത്തിയ പരീക്ഷണങ്ങളിലെല്ലാം കന്നകീപതി കുറ്റക്കാരനല്ലെന്ന് തെളിഞ്ഞു. ഒടുവിൽ മദയാനയുടെ മുമ്പിൽവച്ച് സത്യം തെളിയിക്കണമെന്നായി തട്ടാൻ. അതി

നായി ഒരു കുഴി തീർത്ത് ചുറ്റിനും വാഴനട്ട് കോവലവപ്പെരുമാളെ കുഴിയിൽ നിർത്തി അവിടേക്ക് മദയാനയെ ഇളക്കി വിട്ടു. ആന കോവലനെ ഉപദ്രവിക്കുന്നില്ല. പകരം വാഴ തകർത്ത് കോവലനെ തന്റെ തുമ്പികൈയ്യിലുയർത്തി മസ്തകത്തിൽ ഇരുത്തി രാജവീഥിയിലൂടെ പ്രദക്ഷിണം ചെയ്തു.

ആരോ ആനപ്പുറത്തിരുന്ന് രാജവീഥിയിലൂടെ എഴുന്നള്ളുന്നതു കണ്ട രാജാവ് അതിഷ്ടപ്പെടാതെ അയാളെ വധിക്കുവാൻ കാവൽക്കാരെ അയക്കുന്നു. കാവൽക്കാർ അയാളെ പിടിച്ചിറക്കി വധിക്കുവാൻ നടത്തിയ ശ്രമങ്ങളൊന്നും ഫലിക്കുന്നില്ല. ഒടുവിൽ ശിവനെ ധ്യാനിച്ച് തലപിളർന്ന് സ്വയം കോവലവൻ മരിക്കുന്നു.

ഈ വാർത്ത കേട്ട കന്നകി ഒരുവിധത്തിൽ പതി മൃതിപ്പെട്ടു കിടക്കുന്ന സ്ഥലത്തെത്തി. അവൾ പിളർന്ന തല പൊൻനൂലുകൊണ്ട് തയ്ച്ച് ചൂരലുകൊണ്ട് പെരുവിരലിലടിച്ച് അയാളെ ജീവിപ്പിക്കുന്നു. “മാതകൈ വന്തതുമേയാനാൽ ഏൻ മടിമേൽ വരവേണം കന്നഹൈ വന്തതു മേയാനാൽ കാൽ വളിനിക്കവേണ” മെന്ന കോവലവന്റെ വാക്കുകൾ കേട്ട കന്നകി അയാൾക്ക് മാതകിയിലുള്ള ആശ ഇതുവരെ തീർന്നിട്ടില്ലെന്ന് മനസ്സിലാക്കി തലതയ്ച്ച പൊൻനൂൽ ഊരിവിടുന്നു. ഉടനെതന്നെ ഒരു കുറിപ്പെഴുതി മാധവിക്ക് ഒരു കാകൻ വശം കൊടുത്തുവിടുന്നു. സന്ദേശം വായിച്ച മാതകി അവിടെ ഓടിയെത്തി. രണ്ടു പേരുംകൂടി ഒരു ചിതയുണ്ടാക്കി മൃതദേഹം അതിന്മേലെടുത്തുവച്ചു. മാതകി ചിതയുടെ കാൽക്കലും കന്നക തലയ്ക്കലും നിന്നു. എന്നാൽ ചിതയ്ക്ക് തീ കത്തിയില്ല. പിന്നെ മാതകി തലയ്ക്കലും കന്നകി കാൽക്കലും നിന്നപ്പോൾ തീ ആളിക്കത്തി. ആ ചിതയിൽ മാതകിയും സ്വയം വെന്തെരിയുന്നു.

കന്നകി രണ്ടുപേരുടെയും ചിതാഭസ്മമെടുത്ത് കാവരിയാറ്റിൽ വിതറി. പെട്ടെന്ന് രണ്ടു താമരപ്പൂക്കൾ വിരിഞ്ഞ് തുള്ളിക്കളിച്ച് നീങ്ങുന്നത് അവൾ നോക്കി നിന്നു.

കന്നകി കുളിച്ച് പുതുവസ്ത്രങ്ങളണിഞ്ഞ് പാണ്ഡ്യന്റെ അരമനയിലേയ്ക്ക് ചെന്ന് അയാളുമായി വാഗ്വാദത്തിലേർപ്പെടുകയും അയാളുടെ രാജത്വത്തെ ചോദ്യം ചെയ്യുകയും ചെയ്തു. അവൾ രാജാവിനോട് തന്റെ ചിലമ്പ് ആവശ്യപ്പെടുന്നു. അയാളത് നൽകുന്നില്ല. കന്നകി ഗരുഡനെ വിളിച്ച് കോവിലിങ്കിയുടെ ചിലമ്പ് കൊണ്ടുവരാനാവശ്യപ്പെടുന്നു. ഗരുഡൻ അത് കൊണ്ടുവന്നു. അവൾ മധുരമീനാക്ഷിയെ നിനച്ച് തന്റെ ചിലമ്പും പ്രത്യക്ഷപ്പെടുത്തുന്നു.

തുടർന്ന് ക്രുദ്ധയായ കന്നകി ശൂലം കൊണ്ട് തട്ടാനെയും അനുചരന്മാരെയും കൊല്ലുന്നു. പിന്നെ ശൂലം കുത്തിയിറക്കി പാണ്ഡ്യ രാജന്റെ വയറുപിളർന്ന് കുടൽമാലയെടുത്ത് കഴുത്തിലണിഞ്ഞ് ആകാശത്തിലേയ്ക്കുയർന്ന കന്നകി തന്റെ വലതുമുല പറിച്ചെറിയുകയും മുലയിൽ നിന്ന് പാൽവീണ ഇടമാകെ തീപിടിക്കുകയും തീ പടർന്ന് മധുരാപുരിയാകെ കത്തി ചാമ്പലാകുകയും ചെയ്യുന്നതോടെ കഥ അവസാനിക്കുന്നു.

### ചിലലപ്പതികാരത്തിലെ കഥ

പുകാർ നഗരത്തിലെ ധനിക വണികനായ മാനായ്ക്കന്റെ പുത്രിയാണ് സുന്ദരിയും സുശീലയുമായ കണ്ണകി. ആ നാട്ടിൽത്തന്നെയുള്ള മറ്റൊരു ധനിക കച്ചവടക്കാരനായമാസാത്തുവന്റെ ഏകമകനാണ് കോവലൻ. പന്ത്രണ്ടുവയസ്സുള്ള കണ്ണകിയും പതിനാറു വയസ്സായവനും മുരുകപ്പോലെ അഴകുള്ളവനുമായ കോവലനും രക്ഷിതാക്കളുടെ ആശീർവ്വാദത്തോടെ വിവാഹിതരായി.

വിവാഹശേഷം പരസ്പരപ്രേമത്താലാകൃഷ്ടരായി ആ ദമ്പതികൾ ബ്രാഹ്മണർക്കും വിശിഷ്ടാതിഥികൾക്കും പൂജാ സൽക്കാരങ്ങൾ ചെയ്തുകൊണ്ട് ഏറെനാൾ ദാമ്പത്യസുഖമാസ്വദിച്ച് ജീവിച്ചു.

സുപ്രസിദ്ധ ഗണികയായ ചിത്രാവതിയുടെ മകളാണ് മാധവി. അഭൗമമായ സൗന്ദര്യംകൊണ്ടും അതുല്യമായ നൃത്തസംഗീത നൈപുണ്യംകൊണ്ടും പ്രശസ്തയായ അവളെ ചോഴമന്നൻ "തലക്കോൽ" പട്ടവും ആയിരത്തെട്ടുകഴഞ്ചു പൊന്നും പച്ചക്കൽമാലയും നൽകി ബഹുമാനിച്ചു.

ചിത്രാവതി ഈ മാല ഒരു കൂനിയുടെ കയ്യിൽ കൊടുത്ത് "ആയിരത്തെട്ടു കഴഞ്ച് പൊന്നുനൽകി മാല വാങ്ങുന്നവന് മാധവി സ്വന്തമായിത്തീരും എന്ന് വിളംബരം ചെയ്യിച്ചു. ഈ വിളംബരം കേട്ട കോവലൻ ആയിരത്തെട്ടുകഴഞ്ച് പൊന്നുനൽകി മാധവിയെ സ്വന്തമാക്കി. അന്നുമുതൽ മാധവിയുടെ സൗന്ദര്യത്തിൽ മയങ്ങിയ കോവലൻ കണ്ണകിയെ മറന്ന് മാധവിയോടൊപ്പം താമസമാക്കി. മാധവി ഗണികയാണെങ്കിലും കുലപത്നിയെപ്പോലെ കോവലനൊപ്പം ജീവിച്ചു. ഏഴകളിൽ കരുണയുള്ളവനും ദാനപ്രിയനുമായ കോവലൻ തന്റെ സമ്പത്തുമുഴുവൻ ധർമ്മ സ്ഥാപനങ്ങൾക്കും മാധവിക്കും മകൾ മണിമേഖലക്കുമായി വാരിക്കോരി ചിലവഴിച്ചു. മാധവീമോഹത്താൽ വ്യാപാരത്തിൽ ശ്രദ്ധിക്കായ്കയാലും ദുർവ്യയത്താലും കോവലന്റെ സ്വത്തുമുഴുവൻ നഷ്ടപ്പെട്ടു.

വിരഹത്തിന്റെ കൊടുന്തീയിൽ നീറിയ കണ്ണകി ആഭരണങ്ങളും അലങ്കാരങ്ങളും ഉപേക്ഷിച്ചു. വർഷങ്ങൾ പലതുകടന്നുപോയി.

നഗരത്തിലെ ഇന്ദ്രോത്സവത്തിന് മാധവി പൊതുവേദിയിൽ നൃത്തമാടിയത് കോവലനിഷ്ടപ്പെട്ടില്ല. തുടർന്നുണ്ടായ പ്രണയകലഹം കോവലൻ മാധവിയെ ഉപേക്ഷിച്ച് സ്വന്തം ഭവനത്തിലേക്ക് പോകുന്നതിനിടയാക്കി.

അൽപനേരത്തെ വിരഹംപോലും പൊറുക്കാനാവാതെ മാധവി തന്റെ പൂമെത്തയിൽ ചെന്നുവീണ് ഉറക്കം വരാതെ വലഞ്ഞു.

കണ്ണകിയുടെ ശയനഗൃഹത്തിലെത്തി പശ്ചാത്താപ വിവശനായി നിന്ന കോവലനെ വാടിയമേനിയോടും ദുഃഖംഗ്രസിച്ച മുഖത്തോടും കൂടിയവളെങ്കിലും കണ്ണകി പുഞ്ചിരിയോടുകൂടി സ്വീകരിച്ചു. തന്റെ ചിലമ്പുകൾ വിറ്റ് ആ പണം കൊണ്ട് കച്ചവടം ചെയ്ത് നഷ്ടപ്പെട്ട സ്വത്തുക്കളെല്ലാം വീണ്ടെടുക്കാമെന്ന് പറഞ്ഞ് അവൾ ആയാളെ ആശ്വസിപ്പിച്ചു. ഈ തീരുമാനത്തിലുറച്ച് രണ്ടുപേരുംകൂടി മറ്റാരുമറിയാതെ രാത്രിയിൽത്തന്നെ മധുരാപുരിയിലേക്കു യാത്ര തിരിച്ചു.

യാത്രാവേളയിലുണ്ടായ പല തടസ്സങ്ങളും കവുന്തി അടികളെന്ന ജൈനഭിക്ഷുണിയുടെ ബുദ്ധിപൂർവ്വകമായ ഉപദേശംകൊണ്ട് തരണംചെയ്ത് അവർ പാണ്ഡ്യരാജ്യാതിർത്തിയിലെത്തി. ഇടക്ക് കൊറ്റവേ ദേവീ ക്ഷേത്രത്തിൽ വിശ്രമിക്കുമ്പോൾ കാളിയുടെ ആവേശമുണ്ടായ ശാലിനി എന്ന സ്ത്രീ "ഇവൾ കൊങ്കുനാടിന്റെ പുത്രിയാണ്, മലനാടിന്റെ പരദേവതയും തെൻ പാണ്ഡ്യനാടിന്റെ തപോഫലവുമാണിവൾ" എന്ന് പ്രവചിച്ചു. എന്നാൽ ഇതവർ കാര്യമായെടുത്തില്ല. വീണ്ടും യാത്ര തുടർന്ന അവർ ഒരു ഗ്രാമത്തിൽവച്ച് മാധവിയുടെ സന്ദേശവാഹകനായ കൗശികനെന്ന ബ്രാഹ്മണനെ കണ്ടുമുട്ടി. കോവലനെപ്പിരിഞ്ഞ മാധവിയുടെയും കാവേരിപ്പൂം പട്ടണത്തിന്റെയും ദയനീയാവസ്ഥയുടേയും കഥ വിവരിച്ചു. തന്റെ തെറ്റുപൊറുത്ത് തന്നെ രക്ഷിക്കണമെന്നവൾ കോവലനുള്ള സന്ദേശത്തിൽ എഴുതിയിരുന്നു. കൗശികനെ യാത്രയാക്കിയശേഷം യാത്രതുടർന്ന അവർ വൈഗ നദി തീരത്തെത്തി. ആ ദമ്പതികളുടെ ആസന്നമായ ദുർവിധിയോർത്ത് വൈഗ കണ്ണീരൊഴുക്കി. കവുന്തി അടികൾ വിശ്വസ്ഥയായ മാതരിയെന്ന ഇടയ സ്ത്രീയെ കണ്ണകീ കോവലരുടെ സംരക്ഷണ ചുമതല ഏൽപ്പിച്ചു. എല്ലാമുപേക്ഷിച്ചു തന്നോടൊപ്പം പോന്ന കണ്ണകിയെ താനിനി ദുഃഖിപ്പിക്കില്ലെന്നും ചിലമ്പ് വിറ്റുവരുന്നതുവരെ വിഷമിക്ക

രുതെന്നും അവളെ ആശ്വസിപ്പിച്ച് കോവലൻ പട്ടണത്തിലേക്ക് നടന്നു. അപ്പോൾ ഒരു കാള മുക്രയിട്ടുകൊണ്ട് എതിരെ വന്നു.

അങ്ങാടിയിൽ ചെന്ന് രാജാവിന്റെ ആഭരണങ്ങൾ നിർമ്മിക്കുന്ന തട്ടാനെക്കണ്ട് കോവലൻ, മഹാറാണിക്കിണങ്ങുന്നൊരു ചിലമ്പ് തന്റെ വശം വിൽപ്പനയ്ക്കുണ്ടെന്നറിയിച്ചു. രാജാവിനെ ഈ വിവരം അറിയിച്ചു വരുന്നതുവരെ അവിടെ കാത്തുനിൽക്കാൻ കോവലനോട് ആവശ്യപ്പെട്ടിട്ട് തട്ടാൻ രാജകൊട്ടാരത്തിലേക്കുപോയി. അയാൾ രാജ്ഞിയുടെ ഒരു ചിലമ്പ് നേരത്തെ മോഷ്ടിച്ചിരുന്നു. ആ വിവരം പുറത്തറിയുന്നതിനുമുൻപ് കുറ്റം കോവലനിൽ ചുമത്തുകയായിരുന്നു അയാളുടെ ഉദ്ദേശ്യം. റാണിയുടെ ചിലമ്പുമോഷ്ടിച്ച ഒരാൾ ചിലമ്പു വിൽക്കാൻ തന്റെ കടയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് തട്ടാൻ രാജാവിനോടുണർത്തിച്ചു. റാണിയുടെ ചിലമ്പ് കട്ടെടുത്ത കള്ളനെ വിചാരണ കൂടാതെ വധിക്കുവാൻ രാജാവ് സേവകന്മാരെ ഏർപ്പെടുത്തി.

കോവലന്റെ നിരപരാധിത്വം ബോധ്യപ്പെട്ട രാജസേവകന്മാർ അയാളെ വധിക്കുവാൻ തയ്യാറായില്ല. എന്നാൽ തട്ടാന്റെ പ്രലോഭനങ്ങൾക്കുവഴങ്ങി മദ്യപിച്ച് ഉന്മത്തനായ ഒരു രാജകിങ്കരൻ തന്റെ വാളുകൊണ്ട് കോവലനെ വെട്ടിവീഴ്ത്തുന്നു. സന്ധ്യയായിട്ടും ഭർത്താവ് തിരിച്ചുവരാത്തതിൽ ഭയപ്പെട്ട കണ്ണകി ഒരിടയ സ്ത്രീയിൽനിന്നും കോവലൻ വധിക്കപ്പെട്ട വിവരം അറിഞ്ഞ് നിലവിളിച്ചുകൊണ്ട് ബോധമറ്റുവീഴുന്നു. ബോധം വീണ്ടുകിട്ടിയപ്പോൾ സൂര്യദേവനെ സാക്ഷിയാക്കി തന്റെ ഭർത്താവ് കള്ളനാണോയെന്നവൾ വിളിച്ചുചോദിച്ചു. ഉടനെ "നിന്റെ ഭർത്താവ് കള്ളനല്ലെന്നും കോവലനെ അന്യായമായി ശിക്ഷിച്ച പാണ്ഡ്യന്റെ മധുരാപുരി അഗ്നിക്കിരയാകുമെന്നും" അശരീരിയുണ്ടായി.

ശേഷിച്ച ഒറ്റ ചിലമ്പുമായി അവൾ ഭർത്താവ് മൃതിപ്പെട്ടുകിടക്കുന്ന സ്ഥലത്തെത്തി. ആ മൃതശരീരത്തെ കെട്ടിപ്പിടിച്ച് വിലപിച്ചു. അപ്പോൾ കോവലൻ ഉണർന്ന് അവളെ കണ്ണീർതുടച്ചാശ്വസിപ്പിച്ച് സ്വർഗ്ഗത്തിലേക്കുയർന്നു. നീതിപിഴച്ച രാജാവിനോട് പകരം ചോദിച്ചിട്ടേ തന്റെ ഭർത്താവിനോട് ചേരുകയുള്ളുവെന്ന് നിശ്ചയിച്ചുറച്ചുകൊണ്ട് അവൾ രാജകൊട്ടാരത്തിലേക്കു ചെന്നു. രാജാവുമായി വാഗ്വാദത്തിലേർപ്പെട്ട് പാണ്ഡ്യ രാജാവിന്റെ രാജത്വത്തെയും നീതിനിഷ്ഠയേയും ചോദ്യംചെയ്ത കണ്ണകി തന്റെ ചിലമ്പിൻതരികൾ മാണിക്യകല്ലുകളാണെന്ന് ഉണർത്തിച്ചു. രാജ്ഞിയുടെ ചിലമ്പിൽ മുത്തുകളാണുള്ളതെന്ന് അറിയിച്ച രാജാവ്, കട്ടുകൊണ്ടുപോയതായി പറയപ്പെ

ടുന്ന ചിലമ്പ് കണ്ണകിയുടെ കയ്യിൽ കൊടുത്തു. അവൾ അത് എറിഞ്ഞുടച്ചു. ചിലമ്പിനുള്ളിൽനിന്നും മാണിക്യകല്ലുകൾ ചിതറി. സത്യം ബോദ്ധ്യപ്പെട്ട രാജാവ് പശ്ചാത്താപഭാരത്തോടെ മരിച്ചുവീഴുന്നു.

ഇതുകൊണ്ടും കോപം തീരാതെ കണ്ണകി തന്റെ ഇടതുമുല പറിച്ചെടുത്ത് നഗരപ്രദക്ഷിണം ചെയ്ത് നഗരവീഥിയിലേക്ക് വലിച്ചെറിഞ്ഞു. അഗ്നിദേവൻ പ്രത്യക്ഷനായി മധുര നഗരമാകെ ചുട്ടുചാമ്പലാക്കുന്നു. തന്റെ ഭർത്താവിനെ കാണുന്നതുവരെ വിശ്രമമില്ലെന്ന് പറഞ്ഞുകൊണ്ട് രാവുംപകലും കുന്നും കുഴിയുമറിയാതെ നടന്നുനടന്ന് കണ്ണകി ചേരനാട്ടിലെ തിരുവഞ്ചിക്കുളത്തിന് വടക്കുകിഴക്കുള്ള തിരുച്ചെങ്കുന്നിലെത്തി. അവിടെ ഒരു വേങ്ങമരച്ചുവട്ടിൽ നിന്ന് മധുരാനഗരം ദഹിപ്പിക്കയാൽ കുറ്റം ചെയ്തവളാണ് താനെന്ന് വിലപിച്ച് പതിന്നാലുദിവസം അവിടെ കഴിച്ചുകൂട്ടി. പതിനഞ്ചാം ദിവസം ദേവപരിസേവിതനായെത്തിയ കോവലനൊരുമിച്ച് കണ്ണകി സ്വർല്ലോകത്തേയ്ക്കുയർന്നു.

ചേരഭൂപതിയായ ചെങ്കുട്ടവൻ പത്തിനീ ദേവിയായ കണ്ണകിക്ക് ഒരു ക്ഷേത്രം പണിത് വിഗ്രഹ പ്രതിഷ്ഠ നടത്തി. കോവല കണ്ണകീ ദുര്യോഗമറിഞ്ഞ മാതരി അഗ്നിപ്രവേശം ചെയ്യുകയും കവുന്തിഅടികൾ നിരാഹാരവ്രതമനുഷ്ഠിച്ച് ജീവൻ വെടിയുകയും ചെയ്തു. കണ്ണകീ കോവല പിതാക്കൾ സന്യസിച്ചു. മാതാക്കൾ ദുഃഖിച്ചു മരിച്ചു. ഈ വാർത്തകളെല്ലാം കേട്ട മാധവി ബുദ്ധഭിക്ഷുണിയായി.

പെരിയാർ തീരത്തുള്ള തിരുച്ചെങ്കുന്ന് മലയോരത്തിൽ സന്ദർശനം നടത്തിയ വഞ്ചീപതിയോട് അവിടുത്തെ മലങ്കുറവർ പറയുന്ന അത്ഭുതകഥയാണല്ലോ വേങ്ങമരച്ചുവട്ടിൽ നിന്ന് ഉടലോടെ സ്വർഗ്ഗം പൂകിയ ഒറ്റമുലച്ചിയായ കണ്ണകിയുടേത്. ആദിവാസികളുടെ ഇടയിൽ പ്രചരിച്ചുവന്നിരുന്ന ഈ ഐതിഹ്യത്തിൽനിന്നും ചിലപ്പതികാര കർത്താവായ ഇളങ്കോവടികളും കൂത്തിന്റെ കർത്താക്കളായ പഞ്ചമ്പൂലാനും പെരിയാനങ്കനും തങ്ങളുടേതായ കഥാരൂപം മെനഞ്ഞെടുക്കുകയാണുണ്ടായതെന്ന് കരുതാമോ? അതോ ഇളങ്കോവടികളുടെ ചിലപ്പതികാരകഥയുടെ അടിസ്ഥാനത്തിൽ ആദിവാസികളായ പഞ്ചമ്പൂലാനും പെരിയാനങ്കനും തങ്ങളുടേതായ രീതിയിൽ കൂത്തുപാട്ടുകൾക്ക് രൂപം നൽകുകയാണോ ചെയ്തത്. കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് തോന്നുന്നു.

ഇ.ജെ. ജോസഫ് കാഞ്ചിയാർ

# ഗോത്രസംസ്കൃതിയുടെ ഹൃദയത്തുടിപ്പുകൾ

കേരളീയ കലകളെക്കുറിച്ചുള്ള പഠനങ്ങൾ ഏറിയകൂറും ചെന്നെത്തി നിൽക്കുന്നത് ക്ലാസ്സിക്കൽ കലാരൂപങ്ങളിലാണ്. കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം തുടങ്ങിയവയാണ് ഉദാത്തങ്ങളായ കേരളീയ കലകൾ എന്ന ഒരു ധാരണ പണ്ഡിതന്മാർ ഇവിടെ പുലർത്തിയിട്ടുണ്ട്. അനാഢ്യകലകളായി തരംതാഴ്ത്തപ്പെട്ടിരുന്ന നാടോടികലകൾക്ക് അർഹമായ പരിഗണന ഇന്നും ലഭിച്ചിട്ടില്ല. അവയുടെതന്നെ ഒരു വിഭാഗമെന്ന് വിശേഷിപ്പിക്കാവുന്ന ആദിവാസികലകൾ (ഗിരിവർഗ്ഗ കലകൾ) തീർത്തും വിസ്മരിക്കപ്പെട്ടിരിക്കുകയാണ്. നാടോടികലകളെക്കുറിച്ചുള്ള ഗൗരവപൂർണ്ണമായ ചില പഠനങ്ങൾ സമീപകാലത്തുണ്ടായിട്ടുണ്ടെങ്കിലും ഗിരിവർഗ്ഗകലകളുടെ രംഗത്ത് ഇന്നും ശൂന്യതയാണ് നടമാടുന്നത്.

സംസ്കാരത്തെക്കുറിച്ചുള്ള പഠനങ്ങളിലും നാടോടി സംസ്കൃതി (Folk Culture) തീർത്തും അവഗണിക്കപ്പെട്ടിരിക്കുകയാണ്. ആഢ്യസംസ്കൃതിയാണ് ഉന്നത സംസ്കൃതിയെന്നും, നാടോടിസംസ്കൃതി അധഃസ്ഥിത സംസ്കാരം മാത്രമാണെന്നും ഉള്ള ധാരണയും ഇവിടെ രൂഢമൂലമായിട്ടുണ്ട്. എന്നാൽ ജനകീയ സംസ്കാരം രൂപപ്പെടുത്തുന്നതിൽ ഗണനീയമായ പങ്കുവഹിക്കുന്നത് നാടൻസമൂഹമാണെന്നും അതിന്റെ പഠനത്തിലൂടെ മാത്രമേ സംസ്കാരപഠനം പൂർണ്ണമാകുന്നുള്ളൂ എന്നും ഉള്ള വസ്തുത ഇന്ന് കുറേശ്ശെയായി അംഗീകരിക്കപ്പെടുന്നുണ്ട്. 'ഔദ്യോഗിക നാഗരികതയുടെ നിഴലിനുള്ളിൽ ഒളിഞ്ഞു കിടക്കുന്നതാണ് യഥാർത്ഥ നാഗരികത' എന്ന ബോധത്തിന്റെ ഫലമായി നാടോടി സംസ്കൃതിക്ക് അർഹമായ പരിഗണന ലഭിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ ഒരു പശ്ചാത്തലത്തിലാണ് ഇടുക്കി ജില്ലയിലെ 'മന്നാൻ' സമുദായത്തിന്റെ 'കൂത്ത്' എന്ന കലാരൂപത്തിന്റെ പാട്ടുകൾ പ്രസിദ്ധീകൃതമാകുന്നത്.

കാർഷിക സംസ്കാരത്തിന്റെ ഭാഗമായാണ് കേരളത്തിലെ നാടൻ കലാരൂപങ്ങളിൽ ഭൂരിഭാഗവും ഉടലെടുത്തിട്ടുള്ളത്. കന്നുപൂട്ടൽ, വിതയ്ക്കൽ, കളപറിക്കൽ, വെള്ളം തേവൽ, കൊയ്ത്ത്,

മെതി, നെല്ല് പുഴുങ്ങൽ, പുന്നെല്ലരിച്ചോറുണ്ടാക്കൽ, പുത്തരിയൂണ് തുടങ്ങിയവയുടെ ഭാഗമായി ഒട്ടേറെ അനുഷ്ഠാനങ്ങൾ പ്രചാരത്തിലുണ്ട്. തേക്കുപാട്ടും, ഞാറ്റുപാട്ടും, കൊയ്ത്തുപാട്ടുമൊക്കെ ചുരുങ്ങിയ തോതിലാണെങ്കിൽപോലും കേരളത്തിൽ ഇന്നും നിലനിന്നുവരുന്നുണ്ട്. കൊയ്ത്തുത്സവം (വിളവെടുപ്പുത്സവം) ഇന്നും ആചരിക്കപ്പെട്ടുവരുന്നുണ്ട്. പടയണിയും, കാളിയൂട്ടും, തെയ്യവും, കോതാമൂരി ആട്ടവും ചിമ്മാനക്കളിയും, കറ്റപ്പാട്ടും, കതിരുവേലയും കാർഷിക സംസ്കാരത്തിന്റെ ഭാഗമായ കലാരൂപങ്ങളായി ഇന്നും അവതരിപ്പിച്ച് വരുന്നുണ്ട്. കണ്യാർകളി, മാർഗ്ഗംകളി, തിരുവാതിരപ്പാട്ട് തുടങ്ങിയവയിൽപ്പോലും കാർഷികവൃത്തിയുടെ അംശങ്ങൾ മുഴങ്ങിക്കേൾക്കാറുണ്ട്. വിളവെടുപ്പുമായി ബന്ധപ്പെട്ട 'കാലാ ഊട്ട്' ഉത്സവത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന 'കൂത്തും' കാർഷിക സംസ്കാരത്തിന്റെ ഭാഗമായി അരങ്ങേറുന്ന ഒരു രംഗകലാരൂപമാണെന്ന് പറയാം. ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട ഗിരിവർഗ്ഗ സമൂഹമായ മന്നാന്മാർ അവതരിപ്പിക്കുന്ന ഈ കലാരൂപം അനുഷ്ഠാന വൈവിദ്ധ്യം, നാടകീയാംശങ്ങൾ, സാഹിത്യസമ്പത്ത്, ജനകീയ പങ്കാളിത്തം എന്നിവ കൊണ്ട് സമ്പന്നമാണ്. മണ്ണും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം വിളിച്ചോതുന്ന ഈ പ്രകടന കലയുടെ ഇതിവൃത്തത്തിന് കാർഷിക വൃത്തിയുമായി ബന്ധമൊന്നുമില്ല. 'ഉഴവുവെട്ടിനും', വിവാഹത്തിനും മരണാനന്തര ചടങ്ങുകൾക്കുമൊക്കെ 'കൂത്ത്' നടത്തി വരുന്നു. സാമൂഹികമായ ഒത്തുചേരലിനെ സാർത്ഥകമാക്കുന്ന നാടകീയാവതരണമാണ് ഇതെന്ന് സാമാന്യമായി പറയാം.

പുരാണേതിഹാസങ്ങളെയും സാഹിത്യകൃതികളെയും നാടൻപക്ഷത്തുനിന്ന് നോക്കിക്കാണുന്ന രീതി നിലവിലുണ്ട്. അത്തരത്തിലുള്ള ഒരു സമീപനത്തിൽ നിന്നാണ് 'കൂത്ത്' കെട്ടിയുണ്ടാക്കപ്പെട്ടിട്ടുള്ളത്. 'ചിലപ്പതികാര' ത്തിന്റെ നാടൻ വ്യാഖ്യാനമായി (Folk interpretation) ഇതിനെ കണക്കാക്കാവുന്നതാണ്. അട്ടപ്പാടിയിലെ ഇരുള സമൂഹത്തിന്റെ ഇടയിലും 'കോവലൻ കൂത്ത്' നിലവിലുണ്ട്. നാടകീയാവതരണം എന്ന നിലയിലാണ് ഈ കലാരൂപം അവിടെ അരങ്ങേറുന്നത്. ഇടുക്കി ജില്ലയിലെ മുതുവാന്മാരുടെ ഇടയിലും ഇത്തരത്തിലുള്ള 'കൂത്ത്' പ്രചാരത്തിലുണ്ട്. ഗിരിവർഗ്ഗ സമൂഹങ്ങളുടെ ഇടയിൽ കോവലൻകഥ എങ്ങനെ സ്ഥാനം പിടിച്ചുവെന്നത് ഉപരിഗവേ

ഷണമർഹിക്കുന്നു. രണ്ടു കലാരൂപങ്ങളെയും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള പഠനത്തിനും പ്രസക്തിയുണ്ട്.

നാടോടിക്കലകളുടെ അവതരണം രണ്ടുതരത്തിലാണ് പൊതുവെ നടന്നുവരാറുള്ളത്. സ്വാഭാവിക സന്ദർഭത്തിലുള്ളതും (Natural context) സ്വാഭാവിക പശ്ചാത്തലത്തിലല്ലാതെ അവതരിപ്പിക്കുന്നതും (Induced). അനുഷ്ഠാന ഗന്ധിയായ ഒരു കലാരൂപം അതിന്റെ സ്വാഭാവിക പശ്ചാത്തലത്തിൽ അവതരിപ്പിക്കുമ്പോഴുള്ള അനുഭവം രണ്ടാമത്തേതിൽ ലഭിക്കുന്നില്ല. ഔപചാരികമായ അവതരണമാണ് രണ്ടാമത്തേതെന്നതിനാൽ കൃത്രിമത്വം അതിൽ കണ്ടെന്നിരിക്കും. എന്നാൽ നാടൻ കലാപഠനത്തിന് ഈ രണ്ടു രീതിയും സ്വീകരിക്കാവുന്നതിൽ തെറ്റില്ലെന്നാണ് പണ്ഡിതമതം. പ്രകടനകലയുടെ ഓരോ അവതരണവും വ്യത്യസ്തമായ അനുഭവമാണ് പ്രദാനം ചെയ്യുന്നത് എന്നതിനാൽ മൗലികതയുടെ പ്രശ്നവും ഇവിടെ ഉദിക്കുന്നില്ല. 'കൂത്തി' ന്റെ സാഹിത്യരൂപം പ്രകാശിപ്പിക്കുന്നതിന് കാഞ്ചിയാർ പഞ്ചായത്ത് തെരെഞ്ഞെടുത്ത രീതി രണ്ടാമത്തേതാണ് എന്നു തോന്നുന്നു.

വേഷവിധാനങ്ങളോടുകൂടി അരങ്ങിൽവന്ന് പാടിക്കളിക്കുമ്പോൾ മാത്രമേ അതൊരു നാടൻ കലാരൂപത്തിന്റെ അവതരണമാകുന്നുള്ളു. പ്രേക്ഷകരുടെ സാന്നിദ്ധ്യത്തിൽ മാത്രമേ അവരുടെ പങ്കാളിത്തത്തിന് പ്രസക്തിയുണ്ടാകുകയുള്ളൂ. നാടകാവതരണത്തിന്റെ സന്ദർഭത്തിലാണ് സംഭാഷണങ്ങൾ സ്വാഭാവികമായി ഉതിർന്നു വീഴുന്നത്. കാഞ്ചിയാറിൽ നടന്നത് പാട്ടിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതാണ്. അഭിനയിച്ചുകൊണ്ട്, നാടകാവതരണത്തിന്റെ ഭാഗമായിത്തീരുമ്പോൾ മാത്രമേ മനോധർമ്മ സംഭാഷണങ്ങളും ഫലിതങ്ങളും വിമർശനങ്ങളുമൊക്കെ നടന്മാരുടെ നാവിൽനിന്നുതിർന്നുവീഴുകയുള്ളൂ. കൂത്തിന്റെ അവതരണത്തിലെ വിവിധ ഘടകങ്ങളിൽ ഒന്നുമാത്രമാണ് പാട്ട്. വാമൊഴി പാരമ്പര്യത്തിലൂടെ തലമുറയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ട് നിലനിന്നുവന്ന ഒരു കലാരൂപത്തിന്റെ പാഠം ചൊല്ലിത്തരുന്ന പാട്ടുകളെ ആധാരമാക്കിക്കൊണ്ടുമാത്രം തിട്ടപ്പെടുത്തുന്നതിൽ പോരായ്മയുണ്ടെന്ന് ചൂണ്ടിക്കാണിക്കുവാനാണ് ഇത്രയും സൂചിപ്പിച്ചത്. പാട്ടിലും ശൈലിയിലും ആവിഷ്കരണത്തിലുമൊക്കെ അവതാരകർ അപ്പോഴപ്പോൾ അവർക്കുതൊന്നുന്നതിന് അനുസരിച്ച് മനോ

ധർമ്മാധിഷ്ഠിതമായി പലതും കൂട്ടിച്ചേർത്തെന്നിരിക്കും. ഏതായാലും മരിച്ചുകൊണ്ടിരിക്കുന്ന ഒരു കലാരൂപത്തിന്റെ ഗാനസാഹിത്യമെങ്കിലും വിസ്മൃതമാകാതെ ഗ്രന്ഥരൂപത്തിൽ സംരക്ഷിക്കാനുള്ള കാഞ്ചിയാർ പഞ്ചായത്തിന്റെ ആത്മാർത്ഥതയെ ഈ അവസരത്തിൽ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ തുടർച്ചയെന്ന നിലയിൽ 'കൂത്ത്' എന്ന അവതരണകലയുടെ ഒരു സമ്പൂർണ്ണരൂപം, മന്നാന്മാരുടെ സങ്കേതത്തിൽവെച്ച് അവരെക്കൊണ്ടുതന്നെ നടത്തിച്ച് രേഖപ്പെടുത്തിവെക്കാൻ ശ്രമിക്കണം. അത് ദൃശ്യ-ശ്രവ്യമാധ്യമങ്ങളിൽ പകർത്തിവെക്കുകയും വേണം. തുടർന്ന് കോവലൻകൂത്തിനെ കുറിച്ചുള്ള ഒരു പഠനവും അതിന്റെ സമ്പൂർണ്ണപാഠവും പ്രസിദ്ധീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

തികച്ചും പ്രാകൃതമെന്നു വിശേഷിപ്പിക്കാവുന്ന അവതരണമാണ് കോവലൻ കൂത്തിന്റേത്. പ്രാചീന ഗോത്രസമൂഹങ്ങളിൽ നിലനിന്നിരുന്ന അനുകരണാഭിനയ രൂപത്തിലുള്ള (Mimetic drama) വേട്ടനാടകത്തിന്റെ അംശങ്ങൾ ഇതിൽ കാണാനുണ്ട്. ആന, കരടി, പാമ്പ് തുടങ്ങിയ ഹിംസ്രജന്തുക്കളുടെ വേഷങ്ങൾ നാടകാവതരണത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കരടിനൃത്തംപോലുള്ള ദൃശ്യാവിഷ്ക്കരണങ്ങൾ ഇപ്പോഴും ചില ഗോത്രസമൂഹങ്ങലിൽ നിലനിൽക്കുന്നുണ്ട്. ഗോത്രസംസ്കൃതിയുടെ നൈരന്തര്യം കാത്തുസൂക്ഷിക്കുന്ന ഒരു ദൃശ്യാവിഷ്കരണമായി മന്നാന്മാരുടെ കൂത്തിനെ കണക്കാക്കാവുന്നതാണ്. മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവബന്ധം ഊട്ടിയുറപ്പിക്കുന്ന, ഉർവരാരാധനയുടെ പൊരുൾ തന്നെയാണ്, കോവലൻ കൂത്തിന്റെ അവതരണ സന്ദർഭം ഒരുക്കുന്നതെന്ന് പറയാം.

കൂത്തുപാട്ടുകളിലെ ഭാഷ തമിഴ് സ്വാധീനമുള്ള ദേശ്യഭാഷയാണ്. തമിഴ് സംസ്കൃതിയുമായുള്ള ബന്ധം ഇതിൽ പ്രകടമാണ്. തമിഴ്കഥയെ ആധാരമാക്കിയാണല്ലോ ഇതിവൃത്തവും മെനഞ്ഞെടുത്തിട്ടുള്ളത്. പൊറാട്ടു നാടകങ്ങളിലെ മുഖ്യ കഥാപാത്രമായ ബഫൂൺ അഥവാ കോമാളി തമിഴ് പാരമ്പര്യത്തിൽ നിന്നുടലെടുത്തതാണ്. കോവലൻ കൂത്തിലെ കോമാളിയും ഈ പാരമ്പര്യത്തിന്റെ ഭാഗമാണ്.

ആമുഖ പഠനത്തിലെ ചില നിരീക്ഷണങ്ങളോടുള്ള ഈ ലേഖകന്റെ പ്രതികരണവും ഇവിടെ രേഖപ്പെടുത്തട്ടെ. "ആചാര നിഷ്ഠ

മായ ഒരു കലാരൂപമെന്ന നിലയിൽ ഇതിനെ നിലനിർത്താനുള്ള ശ്രമവും എങ്ങുനിന്നുമുണ്ടാകുന്നില്ല" (ആദിവാസിക്കൂത്തിന് ഒരാമുഖം) എന്ന് കാഞ്ചിയാർ രാജൻ സൂചിപ്പിക്കുന്നു. അനുഷ്ഠാനബദ്ധമായ കലാരൂപങ്ങൾ - ആദിവാസി കലകളായാലും ഗ്രാമീണങ്ങളായ നാടൻ കലാരൂപങ്ങളായാലും - നിലനിർത്തുക എളുപ്പമല്ല. അവയെ സൃഷ്ടിച്ച സാമൂഹികസാഹചര്യങ്ങൾ മാറുമ്പോൾ അത്തരം കലാരൂപങ്ങളുടെ പ്രസക്തിയും നഷ്ടപ്പെടും. കൊയ്ത്തില്ലാത്ത സമൂഹത്തിൽ വിളവെടുപ്പുത്സവമുണ്ടാകുകയില്ലല്ലോ. മാന്ത്രികവും മതപരവുമായ ഒട്ടേറെ നാടൻ കലാരൂപങ്ങൾ നാമാവശേഷമായതിന്റെ കാരണം ഇതാണ്. ആചാരബദ്ധമായ കലാരൂപങ്ങൾ നിലനിർത്തണമെങ്കിൽ ആചാരനുഷ്ടാനങ്ങളെയും നിലനിർത്തേണ്ടിവരും. കാലഹരണപ്പെട്ട വിശ്വാസങ്ങളുടെ ഉൽപ്പന്നങ്ങളായ അനുഷ്ഠാനങ്ങളെ സംരക്ഷിക്കുകയെന്നത് പുരോഗതിക്കെതിരെ പുറംതിരിഞ്ഞു നിൽക്കലായിത്തീരും. അതുകൊണ്ട് അത്തരം കലാരൂപങ്ങളുടെ അന്തസ്സത്ത മനസ്സിലാക്കി അവയെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് വേണ്ടത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് അർഹമായ പരിഗണനയും സാമ്പത്തിക സഹായവും നൽകുകയും ചെയ്യണം. പഠിക്കാൻ താത്പര്യമുള്ളവർക്ക് ജാതി-മത ചിന്തകൾക്കതീതമായി, കലാരൂപം പകർന്നു കൊടുക്കാനുള്ള സംവിധാനവും ഉണ്ടാക്കണം. അതോടൊപ്പം ഇവ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യണം. അനുഷ്ഠാനാംശം ഒഴിവാക്കിക്കൊണ്ട് അവതരിപ്പിക്കാൻ ഇവ പര്യാപ്തമാണോ എന്നും പരീക്ഷിക്കാവുന്നതാണ്. പുതിയ കാലഘട്ടത്തിന്റെ സമസ്യകളെ വ്യാഖ്യാനിക്കാനുതകുന്ന കലാരൂപങ്ങളായി ഇവയെ പുനഃസൃഷ്ടിക്കാമോ എന്നും ആലോചിക്കാവുന്നതാണ്. അട്ടപ്പാടിയിലെ ഇരുളരുടെ നൃത്തത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സന്ദേശം ഫലപ്രദമായി സംശ്ലേഷണം ചെയ്ത് അവതരിപ്പിച്ചത് ഈയിടെ കാണാൻ കഴിഞ്ഞ കാര്യവും ഇവിടെ സൂചിപ്പിക്കട്ടെ. (കേരളീയം, 1998)

വിരസതയുണ്ടാക്കുന്ന ആവിഷ്കരണം ഇത്തരം കലാരൂപങ്ങ

ളിൽ സാധാരണയാണ്. ആദിവാസി കൂത്തിന്റെ ആസ്വാദകർ അതിന്റെ സൃഷ്ടാക്കളായ മന്നാന്മാരാണ്. അവർ ഇത്തരം കലാരൂപങ്ങളെ കലകളായിട്ടല്ല കണ്ടുവരുന്നതും. അവരുടെ ജീവിതത്തിന്റെ ഭാഗമാണിവ. 'കലാരൂപങ്ങൾ' എന്ന് ഇവയെ വിളിക്കുന്നത് നമ്മളാണ്. തെയ്യത്തിന്റെയും പടയണിയുടെയും അവതരണത്തിൽ ഏകസ്വരത കണ്ടെന്നിരിക്കും. നാടൻ പാട്ടുകളുടെ ഈണത്തിലും വൈവിധ്യം കുറവാണ്. ഏകസ്വരത ഒഴിവാക്കാൻ പുതിയ ഈണം നൽകി അവയെ പരിഷ്കരിക്കേണ്ടതുണ്ടോ എന്നും ചിന്തിക്കണം. ഒരു കലാരൂപത്തിന്റെ ആവിഷ്ക്കർത്താക്കൾക്കാണ് അതിൽ പരിഷ്കാരങ്ങൾ വരുത്തുവാനുള്ള അവകാശം. ബോധപൂർവമോ അബോധപൂർവമോ ആയ മാറ്റങ്ങൾ അവയിൽ അവർ വരുത്തിയെന്നിരിക്കും. നമ്മെ - നാഗരിക സമൂഹത്തെ - ഉദ്ദേശിച്ചുകൊണ്ടുള്ള കലാപ്രകടനങ്ങളല്ല അവരുടേത്. ആദിവാസി കലകളുടെ ആവിഷ്കർത്താക്കളും ആസ്വാദകരും അവർ തന്നെയാണ്. സാധാരണ നാടൻ കലകളിൽ നിന്നും ഗിരിവർഗ്ഗ കലകൾ വ്യത്യസ്തമായിത്തീരുന്നത് ഈ ഒരംശത്തിലാണ്. നാടൻ കലകളിൽ അവതാരകർ ഒരു ന്യൂനപക്ഷവും പ്രേക്ഷകർ മൊത്തം സമൂഹവുമാണ്. ഗിരിവർഗ്ഗ കലകളിലാകട്ടെ ഈ വ്യത്യാസമില്ല. ഗോത്ര സമൂഹത്തിന്റെ ആവിഷ്കരണങ്ങളുടെ തുടർച്ചയാണിതെന്നു പറയാം. അവിടെ ഒരു സമൂഹമാകെ അവതാരകരായിത്തീരുന്നു; കൂട്ടത്തിൽ ആസ്വാദനത്തിന്റെ ധർമ്മവും അവർ പങ്കിടുന്നു. എല്ലാവരും പാടുകയും നൃത്തം ചെയ്യുകയും ചെയ്യുന്നു. സമീപകാലത്ത് മാത്രമാണ് ചിലർ നൃത്തം ചെയ്യുകയും മറ്റുള്ളവർ ആസ്വാദകരായിത്തീരുകയും ചെയ്യുന്ന രീതിയിലേക്ക് അവ വളർന്നുവന്നത്.

'ആടയാഭരണങ്ങൾക്ക് കൃത്യതയും തനിമയും നൽകി, താളവും മേളവും നൃത്തവും ശാസ്ത്രീയമായി ചിട്ടപ്പെടുത്തി കഥാപാത്രങ്ങൾക്ക് കൂടുതൽ വ്യക്തതയും മിഴിവും നൽകി', കലാരൂപത്തിന്റെ രൂപഭാവങ്ങളിൽ കാലാനുസാരിയായ മാറ്റം വരുത്തണമെന്ന് പറയുന്നതും ശരിയാണെന്ന് തോന്നുന്നില്ല. ഒരു നാടോടികലയിൽ മാറ്റം വരുത്തി, ശാസ്ത്രീയമായ ചിട്ടപ്പെടുത്തലുകൾക്ക് വിധേയമാക്കുമ്പോൾ അത് നാടോടികലയല്ലാതായിത്തീരുന്നു. ഈ കലാരൂപത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് മറ്റൊരു കലാരൂപം സൃഷ്ടിച്ചെടുക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. എന്നാൽ ആദിവാസികലയെ പരിഷ്കരിച്ച്

ശാസ്ത്രീയ കലയാക്കാൻ ശ്രമിക്കുന്നത് ആദിവാസികളുടെ തനതു കലാരൂപത്തിന്റെ അന്തസ്സത്ത കളഞ്ഞുകുളിക്കലായിരിക്കും. ഈ കലാരൂപത്തിന്റെ തനിമ നഷ്ടപ്പെടുത്താനും അതിനെ വികലമാക്കാനും മാത്രമേ ഈ ശ്രമം ഉപകരിക്കുകയുള്ളൂ.

ജനമനസ്സുകളെ ഉണർത്തുവാൻ പറ്റിയ സംവേദനമാതൃകകളാണ് നാടോടികലകൾ. നാടോടികലകളെക്കുറിച്ച് പഠിക്കുന്നതും അവയുടെ അവതരണരീതിയെയും പാട്ടുകളെയുംകുറിച്ച് ഗ്രന്ഥങ്ങൾ രചിക്കുന്നതും നാടൻ സംസ്കൃതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് പര്യാപ്തമാകും. ജനകീയാസൂത്രണ പ്രക്രിയയിൽ സംസ്കാരപഠനത്തിന് വേണ്ടത്ര പ്രാധാന്യം നൽകപ്പെട്ടിട്ടുണ്ട്. കീഴാള സംസ്കൃതിയെ സമൂഹമദ്ധ്യത്തിൽ ഉയർത്തിക്കാട്ടാനും അകറ്റി നിർത്തപ്പെട്ടിരുന്ന ഇവരുടെ കലാരൂപങ്ങൾക്ക് പ്രചാരം നൽകാനും ശ്രമിക്കുന്നത് ഉചിതമായ കാര്യംതന്നെയാണ്. ഇന്നേവരെ ഗൗരവാവഹമായ പഠനങ്ങളൊന്നും നടക്കാത്ത 'കൂത്തിന്റെ' പാട്ടുകളുടെ പ്രകാശനത്തിലൂടെ 'മന്നാന്മാർ' എന്ന ഗിരിവർഗ്ഗസമൂഹത്തിന്റെ സ്ഥാനം ഉയർത്തിക്കാട്ടുകയാണ് ഈ ഗ്രന്ഥത്തിന്റെ പിന്നിൽ പ്രവർത്തിച്ചവർ ചെയ്യുന്നത്. ബൃഹത്തായ ഈ കൃത്യം ഏറ്റെടുത്ത കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ ജനപ്രതിനിധികളും ഗ്രന്ഥത്തിന്റെ പ്രകാശന ചുമതലയ്ക്ക് നേതൃത്വം നൽകിയ കാഞ്ചിയാർ രാജനും, ഇ.ജെ. ജോസഫും അഭിനന്ദനം അർഹിക്കുന്നു. സമീപഭാവിയിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ വ്യാപകമായി വരാനിരിക്കുന്ന ഫോക്‌ലോർ പഠനത്തിന് പ്രാരംഭം കുറിച്ചുവെന്നതിൽ കാഞ്ചിയാർ പഞ്ചായത്തിന് അഭിമാനിക്കാം. അത്യധികം സന്തോഷത്തോടുകൂടി ഗോത്ര സംസ്കൃതിയുടെ മുഖമുദ്രയുള്ള ഈ ഗ്രന്ഥം കേരളത്തിലെ സംസ്കാരകുതുകികളുടെ മുമ്പാകെ സവിനയം അവതരിപ്പിച്ചുകൊള്ളുന്നു.

ഡോ. എ.കെ. നമ്പ്യാർ
സ്കൂൾ ഓഫ് ഡ്രാമ

തൃശ്ശൂർ
25-3-1999

*ചൊല്ല് 1*

എണ്ണൂറു തേവതകൾ സന്തോശപ്പിടിമ്പടിയാകെ
അടിയന്റെ നിത്തിര
ആട്ടങ്കളാടിക്കൊൻട്രുമേ
വരികേ......... കണ്ടേൻ...... ആ
മൂലവിളക്കെരിയും മുല്ലൂരാനാണ്ടവന്റെ...
ആ.......... ആ.......
എരിവിളക്കെരിയും എരിയാട്ടമായെന്റെ
ചന്ദന വിളക്കെരിയും ചാഞ്ചാട്ടമായെന്റെ
നടുവിളക്കെരിയും നാടാണിയയ്യനെൻട്രുമേ
ശൊല്ലേ.... കേളോ

*ദൈവസ്തുതി : പാട്ട് 1*

നല്ല പൊന്നും മുല്ലൂരാനാണ്ടവാ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും തെക്കു ചവെരിമല അയ്യപ്പാ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും കാഞ്ച്യാത്തു മുത്തിയേ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും കോചികൂവനാണ്ടവാ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും നാടാണി മലയയ്യപ്പാ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും വാചാരോളാണ്ടവാ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും മടിപ്പിചമുത്തിയോ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും കാടാടു മുത്തിയോ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും ചുത്തുവീര പഗവാനേ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും വാചാത്തു മുത്തിയേ
ഉങ്കളോടെ പൊൻ പാദം പാടുതേ
തന്നന്നാ നാനോ നാനോ
തന്നന്നാ നാനോ നാനോ

നല്ല പൊന്നും കുളത്തു മുത്തിയേ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും മാടത്തു മുത്തിയേ
ഉങ്കളോടെ പൊൻ പാദം പാടുതേ
നല്ല പൊന്നും തുറാറു മുത്തിയേ
ഉങ്കളോടെ പൊൻ പാദം പാടുതേ

*ഗുരുസ്തുതി: പാട്ട് 2*

നമ്മളാരാരെ പേരെ ചൊല്ലി ആടുവേനേ?
പഞ്ചൻ പൂലാൻ പെരിയാനങ്കൻ
പേരെ ചൊല്ലി ആടുവേനെ
നല്ലതട്ടത്തട്ടി വരുവാ പഞ്ചൻ പൂലാൻ
ആടിപ്പാടി വരുവാ പെരിയാനങ്ക
നമ്മളാരാരെ പേരെ ചൊല്ലി ആടുവേനേ?
പൂലപ്പൻ പൂലാൻ പേരെ ചൊല്ലി ആടുവേനെ.....

*രാജസ്തുതി: പാട്ട് 3*

തച്ചോം തകിതികതാ....
തരികിണ തിന്താ.....
തന്നന്നാനേ....... താനന്നാനേ
താനം തന്നന്നോ തന്നാനേ..
ഓ രാജരാജാ ചോളരാജാ
രാജൻ വന്തു കൊലുവിലിരുന്തേ
അണ്ണൻ തമ്പിയോ രണ്ടുപേരെ
ഇളയരാജൻ മതീയരാജൻ
ചൊന്നമൊളിയോ തേവരാമാ
തേരെ ചൊല്ലിയേ പാണ്ടിയരാജാ
മുത്തുമണിയോ കൈച്ചിലങ്കെ
മുങ്കയിലവുളാടിവാരാ
കട്ടിയമ്മാ രുചിപോലക്കാ
വാരും കൊഞ്ചങ്കെളാടിവാരാ
പാൽ മരത്തുക്കാ വേരെ കൊഞ്ചെ
തവരെ കൊഞ്ചങ്കളാടി വാരാ
തന്നന്നാനോ താനേ തന്നെ
തന്നനാനോ താനെനന്നെ
തച്ചോം തരികിടതാ
തരികിട തന്താ

*ചൊല്ല് : 2*

കാൽ വിറ്റ കറ്റവർക്ക് കാൽവിളിപ്പാർകൊണ്ടേ
നാൻ അടിയേ കേളോ.........
അരവിറ്റ കറ്റവർക്ക് അരവിളിപ്പാർകൊണ്ടേ
നാനടിയേ കേളോ.....
മുളുവിറ്റ കറ്റവർക്ക് മുളുവൻ കാർകൊണ്ടേ
നാനടിയേ കേളോ.........
നെല്ലു പെരുക്കും നേരിയമങ്കലം
പുല്ലു പെരുക്കും പൂഞ്ചാര
പണം പെരുക്കും ഉത്തം പാളയം എൻട്രോ
വീരാതെ വീര ശങ്കിലി കത്തിക്കുത്തി
നളാതെ വാളക്കൊമ്പെ......
ആലിലേൽ ആരശിലേൽ
പള്ളികൊണ്ട മായവർ തിരുമാൾപെരുമാൾ
അടിയന് തുണ ചെയ്‌വേൻ...

*പാട്ട് : 4*

നല്ല എണ്ണുറുന്താൻ തേവർകളെല്ലാം
നല്ലരാമരാമാ അടിയവനെ കാക്കവേണമാ
നല്ല വനത്തിലിറുക്കും വനതൈവമെല്ലാം
നല്ലരാമരാമാ അടിയവനെ കാക്കവേണമാ
നല്ല പുലത്തിലിറുക്കും പുലതൈവമെല്ലാം
നല്ലരാമരാമാ അടിയവനെ കാക്കവേണമാ
നല്ല ആലിലവോ അരശിലവോ പള്ളി കൊണ്ട മായവരേ
നല്ലരാമരാമാ അടിയവനെ കാക്കവേണമാ
നല്ല പാൽക്കുടമാ താങ്കിക്കൊണ്ടേ രങ്കനാതനാ
നല്ലരാമരാമാ അടിയവനെ കാക്കവേണമാ
നല്ല വീതിവീതി താങ്കിക്കൊണ്ടേ രങ്കനാതനാ
നല്ലരാമരാമാ അടിയവനെ കാക്കവേണമാ
നല്ല മതിരാ നല്ല മീനാച്ചിയമ്മാളേ
നല്ലരാമരാമാ അടിയവനെ കാക്കവേണമാ
നല്ല മതിരാ നല്ലെ ചൊക്കെൻട്രുനല്ലെ
നല്ലരാമരാമാ അടിയവനെ കാക്കവേണമാ

*ചൊല്ല് - 3*

തച്ചോം തരികിണകാ – താം തരികിണതാ
ചെല്ലപ്പട്ടണം ചീരങ്കപ്പട്ടണം
കാത്തൂതി കാതങ്കപ്പട്ടണമെൻട്രേ.....

ഏളുപേർ മൂത്ത താശിപെൺ വരണമാലക്കും
മന്നൻ വായ്പാത്തം ചെട്ടിക്കും കച്ചിക്കല്യോണം
ചെയ്തു വായ്ത്തുമേയിറുന്താ

*പാട്ട് - 5*

ചന്ദ്രമാതിപനെൻ കുയിലോ
നാൻ നാടന്തുവാ മയിലേ
നല്ല അപ്പാ ചന്തുരനേ
നാൻ നാടന്തുവാ മയിലേ
നല്ല കന്താനിരത്തിടുവാര
പെരുങ്കാലേ വീശിടുവോ
നാൻ നാടന്തുവാ മയിലേ
നല്ല വീശനിരത്തിടുവാര
പെരുങ്കാലേ വീശിടുവോ
നാൻ നാടന്തുവാ മയിലേ
കാനൽവാളും തേനീൽവാളും
കൈലാശ നായകൻ
പാതങ്കൾ വന്തിടുവോ
നാൻ നാടന്തുവാ മയിലേ
ചന്ദ്രമാതിപനെൻ കുയിലോ
നാൻ നാടന്തുവാ മയിലേ

*ചൊല്ല് - 4*

പാവിമുണ്ട വരണമാല കതകേള്......
തവരിടാമൽ പിരിയമുടൻ കൂടിപ്പാടിവിട്ടേൻ.......
അല്ലതോർ വിനകളുംതന്നെ അമുലാകെ നീങ്കക്കണ്ടേൻ....
ചിന്തമുള്ള തുലങ്കിയ കോവലവർ കതകേള്........

തവരിടാമൽ പിരിയമുടൻ കൂടിപ്പാടിവിട്ടേൻ..
അല്ലതോർ വിനകളും തന്നെ അമുലാകെ
നീങ്കെ..... കണ്ടേൻ

അളകുള്ള പറുവതപത്തിനി കന്യകയ് കതകേള്....
തവരിടാമൽ പിരിയമുടൻ കൂടിപ്പാടിവിട്ടേൻ......
അല്ലതോർ വിനകളും തന്നെ അമുലാകെ
നീങ്കെ.......... കണ്ടേൻ.........
മാതകൈപ്പെൺ തേവതാശി കതകേള്
തവരിടാമെൽ പിരിയമുൻ കൂടിപ്പാടിവിട്ടേൻ......

അല്ലതോർ വിനകളും തന്നെ
പല്ലുതൊരുനാൾ കുറ്റമാകെക്കണ്ടേൻ...

*പാട്ട് - 6*

തന തനനേ.... താനനാനോ
തനനന്നേ താന തന്നാനോ
നല്ല വരണമാലെ വാശലിൽ
നല്ല വളന്തിരുന്ത വന്നിമരം
നല്ല മുത്തുനാലെ കളഞ്ചുകം
നല്ല താനാകെ വളന്തിറുന്തു
നല്ല തങ്കത്തുനാലെ കളഞ്ചുകം
നല്ല താനാതെ വളന്തിരുന്തു
തന തനനേ........ തനനാനോ
തനനന്നേ.... താനനാനോ
നല്ല ആടുകോടി വരണ ലച്ചം
നല്ല കോടികോടി വരണ ലച്ചം
നല്ല താനാകെ വളന്തിറുന്ത്

*ചൊല്ല് - 5*

പാവുമുണ്ട വരണമാല ഇതയം പാർത്തുവിട്ടുതാനേ..
തങ്കത്തിനാലെ മുറം കയ്യിലെടുത്തു വിട്ടേൻ.
തന്നോടെ നന്തവനത്തിലും താനെ, മൺകുത്തി
മൺവിളയാട്ടിക്കൊൺട്രുമേ ഇറക്കാ....
പരമുചിവൻ ചാമി ഇതയം പാർത്തുവിട്ടുതാനേ...
തന്നോട് ഉച്ചിവെച്ച് ഉള്ളങ്കാൽ വരെയുള്ളലാടലാ-
പരണങ്കളെതാൻ കളയ്ട്ടി വയ്ത്തുവിട്ടേൻ...
എന്തതോ പിച്ചവേശം പോട്ടുമേവിട്ടാൻ....

*പാട്ട് - 7*

നല്ല പരമുചിവൻ പാർവ്വതീയും
നല്ല കാവിവേട്ടി മേലണിഞ്ഞ്
നല്ല പരമുചിവൻ പാർവാതീയും
നല്ല ചോളുകപ്പയ്യ തോളുപോട്ട്
നല്ല പരമുചിവൻ പാർവാതീയും
നല്ല ചൂരാംകുടുക്ക കയ്യിലെടുത്തു
നല്ല പരമുചിവൻ പാർവാതീയും
നല്ല ചുകുമാം പിരമ്പും കയ്യിലെടുത്ത്
നല്ല പരമുചിവൻ പാർവാതീയും

നല്ല മേലോകംവിട്ട് കീഴ്ലോകമിറങ്ങി
നല്ല പരമുചിവൻ പാർവാതീയും
നല്ല വരണമാല വാസലിൽ ചെൻട്രു
നല്ല പരമുചിവൻ പാർവാതീയും
നല്ല പിച്ചയുംതാൻ കേക്കൂറാള
നാല്ല പാവിമുട്ട വരണമാല
നല്ല പിച്ചയും താൻ പോടൂറാള
നല്ല പരമുചിവൻ പാർവാതീയും
നല്ല പിച്ചയും താൻ വാങ്കുറാള
നല്ല പരമുചിവൻ പാർവാതീയും
നല്ല തെരുവീതി വഴിയേ പോകൂറാള
നല്ല പരമുചിവൻ പാർവാതീയും
നല്ല പരമുചിവൻ പാർവാതീയും
നല്ല കാവരിയാററിലെ ചെൻട്രൂറാള
നല്ല കാവരിയാററിലെ ചെൻട്രൂറാള
ഓ......... ആ.........

*ചൊല്ല് - 6*

പരമുചിവൻ ചാമി കാവരിയാറ്റിൽ ചെൻട്രുടൻ താനേ....
കാൽ കൈ മതിമൂകം ചുത്തം ചെയ്തുവിട്ടേൻ..
ഇടംപിരിവലംപിരി പൂജനമസ്കാരം ചെയ്തുവിട്ടേൻ...
പിച്ചയവുത്തു പാർക്കുമ്പോതുതാനേ.
പെരുമണ്ണാ മലടാ ഉമിയാ തവിടാ
പിച്ചപോട്ടതു താനേ.....
മുത്തുനാലെ കളഞ്ചികം വെള്ളിനാലെ കളഞ്ചികം
ആടുകോളി വരണലച്ചം
കോടി കോടി വരണലച്ചങ്കൾ താനേ........
അതും താൻ താനാകെ അളിയകണ്ടേൻ....
പരമുചിവൻ ചാമി പൊല്ലാതെചാപം
പോട്ടു വിട്ടുതാനേ....
കീഴ്ലോകം വിട്ട് മേലോകമാ പറന്തുമേ
പോക കണ്ടേൻ...

പാവിമുണ്ട വരണമാല തന്നോടെ
അരുമുനയിൽ ചെൻട്രു പാർക്കിൻപോതുതാനേ...
ആണ്ടിയ പരതേശിക്കോ പിച്ചപോട്ടതിനാലേ..

മുത്തുനാലേ കളഞ്ചികം തങ്കത്തുനാലെ കളഞ്ചികം
വെള്ളിനാലേ കളഞ്ചികം ആടുകോളി വരണലച്ചം
കോടികോടി വരണലച്ചങ്കൾ താനേ.......

പെരുമണ്ണാ മലടാ ഉമിയാ തവിടാ കരിയാകെ
പോകകണ്ടേൻ.......
പാവിമുണ്ട വരണമാല തന്നോടെ നന്തവനത്തിൽ
ചെൻട്രു വിട്ടുതാനേ.....
ആലിലയും അരശിലയും വിരിച്ചുവിട്ടേൻ.......
അതിമ്മേൽ പന്തുവയ്ത്ത് പന്തുക്കുമേൽ
എലിവിച്ചം കൊലുവിച്ചം കായ് വയ്ത്തുവിട്ടേൻ...
അതിമ്മേൽ ചൂചിയും നാട്ടി, ചുചിക്കുമേലേറി
ഉക്കാന്തുക്കൊണ്ടു പരമുചിവൻ ചാമിയെ
പരഞ്ചാട്ടി അളുത് പുലമ്പിക്കൊണ്ടിറുക്കക്കണ്ടേൻ....
പരമുചിവൻ ചാമിയും പാർവേതിയമ്മാളും
തന്നോടെ പന്തടിക്കും മേടകയിൽ
പന്തടിച്ചു വിളയാൻട്രു കൊണ്ടിറുക്കുമ്പോതു
കീൾപൂമിയിൽ പുചുവാനളവൻ
അളുകവയന ചത്തം കേൾക്കെ...

(ബാക്കി സംഭാഷണം)

പാർവ്വതി: അകോവാരം പരമചിവൻ ചാമിയേ കീൾപൂമിയിൽ പുചുമാനളവൻ അളുകവയന ചത്തം കേൾക്കെ പരമുചിവൻ ചാമിയേ

പരമചിവൻ: അപ്പടിയെല്ലാമില്ല പാർവ്വതിയേ..........കീഴ്പൂമിയിൽ പുചുമാനളവൻ ഇരുപ്പതിനാലേ അളുകവയന ചത്തം കേൾക്കും.

പാർവ്വതി: അപ്പടിയെല്ലാമില്ല പരമചിവൻ ചാമിയേ നീങ്ക കീഴ്പൂമിയിൽ പോനതുപിന്നാടി അളുകവയന ചത്തം കേട്ടത് ആർക്കോ നിങ്കെ തോശം ചെയ്തുകാണും. പോയി നല്ല വരം കൊടുത്തിട്ടു വരാമെൽ പോനാൽ പത്തുമാശം കെൽപ്പിണിനാൻ നാവു പുടുങ്കി മാൻണ്ട് മടിഞ്ചുപോകും പരമചിവൻ ചാമിയേ......

പരമചിവൻ: അപ്പടിയെല്ലാമില്ല പാർവാതിയേ. നമക്കിരുവർക്കും പോയി നല്ല വരം കൊടുത്തിട്ടു വരാമേ പാർവാതിയേ...

പാർവ്വതി: അപ്പടിയേയാകട്ടും പരമുചിവൻ ചാമിയേ

*പാട്ട് - 6*

ഓ നല്ല പരമുചിവൻ പാർവ്വതീയും
ഓ നല്ല മേലോകം വിട്ട് കീലോകം ഇറങ്കി
ഓ നല്ല മുത്തുനാലെ കളഞ്ചികം
ഓ നല്ല താനാകെ വളന്തിറുന്തേ
ഓ നല്ല തങ്കത്തിനാലെ കളഞ്ചികം
ഓ നല്ല താനാകെ വളന്തിറുന്തേ
ഓ നല്ല വെള്ളിനാലെ കളഞ്ചികം
ഓ നല്ല താനാകെ വളന്തിറുന്തേ
ഓ നല്ല ആടുകോളി വരണലച്ചം
ഓ നല്ല താനാകെ വളന്തിറുന്തേ
ഓ നല്ല കോടികോടി വരണലച്ചം
ഓ നല്ല താനാകെ വളന്തിറുന്തേ
ഓ.......... ഓ...........

*ചൊല്ല് - 7*

പരമുചിവൻ ചാമിയും പാർവാതിയമ്മാളും
വരണമാല വാശലിൽ ചെൻട്രുപാർക്കു
മ്പോതു താനേ...
പഞ്ചിപൊത്തിയംപോലെ തലയും വയ്ത്തുവിട്ടേൻ...
ആലിലയും പോലെ തുണിയും വയ്ത്തുവിട്ടേൻ...
മുള്ളോന്തയെപ്പോലെ രേകം വയ്ത്തുവിട്ടേൻ....
അതുന്താൻ വടതിചയെ പാർത്തുക്കൊൺട്രുമേ
ഇറുക്കക്കണ്ടേൻ........
(സംഭാഷണം)

പാർവ്വതി: അകോവാരം വരണമാലയേ നിമതട്ടി, നിമതുറന്ത് പാർക്കവേണം വരണമാലയേ

വരണമാല: അപ്പടിയെല്ലാമില്ലെ പരംതേവിയേ ഇപ്പടി മുന്തിയ ആൻടിയ പരം തേശിക്കോ പിച്ച പോട്ടതിനാലെ എൻ മുത്തിനാലെ കളഞ്ചികം തങ്കത്തിനാലേ കളഞ്ചികം വെള്ളിനാലേ കളഞ്ചികം ആടുകോളി വരണലച്ചം, കോടികോടി വരണലച്ചം വെറും മണ്ണാ മലടാ ഉമിയാ തവിടാ കരിയാ കല്ലാ പോയി വിട്ടതി നാലെ ഒരുപോതും നാൻ നിമതട്ടി, നിമതുറന്ത് പാർക്കവില്ല പരംതേവിയെ

പാർവ്വതി: അപ്പടിയല്ലാമില്ല വരണമാലയെ നിമതട്ടി നിമതുറന്ത് പാർക്കവേണം വരണമാലയെ

*ചൊല്ല് - 8*

പാവിമുണ്ട വരണമാല നിമതട്ടി, നിമതുറന്ത്
പാർക്കുമ്പോതു താനേ......

പരമുചിവൻ ചാമിയും പാർവ്വതിയമ്മാളും
തന്നെയതുക്കലൈ നിക്കക്കണ്ടേൻ......

പാവിമുണ്ട വരണമാല തന്നോടെ
തുയിലാടക്കച്ച വരിഞ്ചുകെട്ടി വിട്ടാ

കാൽവലം വയ്ച്ച് കാലളവും താൻ
വണങ്കി തെണ്ടനിട്ടേ......
അരവലം വയ്ച്ച് അരയളവും താൻ
വണങ്കി തെണ്ടനിട്ടേ....
മുക്കാവലം വയ്ച്ച് മുളുവതും താൻ
വണങ്കി തെണ്ടനിട്ടേ.....
അകോവാരം പരമചിവൻചാമിയേ കേളോ...

അടിയൻ തന്നെ ആറുതപ്പ് നൂറുപിള
കോടി തപ്പു ചെയ്തിറുന്തതുമേയാനാൽ
എന്നവേ കൊണ്ടണഞ്ച് എനക്ക്
നല്ലവരം വേണമെൻട്ര് ശൈത്താങ്കമാ
കാലിലുമേ വിളുകകണ്ടേൻ..

പരമുചിവൻ ചാമി കൊടുക്കാതെ
വാക്യങ്കളേത്താൻ
കൊടുത്തതും പത്താമെതാനേ......

അകോവാരം പരമചിവൻ ചാമിയേ കേളോ...
എനക്കൊരു പുള്ളപാക്യം കൊടുത്തിട്ട്
പോണമെൻട്ര് കോൾക്കുമ്പോത്....

പരമുചിവൻചാമി ഇതയം കേട്ടുവിട്ട് താനേ
എലിവിച്ചം കായ് കയ്യിൽ കൊടുത്ത്
ഇതുമുളുങ്ങുവതുമേ ആനാൽ ഉനക്ക്
പത്തുമാചം കളിഞ്ചുടനെയൊരു പുള്ള പുത്തിറൻ
പിറക്കുമെൻട്രു ചൊല്ലി

പരമുചിവൻ ചാമിയും തന്നെ
മായമാക പറന്തുമേ പോക കണ്ടേൻ.....

*പാട്ട് 9*

നല്ല മുകത്തളകെ കൊടുത്താലും
നല്ല യുവനങ്കൾ പൊറുകാത്
നല്ല കണ്ണളകെ കൊടുത്താലും
നല്ല യുവനങ്കൾ പൊറുകാത്
നല്ല കയ്യളകെ കൊടുത്താലും
നല്ല യുവനങ്കൾ പൊറുകാത്
നല്ല മേലളകെ കൊടുത്താലും
നല്ല യുവനങ്കൾ പൊറുകാത്
നല്ല കാലളകെ കൊടുത്താലും
നല്ല യുവനങ്കൾ പൊറുകാത്
ഓ.......... ആ........

*ചൊല്ല് 9*

മുകത്തളകെ കൊടുത്താലും ഇന്ത
യുവനങ്കൾ പൊറുക്കവില്ല തായേ........
കണ്ണളകെ കൊടുത്താലും ഇന്ത
യുവനങ്കൾ പൊറുക്കവില്ല തായേ
കയ്യളകെ കൊടുത്താലും ഇന്ത
യുവനങ്കൾ പൊറുക്കവില്ല തായേ
മേലളകെ കൊടുത്താലും ഇന്ത
യുവനങ്കൾ പൊറുക്കവില്ല തായേ
കാലളകെ കൊടുത്താലും ഇന്ത
യുവനങ്കൾ പൊറുക്കവില്ല തായേ
നകത്തിലിറുക്കും നകത്തുചളവെ കൊടുത്താൽ
ഇന്തയുവനങ്കൾ പൊറുക്കും എൻട്രുമേ ശൊല്ലെ.....

*പാട്ട് 10*

ഓ നല്ല ഒരുമാചകലുപ്പേ മേരുന്താ
ഓ നല്ല രണ്ടുമാച കലുപ്പേ മേരുന്താ
ഓ നല്ല മൂന്നുമാച കലുപ്പേ മേരുന്താ
ഓ നല്ല നാലുമാച കലുപ്പേ മേരുന്താ
ഓ നല്ല അഞ്ചുമാച കലുപ്പേ മേരുന്താ
ഓ നല്ല താനാകെ വളന്തീറുന്തേ

ഓ നല്ല ആറുമാച കലുപ്പേ മേരുന്താ
ഓ നല്ല ഏളുമാച കലുപ്പേ മേരുന്താ
ഓ നല്ല എട്ടുമാച കലുപ്പേ മേരുന്താ
ഓ നല്ല പത്തുുമാച കലുപ്പേ മേരുന്താ
ഓ നല്ല പച്ചപ്പാലകനേ പെത്തെടുത്തേ
ഓ നല്ലെ തന്നെതാനോ.... താനാനോ.......

*ചൊല്ല് 10*

പാവിമുണ്ടവരണമാല പുള്ളയെ പെത്തെടുത്ത്
പാർക്കുമ്പോതുതാനേ.....
ഇന്തിരചന്തിരകോടി ചൂര്യനേപ്പോലൊരളവിൽ
പിള്ള പിറന്തുമേ വിട്ടാൻ..
പിറന്തതോർ പിള്ളക്ക് ചിന്തമുള്ള
തുലങ്കിയ കോവിലപ്പെരുമാളെൻട്രു
പേരുകൂറിമേ വിട്ടാൽ......

*പാട്ട് 11*

നല്ല പിത്തുമേലെ മകനെ ഏറവേണ്ട
നല്ല പിത്തുനാകം കണ്ടാൽ തീന്തിടുമേ
നല്ല കല്ലുമേലെ മകനെ ഏറവേണ്ട
നല്ല കല്ലുറണ്ടപോലെ മോചം പോലെ
നല്ല മരത്തുംമേലെ മകനെ ഏറവേണ്ട
നല്ല മരമൊടിഞ്ചാ പോലെ മോചം പോലെ
നല്ല വളിയപോലെ മകനെ കുളയും കാൺപെ

നല്ല എന്ന ചെയ്‌വോ മകനേ
അപ്പോൾ ഏതു ചെയ്‌വോ
നല്ല മരുതനാലെ മകനേ പട്ടണമാ
നല്ലോളെന്ന കാൺപോ മകനേ
ഏതു കാൺപോ
നല്ലോരേലമരത്തും മേലെ മകനെ ഏറവേണ്ട
നല്ലോരേല നാകം കണ്ടാൽ തിന്തിടുമേ
ഓ...... ആ.......

*ചൊല്ല് 11*

പാണ്ടിയരാജൻ ചാമി ഇതയം കേട്ടു വിട്ടുതാനേ..
ഒൻപതുപേർ കാവലാളികളേത്താൻ
വരവളത്തു വയ്ത്തുവിട്ടേൻ......

പാണ്ടിയരാചൻ: അകോവാരം കാവലാളികളേ എണ്ണണ്ണേക്കും മലടിയാരുന്ത വരണമാലക്ക് പുള്ളപുത്രൻ പിറന്ത ചേതിമാറ്റം കേൾവിയിൽ കേട്ടേൻ ഉടനേക്കുടനവേ കാവരിപ്പൂം പട്ടണത്തിൽ പോയ് ചേതിമാറ്റം തെരിഞ്ചുവരവേണം.

*ചൊല്ല് 12*

ഒൻപതുപേർ കാവലാളികൾ ഇതയം കേട്ടു
വിട്ടുതാനേ.......
പാണ്ടിയരാചൻ ചാമിയെ കാൽ വളങ്കി തെണ്ടനിട്ട്
കാവരിപ്പൂം പട്ടണം തന്നെ ഓടോടു ചെൻട്രാൻ.....
ഓ.......... ആ..........

ഒൻപതുപേർ കാവലാളികൾ പാവിമുണ്ട
വരണമാല അരുമുനയെ ചെൻട്രുപാർക്കുമ്പോതുതാനേ.......
ഇന്തിര ചന്തിര കോടി ചൂര്യനേപ്പോലൊ-
ലൊരളവിൽ പുള്ള പിറന്തു വളർന്തു
കൊണ്ടുമേ ഇരിക്കക്കണ്ടേൻ......

ഒൻപതുപേർ കാവലാളികൾ ഇതയം
പാർത്തുവിട്ടുതാനേ........
തെൻ മുതുരാവിരിപ്പം പട്ടണം തന്നെ
ഓടോടു ചെൻട്രാൻ.......

കാവലാളികൾ: അകോവാരം പാണ്ടിയരാചൻ ചാമിയേ വരുണമാല പുള്ളപുത്രൻ പിറന്തതു ശരിതാൻ. ഏതോയൊരു തോശം ചെയ്തതിനാലെ വരുണമാലക്ക് പുള്ളപുത്രൻ പുറന്തത് നമക്കും ഇക്കാലകൂവ് ഒരു തോശം ചെയ്യവേണം പാണ്ടിയരാചൻ ചാമിയേ

പാണ്ടിയരാചൻ: അപ്പടിയേയാവട്ടും കാവലാളികളേ നമ്മൂർ വെങ്കലം വിയ്ക്കും ഏളുകന്നാൻ തലൈ വെട്ടി കൊലുവിൽ വയ്പോം കാവലാളികളേ

കാവലാളികൾ: അപ്പടിയാവട്ടും പാണ്ടിയരാചൻ ചാമീ..............

*പാട്ട് 12*

തന്നനാ താനോ തന്നാ
തന്നന്നാ തന്നാനോ താനേ താനാനോ
നല്ല ഏളുപേരെ കന്നാൻമാരെ കന്നാൻമാരേ

നല്ല വെങ്കിലത്തെയുരുക്കുങ്കോടോരുക്കുങ്കോടോ
നല്ല ഏളുപേരെ കന്നാൻമാരെ കന്നാൻമാരെ
നല്ല വെങ്കിലത്തെ തട്ടുങ്കടോ തട്ടുങ്കടോ
നല്ല വെങ്കിലത്തെ തട്ടുങ്കടോ തട്ടുങ്കടോ
നല്ല വെങ്കിലപ്പൊതി കെട്ടുങ്കടോ കെട്ടുങ്കടോ
നല്ല വണ്ടിമേലെ പാരാം പോട്ടോ പാരാം പോട്ടോ
നല്ല വണ്ടിമേലെ പാരാം പോട്ടോ പാരാം പോട്ടോ
നല്ല പാണ്ടിയരാചൻ പട്ടണം താൻ വില്ക്കപ്പോര
നല്ല പാണ്ടിയരാചൻ പട്ടണം താൻ വില്ക്കപ്പോര
നല്ല തെൻമരുതേ പട്ടണം താൻ വില്ക്കപ്പോര
നല്ല തെൻമരുതേ പട്ടണം താൻ വില്ക്കപ്പോര
നല്ല പാണ്ടിയരാചൻ പട്ടണം താൻ വില്ക്കപ്പോര

*ചൊല്ല് 13*

ഏളുകന്നാൻ വെങ്കല ഉലയും വയ്ത്തുവിട്ടേൻ.....
ചെമ്പുത്തുണ്ടും വെങ്കലത്തുണ്ടും പോട്ട് ഉരുക്കും പോതു....
ഏതേ ഒരു ചവിനം തട്ടി തന്നാ കാരാ കരിമ്പുക
ഏളുമ്പിക്കൊണ്ടിരിക്കക്കണ്ടേൻ..
പാട്ടനാർ ഇതയം പാർത്തുവിട്ടുതാനേ......

പാട്ടനാർ: അകോവാരം പേരൻമാർകളേ ഉങ്കൾ തെൻ മതിരപ്പട്ടണം വെങ്കലം വിക്കപ്പോകവേണ്ട ........ പേരൻമാർകളേ..........

കന്നാൻമാർ: അപ്പടിയെല്ലാമില്ല യെന്തനുടെ പാട്ടനാരേ കേളോ തെൻ മതിരപ്പട്ടണം വെങ്കലം വിറ്റുവിലകൂറിയാകുമെൻട്രുമേ ശൊല്ലെ.................... പാണ്ടിയരാചൻ അരുമുനയിൽ നിൻട്ര് ഒൻപതുപേർ കാവലാളികൾ പട്ടണത്തു വീതി വളിയേ പോകുമ്പോതുതാനേ........ എളുകന്നാനും തന്നെ വെങ്കലം വിത്ത് വിലകൂറിക്കൊണ്ടുമേ ഇറുക്കക്കണ്ടേൻ...

കാവലാൾ: അകോവാരം ഏഴുകന്നാനെ, പാണ്ടിയരാചൻ ഉത്തരവു പ്രകാരം മതിരപ്പട്ടണത്തിൽ വെങ്കലം വിക്കക്കൂടാതെൻട്ര് പാണ്ടിയരാചൻ ഉത്തരവു പോട്ടതിനാലെ ഇപ്പവേക്കിപ്പവേ നീങ്ക തെൻമതിരവിട്ട് ഓടിപ്പോകവേണം എളുകന്നാനെ

കന്നാൻമാർ: അപ്പടിയെല്ലാമില്ല കാവലാളികളേ, എങ്കപ്പാട്ടൻ പൂട്ടൻ ചെയ്യാൻ കാലത്തെമുതൽ ഇന്ത പാണ്ടിയരാചൻ പട്ടണത്തിലെ വെങ്കലം വിത്ത് വിലകൂറി കിട്ടിറ ഉമിയോ തവിടോ കഞ്ചികുടിക്കിറ വയനമിറുക്കേ....... അതെയെപ്പോലെ നാങ്കെ ഇനിയും വെങ്കലം വിത്ത് വിലകൂറിത്താനാകും കാവലാളികളേ.

*ചൊല്ല് 14*

ഒൻപതുപേർ കാവലാളികൾ ഇതയം
കേട്ടുവിട്ടുതാനേ......
ഏളുകന്നാനെ കെട്ടിപുടിച്ച് വിട്ട് നല്ല
പാണ്ടിരാചൻ അരമുനക്കുതന്നെ
ഓടോടു ചെൻട്രാൻ.......

കാവലാൾ: അകോവാരം പാണ്ടിയരാചൻ ചാമിയേ...... ഏളുകന്നാനെ കൊണ്ടു വന്തേൻ പാണ്ടിയരാചൻ ചാമിയേ

*ചൊല്ല് 15*

പാണ്ടിയരാചൻ ചാമി ഇതയം കേട്ടുവിട്ടുതാനേ.
തിരുപ്പുറം, കുൻട്രങ്കളോ തൈവകാളി കോവിൽ എൻട്ര്......
അടകപ്പാര, തടകപ്പാര തച്ചമില്ലാതെ
വെങ്കിലപ്പാറ മുമ്പാകെ വെട്ടി
പതിവുചെയ്യവേണമെൻട്രുചൊല്ലെ............
പാണ്ടിയരാചൻ പട്ടത്തുമന്തിരവാളെ
കയ്യിൽ കൊടുത്തുമേ വിട്ടാൻ.....
ആ.................. ഓ...........

ഒൻപതുപേർ കാവലാളികൾ അകടപ്പാര, തടകപ്പാര
തച്ചമില്ലാതെ വെങ്കലപ്പാര മുമ്പാകെ......... താനേ.......
വഞ്ചികാ തൂചി വഞ്ചിമല തെക്കു വരിചിയാകെ
നിർത്തി വിട്ടേൻ..........
ഏളുക്കന്നാനെ വീശുമ്പോതു ഏളുക്കന്നാൻ
മായ്മാ പറന്തുമേ വിട്ടാൻ ..... കണ്ടേൻ.....

*പാട്ട് 13*

നല്ല ചാലതാലേ രുണ്ടാലാവരുണ്ടാലാവ
നല്ല മീളൻ കാലുക്ക് നായമില്ലെ നായമില്ലെ
നല്ല പാക്കുപൊതിയ കണ്ടവർക്കോ കണ്ടവർക്കോ
നല്ല പല്ലുനാലെ ടിത്താലാവോ ടിത്താലാവോ
നല്ല വന്നിലാനേ കമ്മാളനാ കമ്മാളനാ
നല്ല മാരതാലേ ചേവുകനോ ചേവുകനോ
നല്ല വെങ്കിലപ്പൊതി ചുങ്കമില്ലെ ചുങ്കമില്ലെ
നല്ല മീളൻ കാലുക്കു നായമില്ലെ നായമില്ലെ
നല്ല ഏളുതാൻ വേരാതെ കാവേരാതെ
നല്ല ഏളുതാനിയേ ചായാതമായതമാ

*പാട്ട് 16*

ഏളുകന്നാനെ വീശുമ്പോതുതാനേ......
ഏളുകന്നാൻ മായമാ പറന്തുവിട്ടാൻ......
ഓ............ ആ...............
ഒൻപതുപേർ കാവലാളികൾ ഇതയം പാർത്തുവിട്ടുതാനേ...
പാണ്ടിയരാചൻ അരമുനക്കുതാനേ..........
ഓടോടു ചെൻട്രാൻ.........

കാവലാളികൾ: അകോവാരം പാണ്ടിയരാചൻ ചാമിയേ ഏളുക്കന്നാനെ വീശുമ്പോതു ഏളുക്കന്നാൻ മായമാ പറന്തുവിട്ടാൻ പാണ്ടിയരാചൻ ചാമിയേ

പാണ്ടിയരാചൻ: അപ്പടിയെല്ലാമില്ല കാവലാളികളേ... ഏളുക്കന്നാൻ തലയെ കൊലവിൽ വയ്ക്കാമൽ പോനാൽ ഉങ്കൾ ഒൻപതുപേർ തലയും വെട്ടി കൊലുവിൽ വയ്ക്കും കാവലാളികളേ..................

*ചൊല്ല് 17*

ഒൻപതുപേർ കാവലാളികൾ ഇതയം
കേട്ടുവിട്ടുതാനേ.....
കാടോ ചെടി കണ്ടാവനം ചുത്തി–
ത്തേടി പാർക്കിൻ പോത്........
ഓ............ ആ............
ഏളുകന്നാനെയും എങ്കയും കാണവില്ലയെൻട്രു
ശൊല്ലി പാണ്ടിയരാചൻ അരമുനക്കു താനെ
ഓടോടു ചൊൻട്രാൻ....
ഓ........ ആ.........

കാവലാളികൾ: അകോവാരം പാണ്ടിയരാചൻ ചാമിയെ കാടോ ചെടി കണ്ടാവനം ചുറ്റിപ്പാർത്തിട്ടും ഏളുകന്നാനെ എങ്കയും കാണതില്ലെ പാണ്ടിയരാചൻ ചാമിയേ..............

പാണ്ടിയരാചൻ: അപ്പടിയെല്ലാമില്ല കാവലാളികളേ....... ഏളുക്കന്നാൻ തലയെ വെട്ടി കൊലുവിൽ വയ്ക്കാമെപോനാൽ ഉങ്കളൊമ്പതുപേർ തലയും വെട്ടി കൊലുവിൽ വയ്ക്കും കാവലാളികളേ.....

*ചൊല്ല് 18*

ഒൻപതുപേർ കാവലാളികളിതയം കേട്ടുവിട്ടുകാനേ.....
ഓരോരുശത്രത്തെ തേടി പാർക്കുമ്പോത്....
ഏളുക്കന്നാനെ എങ്കയും കാണവില്ലെ.....
വടമാതുര വടപത്തിരകാളി കോവിലിലെ
തിരന്തു പാർക്കുമ്പോതുതാനേ.......
ഏളുകന്നാനും തന്നെ അമ്മാൾ ലിങ്കത്തോട്
ലിങ്കം കെട്ടി അണഞ്ചുകൊൺട്രുമേ
ഇരിക്കക്കണ്ടേൻ.........
ഓ............. ആ................
ഏളുകന്നാനെ കളുത്തളവിൽ
വീശുമ്പോതുതാനേ...........
അമ്മാൾ മാറളവ് രത്തമുള്ളുകെകണ്ടേൻ....
ഏളുകന്നാനെ മാറളവ് വീശുമ്പോതുതാനേ...
അമ്മാളരയളവ് രത്തം മുള്ളുകെക്കണ്ടേൻ.....
ഏളുകന്നാനെ അരയളവ് വീശുമ്പോതുതാനേ
ചെറുവുടലും പെരുവുടലും മൺമേൽ
പൂവെപോലെ ചിതറിമേ വീളുകകണ്ടേൻ......

*പാട്ട് 14*

നല്ല വടപത്തിര കാളീ
ഈ ഉലകത്തിൽ വന്തു തേവേ
നല്ല ഉരുവാച്ചമ്മ
ഈ ഉലകത്തിൽ വന്തു തേവേ
നല്ല ചാഞ്ചാട്ടമ്മാ
ഈ ഉലകത്തിൽ വന്തു തേവേ
നല്ല പരമൂചിവനേ
ഈ ഉലകത്തിൽ വന്തു തേവേ
നല്ല മരുതാ നല്ലെ
ഈ ഉലകത്തിൽ വന്തു തേവേ
നല്ല മീനാച്ചിയമ്മ
ഈ ഉലകത്തിൽ വന്തു തേവേ
നല്ല മതുരാ നല്ല
ഈ ഉലകത്തിൽ ചൊക്കേറുന്താൻ
നല്ല ചൊക്കേറുന്താൻ
ഈ ഉലകത്തിൽ വന്തു തേവേ
തന്നനാന തന്നാ......
നല്ല പടച്ചേനമ്മ

ഈ ഉലകത്തിൻ പാർവ്വതീയേ......
നല്ല പാർവ്വതീയോ
ഈ ഉലകത്തിൽ വന്തു തേവേ
തന്നനാനോ..... തന്നാ............
നാനനാനോ..... തന്നേ............

*ചൊല്ല് 19*

തച്ചോം തരികിണ താ..........
വടപത്തിരകാളിയമ്മ ഇതയം പാർത്തു
വിട്ടുതാനേ......
കണ്ണുരണ്ടും ചെവന്ത് കടുംകോപമേറിവിട്ടേൻ.......
തന്നോടെ രതമേറി രതം വിട്ടുതാനേ........
എന്തതോർ പാണ്ടിയരാചനരമുനക്കുതന്നെ
ചെല്ലക്കൂടി വളിനടക്കക്കണ്ടേൻ.........
ആ............. ഓ..............
പാണ്ടിയരാചൻ അരമുനയിൽ ചെൻട്രുടൻ താനേ......

കാളിയമ്മ: അകോവാരം പാണ്ടിയരേ, ഏളുകന്നാനെ വീശിനതിനാലെ ഉൻ പൊൻചാതി കോവിലിങ്കി വയത്തിലെ താൻ കാറ്റെപോലെ പുകന്ത് തൂശി പോലെ നുളഞ്ച് ഒരു പുള്ള പുത്രൻ ചെനിച്ച് വളന്ത് ഉൻ കുടലെ കുത്തി മാല തരിക്കാമെപോനാൽ നാനും ഒരു വടപത്തിര കാളിയല്ലെ.

*ചൊല്ല് 20*

വടപത്തിര കാളി പൊല്ലാതെ ചാപം
പോട്ടു വിട്ടുതാനേ......
തന്നോടെ രതം ഏറി രതം വിട്ടുതാനേ
തന്നോടെ കോവിലുമേ ചെൻട്രാൻ.......

*പാട്ട് 15*

ഓ നല്ല യൊരുമാചകലുപ്പേ മേരുന്താ
ഓ നല്ല രണ്ടുമാചകലുപ്പേ മേരുന്താ
ഓ നല്ല മൂന്നുമാചകലുപ്പേ മേരുന്താ
ഓ നല്ല നാലുമാചകലുപ്പേ മേരുന്താ
ഓ നല്ല അഞ്ചുമാചകലുപ്പേ മേരുന്താ
ഓ നല്ല താനാകെ വളന്തിരുന്ത്
ഓ നല്ല ആറുമാചകലുപ്പേ മേരുന്താ
ഓ നല്ല ഏള്ളുമാചകലുപ്പേ മേരുന്താ
ഓ നല്ല എട്ടുമാചകലുപ്പേ മേരുന്താ

ഓ നല്ല പത്തുമാചകലുപ്പേ മേരുന്താ
ഓ പച്ച പാലകത്തിയെ പെത്തെടുത്തേ
ഓ..... നനതാനാ......

*ചൊല്ല് 21*

കോവിലിങ്കി പുള്ളയെ പെത്തെടുത്തു
പാർക്കുമ്പോതു താനേ......
ഇരുകാൽ മണിച്ചിലമ്പ് കന്നത്തുവളി
പൂമാലയുടൻ താനേ.......
ഇന്തിര ചന്തിരകോടി ചൂര്യനേപ്പോലെ
ഒരൊളിവിൽ പിള്ള പിറന്തുമേവിട്ടാ.........
പിറന്തതോർ പുള്ളക്ക് കണ്ണകിയെൻട്രു
പേര് കൂറിമേ വിട്ടാർ............
പാണ്ടിയരാചൻ ചാമി ഇതയം
പാർത്തുവിട്ടുതാനേ.........
ഓരോർ കണിയാനേ താൻ
വരവളത്തി വയ്ത്തിവിട്ടേൻ.........
കണിപോട്ട് പാർക്കുംപോത്

പാണ്ടിയരാചൻ: അകോവാരം കണിയാർകളേ......... ഇത്തിനപേർ നീങ്കെ കണി പോട്ട് എന്നന്നാ ശവനം തോറ്റമെൻട്ര് യാരും ശൊല്ലവില്ലെ കണിയാൻ മാർകളേ

കണിയാൻമാർ: അകോവാരം പാണ്ടിയരാചൻ ചാമിയേ പയപ്പെട്ടേ ചൊല്ലട്ടുമാ പയപ്പെടാമലേ ശൊല്ലട്ടുമാ

പാണ്ടിയരാചൻ: പയപ്പെടാമലേ ചൊൽവേൻ കണിയാർകളേ

കണിയാർകൾ: വായിട്ടളുതാൻ വടമതിര വെന്തുമിടുമെൻട്രോ........ തേമ്പിയ ളുതാൻ തെൻ മതിര വെന്തുമിടുമെൻട്രോ മതുരൈ കാക്കാത് പുള്ളയെൻട്ര് തങ്കത്തുനാലെപോളപ്പെട്ടയിൽ കൊണ്ടുവന്നിവിട്ടേൻ......... പോട്ടടച്ച് എണ്ണെ ണ്ണേക്കും തണ്ണിയില്ലാതെവയയാറ്റിലും തന്നെ, മണൽ തോൺറ്റി, മണൽ പിതച്ച് ചാതകം എന്നുടെ ചാമിയേ കേളോ.......

*ചൊല്ല് 22*

പാണ്ടിയരാചൻ ചാമി ഇതയം കേട്ടുവിട്ടുതാനേ...
നാക്കാലൊരു രൂപയും കയ്യിലെടുത്തുവിട്ടേൻ...

നാലുതട്ടാനെ വരവളത്തി വയ്ത്തുവിട്ടേൻ....
തങ്കത്തുനാലെ പോളപ്പെട്ടി
രാവൊരുവേള പകലൊരുവേള
ചെയ്തുവിട്ടുതാനേ.......
അകമൊരു വാർപ്പ്, പുറമൊരു വാർപ്പ്
വാർത്തുവിട്ടേൻ.....
തങ്കത്തുനാലേ തുറവുകുച്ചിയും
താനുണ്ടുവണ്ണിമേൽ വിട്ടാൻ........
ആ.............. ഓ.............
പാണ്ടിയരാചൻ ചാമി ഇതയം പാർത്തുവിട്ടുതാനേ.....
അകോവാരം തോളിയേ കേളോ
കോവിലിങ്കയിടമിറുക്കും പിള്ളയെതാൻ
അളച്ചുവരവേണമെൻട്ര്..........

ഏളുപേർ തോളികൾ ഇതയം കേട്ടുവിട്ടുതാനേ....
കോവിലിങ്കിടം ചെൻട്രുടൻ താനേ
അകോവാരം തായേ കേളോ...
പാണ്ടിയരാചൻ ചാമി പുള്ളയെ
കേട്ടാമെൻട്ര്
കോവിലിങ്കിയിതയം കേട്ടുവിട്ടുതാനേ...
തങ്കത്തുനാലെ താംപാളത്തിൽ
പുള്ളയെ പോട്ടുവിട്ടുതാനേ.......
തോളികൾ കയ്യിൽ കുടുത്തു തന്നെമേ
പിച്ചിപിച്ചി അളുക കണ്ടേൻ........
പാണ്ടിയരാചൻ ചാമി പുള്ളയെ താൻ
കയ്യിലെടുത്തു വിട്ടേൻ.........
തങ്കത്തുനാലെ പോളപ്പെട്ടിയിൽ
പോട്ടടച്ചു വിട്ടേൻ..........

എണ്ണെണ്ണേയ്ക്കും തണ്ണിയില്ലാത
വയയാറ്റിൽ ചെൻട്രുടൻ താനേ.......
മണൽ തോണ്ടി മണൽ പിതച്ചുവിട്ടേൻ.........
പുള്ളയെ പെത്ത തായാർ
വടദിചയെ പാർത്ത് അളുകും പോത്
അതുംതാൻ പാഞ്ചാൽ കാരുകെട്ടി
പാണ്ടിയരാചൻ തെൻതിശ പാത്ത്
അളുകും പോതു
അതും താൻ പാഞ്ചാല കാരുക്കെ കെട്ടി.

*പാട്ട് 16*

ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല ഓരുമളപെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല രണ്ടു മളപെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല മൂന്നുമള പെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല നാലു മളപെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല അഞ്ചുമളപെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല ആറുമളപെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല ഏളുമളപെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല എട്ടുമളപെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല പത്തുമളപെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല നൂറുമളപെയ്യായേക്കണ്ട്
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല പാഞ്ചാലുക്കാരുക്കയാങ്കെട്ടി
ആ നല്ല തണ്ണി നല്ല ഏളുമ്പുരാള
തനതനനേ...... താനനാനേ.......
തനതനനേ...... താനനാനേ.......
ഓ.................. ആ.........................

*ചൊല്ല് 23*

പകൽ താൻ പോലെ മിന്നലും വിളുന്ത്
മുത്തുപോലെ പത്തുമളപെയ്തുടൻ താനേ...........
എണ്ണെണ്ണേയ്ക്കും തണ്ണിയില്ലാതെ വയയാറ്റിൽ
തണ്ണീരും തന്നെ കുവെകുവെ എളുന്തക്കണ്ടേൻ.......
ഓ................. ആ.................

*പാട്ട് 17*

തനതനനേ താന തനനോ..............
താനേ നനനന്നേ നാനനനനോ
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല ചമുത്തിര വളിയെ പോകുറാള
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല തകതകയെൻട്രു പോകുറാള
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല ഉലാവിക്കിൻട്രു പോകുറാള
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല മെല്ലമെല്ല പോകുറാള
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല തവരിയെ തവരിയെ പോകുറാള
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല ചമുത്തിര കരയോരം പോകുറാള
ആ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ആ നല്ല ചമുത്തിര കരയിലെ ചെൻട്രുറാള

*ചൊല്ല് 24*

കാവരിപ്പൂം പട്ടണത്തിൽ നിൻട്ര്
രങ്കനാതൻ കോവലുക്ക് പുശയ്ക്കുപോകും
പട്ടർ ഇതയം പാർത്തുവിട്ടുതാനേ......
തങ്കത്തുനാലേ പോളിയപ്പെട്ടിയെ
തിരന്ത് പാർക്കിൻപോത്............
ഇരുകാൽ മണിച്ചിലമ്പ്, കന്നത്തുവളിപൂമാല
ഇന്തിര ചന്തിരകോടി ചൂര്യനെപ്പോലൊരൊളുവിൽ
പിള്ള പിറന്തു വളർന്തുക്കൊണ്ടുമേ ഇറുക്ക..... കണ്ടേൻ....
പട്ടറിതയം പാർത്തുവിട്ടുതാനേ.......
ഇത് മനുശനിക്ക് ആകാതെ പുള്ളയെൻട്രുശൊല്ലി......
പിന്നെയും തങ്കത്തുനാലെ പോളിയപ്പെട്ടിയെ
പോട്ടടച്ചു വിട്ടേൻ.......
ഏന്തതൂർ വയകത്തിലെ തള്ളിമേവിട്ടാർ

*പാട്ട് 18*

പട്ടർ വന്താളാ പൂജചെയ്യ്യെ പട്ടർ വന്താള
പട്ടർ വന്തതും പൂണനൂലും കൊൻട്ര്
പട്ടർ വന്താളാ പൂജചെയ്യ്യെ പട്ടർ വന്താള

പട്ടർ വന്തുത് ചെറുപ്പ് മെതിമെതിച്ച്
പട്ടർ വന്താളാ പൂജചെയ്യെ  പട്ടർ വന്താള
പട്ടർ വന്തത് പൊടിപൊട്ട നായകാ
പട്ടർ വന്താളാ പൂജചെയ്യെ  പട്ടർ വന്താള
തനതന്നാനാ...... തനെതന്നെ
തനതന്നാനാ...... തനെ തന്നെ
ആ............... ഓ...............

*ചൊല്ല് 25*

കാവരിപ്പൂം പട്ടണത്തിൽ നിൻട്ര്
മുത്തുവിക്കും ചെട്ടിയും മന്നവൻ
മാച്ചോട്ടം ചെട്ടിയും മന്നൻ വായ്പാത്തം
ചെട്ടിയും മുത്തുക്കപ്പലേറി വിട്ടുതാനേ.....

കീഴ്കടലിൽ നിൻട്ര് മേകടലിക്ക്
കപ്പലോട്ടി പോകുംമ്പോത്
ശമുത്തിരവളിയാകെ തങ്കത്തുനാലെ
പോളപ്പെട്ടി വരുക കണ്ടേൻ..........
മുത്തുവിക്കും ചെട്ടി ഇതയം പാർത്തു
വിട്ടുതാനേ........ ആ.........

അകോവാരം മൈത്തുനനേ കേളോ
പോളപ്പെട്ടി ഉനക്കും പോളപ്പെട്ടിക്കുള്ളക്കിറുക്കും
വയ്ത്തിറമെനക്കും എൻട്രുശൊല്ലി........
മൂവരും തന്നെ ഏട്ടിക്ക പൂട്ടിക്ക കപ്പലോട്ടിമേ
പോക കണ്ടേൻ........
മുത്തുവിക്കും ചെട്ടി കൈനീട്ടുമ്പോതുതാനേ.....
അതും തന്നെ തവർന്ത് തവർന്ത് പോകകണ്ടേൻ....
മന്നൻ മാച്ചോട്ടം ചെട്ടി കൈനീട്ടുമ്പോതുതാനേ
അതും തന്നെ തള്ളിതള്ളി പോകകണ്ടേൻ
മന്നൻ വായ്പാത്തം ചെട്ടി
കൈനീട്ടുമ്പോതുതാനേ........
അതും താൻ പാതി കൈയിലുമേലേറക്കണ്ടേൻ........
മന്നൻ വായ്പാത്തം ചെട്ടി കപ്പൽ
കേത്തുമരം കെട്ടിവിട്ടുതാനേ...
തങ്കത്തുനാലേ പോളിയപ്പെട്ടിയെ
തൂക്കി വയത്തുവിട്ടേൻ......

എന്തതോർ ചിത്തിരമൂകചാവടിക്കും
തന്നെ ചീരാകെ മെൻട്രാൻ.....

ചിത്തിരമൂകചാവടിയിൽ ചെൻട്രുടൻതനേ..
തങ്കത്തുനാലെ പോളപ്പെട്ടിയെ
തിറന്ത് പാർക്കിൻപോതു താനേ..
ഇരുകാൽ മണിച്ചിലമ്പ്, കന്നത്തുവളിപൂമാല
ഇന്തിരചന്തിരകോടി ചൂര്യനേപ്പൊലൊ–
രോളവിൽ പിള്ള പിറന്തു വളർന്ത് ക്കൊണ്ടുമേ
ഇറുക്ക................. കണ്ടേൻ................
മുത്തുവിക്കും ചെട്ടി ഇതയം പാർത്തുവിട്ടുതാനേ........
അകോവാരം മൈത്തുനനേ കേളോ
നമുക്കിന്ത പുള്ളയെ വളർത്ത്
പാര്യായാക വയ്പാമെൻട്രേ..........

പുള്ളയിതയം കേട്ടുവിട്ടുതാനേ;
അപ്പടിയെല്ലാമില്ലയെന്തനുടെ
അയ്യാമാർകളേ കേളോ......
ഉങ്കളിക്കുനാൻ പുള്ളയാകെയിറുപ്പേൻ.
ഒരുപോതും പാര്യായാകെയിറുപ്പതില്ലെ
എൻട്രുമേ ശൊല്ലെ........
മന്നവൻ മാച്ചോട്ടം ചെട്ടിയിതയം
കേട്ടുവിട്ടുതാനേ........
അപ്പടിയെല്ലാമില്ലയെന്തനുടെ മൈത്തുനനേ കേളോ
നമുക്കിന്ത പുള്ളയെ വളർത്തി നമ്മൂർ ചിന്തമുള്ള
തുലങ്കിയ കോവലപ്പെരുമാളുക്ക്
കച്ചിക്കല്യാണം ചെയ്തു വയ്പോം
എൻട്രുമേ ശൊല്ലെ...............

*പാട്ട് 19*

ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല മെത്തുകത്തുന്താൻ തോളിൽ വയ്ത്ത്
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല ഈക്കാളും വളുകിറാതു
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല തെരുവീതിവളിയെ പോകുറാള
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല തകതകയെൻട്രു പോകുറാള

ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല ചാണാ തെരുകടന്ത്
ഏ നല്ല അതികടന്താൻ പോകുറാള
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല വെള്ളാളത്തെരു കടന്ത്
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല പറയരും തെരു കടന്ത്
ഏ നല്ല അതികടന്താൻ പോകുറാള
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല വാണിയത്തെരു കടന്ത്
ഏ നല്ല അതികടന്താൻ പോകുറാള
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല കുയവരും തെരു കടന്ത്
ഏ നല്ല അതികടന്താൻ പോകുറാള
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല തട്ടാരും തെരു കടന്ത്
ഏ നല്ല അതികടന്താൻ പോകുറാള
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല തുലക്കരും തെരുകടന്ത്
ഏ നല്ല അതികടന്താൻ പോകുറാള
ഏ നല്ല തങ്കത്തുനാൽ പോളിയപ്പെട്ടി
ഏ നല്ല കോവിലനരുമുന ചെൻട്രൂറാള
ഏ......... തനനോ........ തനനോ......
താനേ....... ആ................. ഓ.............

*ചൊല്ല് 26*

തങ്കത്തുനാലേ പോളപ്പെട്ടി കോവിലൻ
അരുമുനയിൽ ചെൻട്രുടൻ താനേ......
പാവിമുണ്ട വരണമാല ഇതയം പാർത്തു
വിട്ടുതാനേ........
മയ്യത്തെട്ടി മയ്യിൽ കൊൻട്രുമേ
വിളുകക്കണ്ടേൻ.......
ആ........... ഓ.........

പിന്നെയും പാവിമുണ്ട വരണമാല
തങ്കത്തുനാലേ തുറവിച്ചിയെടുത്ത്
പോളപ്പെട്ടിയെ തിറന്തു പാർക്കിൻ
പോതു താനേ.........

ഇരുകാൽ മണിച്ചിലമ്പ് കന്നത്തുവളി പൂമാല
ഇന്തിരചന്തിരകോടി ചൂര്യനേപ്പൊലൊ-
രൊളവിൽ പുള്ള പിറന്തു വളർന്തുകൊണ്ടുമേ
ഇറുക്കക്കണ്ടേൻ.........

ഇരു കൈയേന്തി പുള്ളയെ തൂക്കി മേലണഞ്ചുവിട്ടേൻ.....
വെണ്ണിക്കണ്ണുനീർ പുളിപ്പാട്ടി വിട്ടേ.....
നേരമൊരു പട്ടുടുത്ത്, നേരമൊരു പൂച്ചൂട്ടിവിട്ടേൻ......
നിത്തമൊരു തുയിലുടുത്തു നിത്തമൊരു
പൂചൂട്ടി വിട്ടേൻ.........
പുള്ളയെത്തന്നെ മതയാനക്കണ്ണേപ്പോലെ
വളർത്തിക്കൊൺട്രുമേ ഇറുക്കക്കണ്ടേൻ.........
ചന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വതപത്തിനി കന്നക
ഇരുവേരും താനേ.....
ഏട്ടിക്കപ്പൂട്ടിക്ക പൊൻപണ്ടപ്പോലെ
മേനി വളന്തുക്കൊണ്ടുമേ ഇറുക്കക്കണ്ടേൻ.

*പാട്ട് 20*

തന്നേ തന തന്തനനാനേ..... നാനേ
തന്നേ തന തന്തനനാനോ നാനേ
മുടിത്താലൊരു ചെമ്പകപ്പൂവേ
മുടിമേലെ കാണലയ്യാ
അരളിപ്പൂ ചൂടാലാച്ചോ
വാളാച്ചിയ പേശെടുത്തേ
കോതക്കൊണ്ടേ മുടിത്തേ
തന്നേ...... തന തന്തനാനേ...... താനേ
അത്താ മഹളിറുപ്പോ
അപ്പാലേളാർ കൊടുപ്പോ
മാമൻ മഹനിറുപ്പോ
മച്ചുനനാരെങ്കിറുപ്പോ
തായ്ശൊന്ന വാർത്തകേട്ട്
തനിപൂവേ നാൻ മുടിത്തേ
കന്യകയ്പ്പെണ്ണാലാവോ
കച്ചിക്കല്യാണം ചെയ്വാ
തായ്ശൊന്ന വാർത്ത കേട്ടു
തനിപ്പൂവേ താൻ മുടിത്തേ

തന്നേ തന തന്തനതാനേ നാനേ
താനാനേ തന്തനനാനോ നനേ

*പാട്ട് 21*

തനേ തിന്തനോ ആ തിന്തനേ
തിന്തനാ തന തിന്തനാ
പാവമാനപ്പെണ്ണ് പരമ്പുതാലികെട്ടി
പരമുചിവനെടും ചേട്ടാ
പരമുചിവനെടും ചേട്ടാ
തനതിന്തനോ ആ തിന്തനാ
തിന്തനാ തന തിന്തനാ

നീതമാനപ്പെണ്ണ് നീതത്താലികെട്ടി
ഇന്നു മഞ്ചും പോലും വേണ്ട
നാനിന്നും മഞ്ചുപോലും വേണ്ട

എണക്കമാനപ്പെണ്ണ് എണങ്കിതാലികെട്ടി
ഇന്നും മഞ്ചുംപോലും വേണ്ട
വേൺട്രോനാനിന്നും മഞ്ചുംപോലും വേണ്ട

തന തിന്തനോ ആ തിന്തനാ
തിന്തനാ തന തിന്തനാ
പാവമാനപ്പെണ്ണ് പരമ്പുതാലികെട്ടി
പരമുചിവനെടും ചേട്ടാ
ചൊന്തമാനപ്പെണ്ണ് ചുരങ്കിത്താലികെട്ടി
ചുരുങ്കുവേലുമുന്നെ വേണ്ട
താനേ തിന്തനോ ആ തിന്തനോ
തിന്തനാ തന തിന്തനോ
പാവമാനപ്പെണ്ണ പരമ്പുതാലി കെട്ടി
പരമുചിവനെടും ചേട്ടാ

*പാട്ട് 22*

ഏകുട്ടി ഏകളുതേ ഏമുത്തു
എന്നെന്നാ വേണുമാടി
മുക്കുക്കു മിഞ്ചികൾ പാണുതു തരാം
മൂക്കിലെ പോട്ടുക്കിറേൻ

ഏകുട്ടി ഏകളുതേ ഏമുത്തൂ
എന്നെന്നാ വേണുമാടി

കാതുക്കു ലോലകൾ പാണുതു തരാം
കാതിലെ പോട്ടുക്കിറേൻ

ഏകുട്ടി ഏകളുതേ ഏമുത്തൂ
എന്നെന്നാ വേണുമാടി
കയ്യുക്കു കാപ്പുകൾ പാണിതു തരാം
കയ്യിലെ പോട്ടുക്കിറേൻ

ഏകുട്ടി ഏകളുതേ ഏമുത്തൂ
എന്നെന്നാ വേണുമാടി
കാലുക്കു തണ്ടകൾ പാണിതു തരാം
കാലിലെ പോട്ടുക്കിറേൻ

ഏകുട്ടി ഏകളുതേ ഏമുത്തൂ
എന്നെന്നാ വേണുമാടി
നഹകൾ പാണിത മിച്ചപ്പണത്തുക്കു
ചീലവാങ്കിത്താങ്കെ

*പാട്ട് 23*

നല്ല കൂടെങ്കെടോ നല്ല കൂട്ടിനല്ലെ
വയ്ത്തിറുന്താൻ
നല്ല കല്ലിയാണപ്പന്തൽ
നല്ല പോടൂങ്കെടോ എൻ മാകനേ
പച്ചവാളെ നല്ലെ നല്ല വീട്ടിനല്ലെ
വയ്ത്തിറുന്താൻ
പച്ചവാളെ നല്ലെ..........
പന്തൽ മേയുങ്കടാ എൻ മാകനേ
നല്ല കൊടിമാലിയോ
നല്ല പൂവും താനേ മേയക്കണ്ടേ
നല്ല മണവറപ്പന്തൽ
നല്ല പോടുങ്കെടോ എൻ മാകനേ
നല്ല കോട്ടപ്പന്തൽ
നല്ല പോടുങ്കെടോ എൻ മാകനേ
നല്ല എളുചുത്തു കോട്ട
കെട്ടി വയ്ത്തിറുന്താൻ

*ചൊല്ല് 27*

മുത്തുപോലെ കാൽ നിറുത്തി

മുതുങ്കാതെ പന്തൽതാൻ പോട്ടുവിട്ടേ...........
പകളെക്കാൽ നിറുത്തി
പതുങ്കാതെ പന്തൽ താൻ പോട്ടുവിട്ടേ........
വെത്തുലനാല് വിസ്താരമാന
പന്തൽ പോട്ടുവിട്ടേ.........
കണ്ണാടി ചെനൽകെട്ടി, കാവരിമാൻ
കുഞ്ചം വയ്ത്തുവിട്ടേൻ............
കല്ലിയാണപ്പന്തലെ കെട്ടി
കച്ചേരിയാകെ വയ്ത്തുമേ വിട്ടാൻ....
കല്ലിയാണ മേടകയിൽ കന്നകയെ
വടതിചയെ പാർത്തു വയ്ത്തുവിട്ടേൻ......
ചിന്തുമുള്ള തുലങ്കിയ കോവിലവർ
തെൻ ചിതയെ പാർത്തുവിട്ട്
പുറകയ്യാൽ താലിതരിക്കുമ്പോതു താനേ
കന്നകയും തന്നെ വായ്വിട്ടുമേ അലുകകണ്ടേൻ.......
ചിന്തമുള്ള തുലങ്കിയ കോവിലവർ ഇതയം പാർത്തുവിട്ടുതാനേ...
മാമ്പളം കയ്യിൽ കൊടുത്തുവിട്ടേൻ
തന്നോടെ മടിയിൽ തൂക്കി വയ്ത്തുവിട്ടേൻ
എന്തതോർ മാലയും തരിച്ചുമേവിട്ടാർ

*പാട്ട് 24*

നല്ല മണവറപ്പന്തനിലെ
ചിന്നത്താ ഓലയിടുന്തായോ
നല്ല ഓലയിടുന്തായോ ചിന്നത്താ
ഓലയിടുന്തായോ
നല്ല മണവറപ്പന്തനിലെ
ചിന്നത്താ മാലയിടുന്തായോ
നല്ല മാലയിടുന്തായോ
ചിന്നത്താ മാലയിടുന്തായോ
നല്ല മണവറപ്പന്തനിലേ
ചിന്നത്താ മാതേളങ്കാടിവരും
ചിന്നത്താ മാതേളങ്കാടിവരും
നല്ല മണവറപ്പന്തനിലേ
..............

*ചൊല്ല് 28*

ചിന്തമുള്ള തുലങ്കിയ കോവിലവരും
മൈത്തുനനാർ തോളം ചെട്ടിയിരുവരും താനേ......

പെരുമാത്തേക്ക് ഒന്നുക്കു രണ്ടുക്കു
ഉക്കാന്തിരുക്കും പോതെ...........

മരുതിലടിച്ച മത്താള ശത്തം
മന്നവൻ വലതുകാതിൽ വിളുന്ത്
ഇടതുകാതു വളി പോകക്കേട്ടേൻ.........
താനോ.......... തന താനോ........
തനനന്നോ തന്നനാനേ താനോ...........

*പാട്ട് 25*

നല്ല മരുതനടിച്ച് മത്താളമാ
കോവിലൻ കാതുരണ്ടും വാങ്കൂറാള
നല്ല ഉങ്കടിച്ച് തവിലോശമാ
കോവിലിറുക്ക മനമോ കൂടേലയ്യാ

നല്ല മരുതനടിച്ച് കയ്യൂറുമാ
കോവിലൻ മരുതുരണ്ടും പതറുതളാ
നല്ല പൂക്കുളത്തോ മേടുകയിൽ
നീ പോ കൂവുറതോ ഉഞ്ചാവല

*ചൊല്ല് 29*

ചിന്തമുള്ള തുലങ്കിയ കോവിലവർ
ഇതയം കേട്ടുവിട്ടുതാനേ.....
കാൽ കളുകുന്നതുപാതി കളുവാത്തതുപാതിയും താനേ.....
തന്നെ പെത്ത തായാരിടം തന്നെ
ഓടോടു ചെൻട്രാൻ...........

അകോവാരം തായേ കേളോ
തെൻ മതിരാ വരിപ്പൂം പട്ടണത്തിൽ
മാതേവി മരിക്കൂത്ത് പാർക്കവേണമെൻട്ര്
എനക്ക് ഉടനേക്കുടനവേ
നുറുലച്ചം പണം കിട്ടിക്കുടുക്കവേണം.

തായാരിതയം കേട്ടുവിട്ടുതാനേ....
അപ്പടിയെല്ലാമില്ലയെന്തനുടെ മകനേ കേളോ..........
മാതുരയെൻട്ര് ചൊന്ന പട്ടിക്കാട്
തൊട്ടിക്കാടുപോലെ

നമ്മോടെ കാവരിപ്പൂം പട്ടണം
വാരിപ്പട്ടണം മാനേ........ കേളോ........
അന്ത മാതേവി മരിക്കൂത്ത്
നാൻ വരവളത്തി കാമിച്ചുകുടുപ്പാം
എന്തനുടെ മകനെ കേളോ
മന്നവൻ ഇതയം കേട്ടുവിട്ടുതാനേ.......
അപ്പടിയെല്ലാമില്ലയെന്തനുടെ തായേ കേളോ
മാതേവി മരിക്കൂത്ത് വരവളത്തി
കാമിപ്പതുമേ ആനാൽ
നാൻ ഒരുപോതും പാർക്കവില്ലെ.

*പാട്ട് 26*

ഓ നല്ല ഒരുലച്ച പണം താരോ
ഓ നല്ല ചുണ്ണാമ്പുക്ക് കാണാതെ
ഓ നല്ല രണ്ടുലച്ച പണം താരോ
ഓ നല്ല പാക്കുക്കും താൻ കാണാതെ
ഓ നല്ല മൂന്നുലച്ച പണം താരോ
ഓ നല്ല വെത്തിലകാമ്പുക്കു കാണാതെ
ഓ നല്ല നാലുലച്ച പണം താരോ
ഓ നല്ല പൊയിലക്കാമ്പുക്കു കാണാതെ
ഓ നല്ല അഞ്ചുലച്ച പണം താരോ
ഓ നല്ല അഞ്ചുവീതിക്കു കാണാതെ
ഓ നല്ല ആറുലച്ച പണം താരോ
ഓ നല്ല അരശിലവുക്കു കാണാതെ
ഓ നല്ല ഏഴുലച്ച പണം താരോ
ഓ നല്ല ഏഴുവീതിക്കു കാണാതെ
ഓ നല്ല എട്ടുലച്ച പണം താരോ
ഓ നല്ല എട്ടുവീതിക്കു കാണാതെ
ഓ നല്ല പത്തുലച്ച പണം താരോ
ഓ നല്ല പലശിലവുക്കു കാണാതെ
ഓ നല്ല നൂറുലച്ച പണം താരോ
ഓ നല്ല നൂറുവീതിക്കു ചരിതാൻ

*ചൊല്ല് 30*

ഓരതെല്ലാം ചരിതാൻ എന്തനുടെ മകനേ കേളോ
മിൻകൂത്തു പാർക്കവേണ്ട മിൻകളരി നിക്കവേണ്ട
നടുക്കൂത്തു പാർക്കവേണ്ട നടുക്കളരി നിക്കവേണ്ട മകനേ
പിൻകൂത്തെ പാത്ത് പിൻകളരി നിൻട്രുമേ വരിക

അപ്പടിയെല്ലാമില്ല എന്തനുടെ തായേ കേളോ
പിൻകൂത്തെ പാർക്കവില്ലെ പിൻകളരി നാൻ നിക്കവില്ല തായേ
നടുക്കൂത്തെ പാർക്കവില്ലെ നടുക്കളരി നിക്കവില്ല തായേ
മിൻകൂത്തെ പാർത്ത് നാൻ മിൻകളരി നിപ്പേമെന്തനുടെ തായേ

അപ്പടിയെല്ലാമില്ലയെന്തനുടെ മകനേ കേളോ
വന്തച്ചനം കലയവില്ലെ മാനേ കേളോ
കല്ലിയാണ പന്തൽ പിരിക്കവില്ലെ മകനേ
കൊടിമല്ലിയപ്പൂവിന്നും വാടവില്ലെ മകനേ കേളോ
തന്നോടെയാടലപരണങ്കൾ പോട്ടത് കളട്ടവില്ലെ മാകനേ കേളോ
അപ്പടിക്കും നീ ഒരുപോതും പോകവില്ലെ.

തായ് ഏതു ശൊന്നാലും ഏതു ചവനം ചൊന്നാലും
ചരിതാൻ തായേ
തെൻ മതിരാവിരിപ്പൂം പട്ടണമതി മാതേവി മരിക്കൂത്ത്
പാക്കാതവൻ കട്ടേക്ക് മോകിച്ചും ഇല്ലയെൻട്ര്
ഊരാൽ കേളി ചൊല്ലിമേ ചിരിപ്പേൻ

*പാട്ട് 27*

നീ പോകവേണ്ട
നല്ല പുത്തിയുള്ള കോവാലവാ
നാൻ ഏളുവരിഷം ഉന്നെ
തപതിരുന്തേ വളത്തേനാടാ
എൻ മാകനേ..........
നല്ല പാൽ കുടുത്തേ ഉന്നെ
വളത്തേനാടാ എൻ മാകനേ
നാൻ ചോർ കുടുത്തേ ഉന്നെ
വളത്തേനാടാ എൻ മാകനേ
നാൻ കരികുടുത്തേ ഉന്നെ
വളത്തേനാടാ എൻ മാകനേ
നീ പോകവേണ്ട
നല്ല പുത്തിയുള്ള കോവാലവാ
നല്ല ആകാശമോ
നല്ല പൂമാതേവി ചായ്ക്കവച്ച
ഉനക്ക് ഇത്തിനിയോ
നല്ല പത്തിനിതൻ കന്നകയോ
നീ പോകവേണ്ട

നല്ല പുത്തിയുള്ള കോവലവാ
താൻ തരികിണ തന്ത
ഓ............. ആ............

*ചൊല്ല് 31*

ഓരതെല്ലാം ചരിതാൻ എന്തനുടെ തായേ..
നാൻ എന്നതിന്മേലേറിപോകും തായേ കേളോ....
തായാരിതയം കേട്ടുവിട്ടുതാനേ....
അപ്പടിയെല്ലാമില്ലയെന്തുനുടെ മാനേ.. കേളോ......

നമ്മോടെ അരമനക്കു മുമ്പാകെ
നിക്കും പട്ടത്തു മദവാനക്ക്
കള്ളും ചാരായമൂട്ടി മതപ്പെടുത്തി വിട്ടേ.....

തങ്കത്തുനാലേ കോവണിയെ ചാരി
ഏരിപോക വേണമെന്തനുടെ മകനേ.......
മന്നവൻ ഇതയം കേട്ടുവിട്ടുതാനേ...
പട്ടത്തു മതവാനക്ക് കള്ളും ചാരായമൂട്ടി
മതപ്പെടുത്തിവിട്ടേൻ........

തങ്കത്തുനാലേ കോവണിയേ
ചാരിയേറിപോകും പോത്........
ഏതോ ഒരു ചവുനം തട്ടി
തവർന്തു തവർന്തുമേ വിളുകെക്കണ്ടേൻ.

ആനമേലേറിപ്പോനാൽ
ആനക്കാരനെൻവാൻ തായേ?
കുതിരമേലേറിപ്പോനാൽ
കുതിരക്കാരനെൻവാൻ തായേ?
ഒട്ടുകത്തുമേലേറിപ്പോനാൽ
ഒട്ടുകക്കാരനെൻവാൻ തായേ?
വണ്ടിമേലേറിപ്പോനാൽ
വണ്ടിക്കാരനെൻവാൻ തായേ?
ഇപ്പിടിക്കും നാൻ എന്നതുമേ-
ലേറിപ്പോകവേണമെൻട്രുശൊല്ല്
എന്തനുടെ തായേ..........?

തായരിതയം കേട്ടുവിട്ടുതാനേ
അപ്പടിയെല്ലാമില്ല എന്തനുടെ മാനേ കേളോ

നമ്മോടെ അരുമുനക്കു മുമ്പാകെ കിടക്കും
ചിങ്കമുകപ്പല്ലാക്കു പാതികൊരുടാവി-
ലേറിപ്പോകവേണമെന്തനുടെ മകനേ കേളോ....
മന്നവനിതയം കേട്ടു വിട്ടുതാനേ...
ആനമേലമ്പാര പൊൻപണം
വായിവയ്ത്തു വിട്ടേൻ.........
കുതിരമേലമ്പാര പൊൻപണം
വായിവയ്ത്തു വിട്ടേൻ.........
ഓട്ടകത്തുമേലമ്പാര പൊൻപണം
വായിവയ്ത്തു വിട്ടേൻ.........
വണ്ടിമേലമ്പാരപ്പൊൻപണം
വാരി വയ്ത്തുവിട്ടേൻ
പനിരണ്ടു കപ്പൽ പണം
പങ്കാളത്തമാ എടുത്തുവിട്ടേൻ
തെൻ മതിരാ വിരിപ്പം പട്ടണം തന്നെ
ഓടോടു ചെൻട്രാൻ.......

*പാട്ട് 28*

തത തനനേ നാന നന്നേ
തനനന്നേ...... നാനനന്നോ
ആ നല്ല കൊക്കുളുന്താൻ പളേരോട്
ആ നല്ല കുരങ്കപ്പള്ളതാൻ കടന്ത്
ആ നല്ല കൊക്കുളുന്താൻ പളേരോട്
ആ നല്ല മന്തിപ്പള്ളം താൻ കടന്ത്
ആ നല്ല ആലാമരം നിണല് ആഞ്ചാരെ
ആ നല്ല അരശുമരം നിണല് ആഞ്ചാരെ
ആ നല്ല പൂങ്കമരം നിണല് ആഞ്ചാരെ
ആ നല്ല പുളിയമരം നിണല് ആഞ്ചാരെ
ആ നല്ല അത്തിമരം നിണല് ആഞ്ചാരെ
ആ നല്ല അരശുമരം നിണല് ആഞ്ചാരെ

ഓ നല്ല നന്തവനം ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകുറാള
ഓ നല്ല വൈകയാറ് ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല പൂചിനിതോപ്പോ ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്

ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല ഇലവിച്ചം കായ്തോട്ടം ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല വാളാത്തോട്ടം ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല കത്തിരത്തോപ്പോ ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല മുളകുതോപ്പോ ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല വെങ്കായതോപ്പോ ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല മല്ലിയത്തോപ്പോ ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല ചീരകത്തോപ്പോ ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല മല്ലിയപ്പൂത്തോട്ടം ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല കൂന്തപ്പന ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള
ഓ നല്ല ആനക്കല്ലോ ഇവ്വളവ്
ഓ നല്ല മാതാകയ്യോ ഇവ്വളവ്
ഓ നല്ല അതികടന്താൻ പോകൂറാള

*ചൊല്ല് 32*

ചിന്തമുള്ള തുലങ്കിയ കോവിലവർ
തെൻ മതിര ചെൻട്രുടൻ താനേ.....
വഞ്ചികാതൂശി വഞ്ചിമല തെക്കു വരിശിയാകെ
ചെൻട്രു വിട്ടുതാനേ.....

പട്ടുകൂടാരം പഹലക്കൂടാരം താൻ
വിരിച്ചടിച്ചു വിട്ടേൻ........
അതിന്മേൽ വെള്ളിക്കൂടാരം വേടിക്കക്കൂടാരം താൻ
വിരിച്ചടിച്ചു വിട്ടേൻ.....
അതിന്മേൽ മുത്തുക്കൂടാരം മൂകമണിഞ്ചകൂടാരം
താൻ വരിച്ചടിച്ചുവിട്ടേൻ......
അതിന്മേൽ മെളുകുതിരികൂടാരം താൻ
ഒൻട്രു വണ്ണി വയ്ത്തുമേ വിട്ടാൻ............
മന്നവൻ ചെങ്കൽപ്പൊതിയേപ്പോലെ
മണമടുക്കി വിട്ടുതാനേ.....
തങ്കത്തുനാലേ കശേറയും പോട്ട്
തങ്കത്തുനാലെ ചീനിക്കണ്ണാടിയും
കണ്ണുക്കു വയ്ത്തുവിട്ടേൻ....
തങ്കത്തുനാലേ ഇട്ടിയും തിരന്തു വയ്ത്തുവിട്ടേൻ....
മാതേവി മരിക്കൂത്ത് പാർത്തുക്കൊണ്ടുമേ
ഇരിക്കക്കണ്ടേൻ.........

*പാട്ട് 29*

നല്ല രാശാത്തിയെ രാജൻ വന്തുകാൺവനെ
നല്ല എട്ടുതിശ രാജൻ വന്തുകൊലുവിലിരുന്തേ
നല്ല രാശാത്തിയെ രാജൻ വന്തുകാൺവനെ
നല്ലോരമ്പത്താറു രാജൻ വന്തു കൊലുവിലിരുന്തേ
നല്ല രാശാത്തിയെ രാജൻ വന്തു കാൺവനെ
നല്ല പൂവെപോലെ ചപയോർകളെ കാൺവനെ

*ചൊല്ല് 33*

തരകിണ തിന്താ താ തരികിണതാ
ആ.............. ഓ............
മാതകപ്പെൺ തേവതാശി തന്നോടെ
കളയിൽ നിൻട്ര് വഞ്ചികാതൂശി വഞ്ചിമലയെ
തെക്കു വരിശിയാകെ പാർക്കുമ്പോതുതാനേ....
ഏതോ പണത്തിക്ക് അതിയപ്പെട്ട
ശിരുവനെൻട്രു ശൊല്ലി......

അകോവാരം രാജരാജാക്കന്മാർകളേ കേളോ
ഇണ്ണേക്കിനി നാട്യമില്ല; നാളെ പനിരണ്ടുമണിക്ക്
നാട്യമെൻട്രു ശൊല്ലി തന്നോടെ കളയിലിരുന്ത്
ഇറങ്കിമേ പോകക്കണ്ടേൻ.........

തന്നോടെ തൃക്കടയൂർ പട്ടണം ചൊൻട്രുതാനേ
അകോവാരം തായേ കേളോ:

ഏതോ പണത്തിക്ക് അതിയപ്പെട്ട
ചെറുമൻ എൻട്രുശൊല്ലി
വഞ്ചികാതൂശി വഞ്ചിമേലെയിൽ
തെക്കു വിശിയായിരുന്ത്
നമ്മോടെ മരിക്കൂത്ത് പാർത്തുകൊണ്ടിരിക്കക്കണ്ടേൻ......

*പാട്ട് 30*

താനോ തന്ന നനനോ
താനോ നന്ന നനനോ
തായേ ഉനക്കേത്ത മരുമഹനാ
തായേ എനക്കേത്ത പുരുശേനരാ
തായേ അത്തമാന കൊളുന്തേനരാ
തായേ മാമൻ മാനോ മച്ചുനനാരോ
നാനോ...... നന്ന നാനോ.....
തായേ എനക്കേത്ത പുരുശേനരാ
തായേ ഉനക്കേത്ത മരുമഹനാ
തായേ അത്തമാന കൊളുന്തേനരാ
തായേ മാമൻ മാനോ മച്ചുനനാരോ

*ചൊല്ല് 34*

തായാർ വശന്തമാല ഇതയം കേട്ടുവിട്ടുതാനേ...
പലവക പതിനെട്ടുവക മരുന്തുകളെ
ഗുളുഹയാക്കിക്കൊണ്ടുമേ ഇറുക്കക്കണ്ടേൻ....
മാതവിപ്പെൺ തേവ താശിതാനേ
ആനമേൽ കമ്പ് നാട്ടി വിട്ടേൻ
പട്ടാട പാവാട ഉള്ളാട മേലാടതാൻ
അണിഞ്ചുവിട്ടേൻ.......

അതിന്മേലൊരു ലച്ചം രൂപ വിലപിടിപ്പുള്ള
ഇന്തിര വരണ പട്ടുടുത്തുവിട്ടേൻ........
അതിന്മേൽ രണ്ടുലച്ചം രൂപ വിലപിടിപ്പുള്ള
ഇന്തിര വരണത്തുയിലുതാനുടുത്തു വിട്ടേൻ.........
എണ്ണണ്ണേക്കും പോടാത കോലങ്കളെ
പോട്ടുവിട്ടേൻ...........

എന്തതോർ തന്നെ പെത്ത
തായാർ കാൽ വണങ്കിവിട്ടാർ.....
തായരിതയം പാർത്തുവിട്ടുതാനേ
ഇളനീർ വെത്തിലയും കളിനീരിളം പാക്കും
താൻ കൊടുത്തുവിട്ടേൻ.......
കെട്ടാത മന്തിരങ്ങളെല്ലാം
കെട്ടുവിട്ടുതാനേ..........
ചൂതല്ലാത ചൂതുകളെല്ലാം
ശൊല്ലിക്കൊടുത്തുവിട്ടേൻ...
മാതകപ്പെൺ തേവതാശിയും തന്നെ
തെൻ മതിരാ വിരിപ്പം പട്ടണം തന്നെ
ഓടോടു ചെൻട്രാൻ........

*പാട്ട് 31*

തനനാന........ തനനന്നോ
തനനന്നോ............. തനനാനോ
നല്ല വടമരുതേ തേവതാശി
താശിയോ നാട്ടിലെങ്കെളാരാടുവാ
നല്ല കുടിമരുതേ തേവതാശി
താശിയോ നാട്ടിലെങ്കെളാരാടുവാ
തനനാന......... തനനന്നോ
നല്ല തുലക്കലോരൂ തേവതാശി
താശിയോ നാട്ടിലെങ്കെളാരാടുവാ
നല്ലെ പൂക്കുളുള്ള മേടുകയിൽ
താശിയോ നാട്ടിലെങ്കെളാരാടുവാ
നല്ലെ കളക്കു മേലെ നിൻട്രാടുവാ
മാതകൈ മയ്യിൽ കൊൺട്രു
കീഴ് വിളുന്താൻ
നല്ലെ മാനത്തിലെ നിന്റോടുവാൻ
മാതകൈ മയ്യിൽ കൊൺട്രു
കീഴ് വിളുന്താൻ

*പാട്ട് 32*

വന്ത മാതകൈ വന്തുലോങ്കിടാ
ഇന്ത നിലയം പോലെ
അളകും താൻ വേണ്ട
ഇന്ത നിലയം പോലെ

അളകും താൻ ലോങ്കിടാ
കൊഞ്ചം കോവിലവർ
കളുത്തിൽ നീർമുത്തുമാലയാ
അളകും കോവിലവർ താനുലോങ്കിടാ
തുലങ്കി കോവിലവർ താനുലോങ്കിടാ
തുലങ്കി കോവിലവർ കളുത്തിൽ
നീർമുത്തുമാലയാ
വന്തമാതകൈ വന്തുലോങ്കിടാ
ഇന്ത നിലയം പോലെ
അളുകും താൻ വേണ്ട.

*ചൊല്ല് 35*

മാതകൈപ്പെൺ തേവതാശി
തന്നോടെ കളയിൽ ചെൻട്രുടൻതാനേ.....
അകോവാരം രാജരാജാക്കന്മാർകളേ കേളോ.....
നേത്തുപോട്ട നാട്യം കാശുവന്താൽ നാട്യം
ഇണ്ണേക്കു പോടിണ നാട്യം എന്നോടെ കൂടെപ്പുറന്ത
കോളമണിമുത്തുമാലയെ
കളട്ടി ശുളട്ടി ഇന്ത വിചിവിടുകിൻ പോതോ.........
ഇന്ത ചപയിറുക്കും പള്ളനാനാലും പറയനാനാലും
കളുത്തിൽ വിളുന്തവന് നാൻ കണവനാകെ
മതിപ്പേൻ എൻട്രുമേ ശൊല്ലേ.........
മാതകപ്പെൺ തേവതാശി
തന്നോടെ മുത്തുമോഹനമാലയെ
കളട്ടി ശുളട്ടി വീചിവിടുവിൻ പോതുതാനേ..
ഇന്ത ചപയെ ചുറ്റിത്തേടി പാർത്തുവിട്ടേൻ..........
ഉനക്ക് ഏത്തകണവൻ ഇന്ത ചവയിൽ
ഇല്ലയെൻട്രുശൊല്ലി മാതകപ്പെൺ തേവതാശി
വലതുകയ്യിലുമേ ഏറക്കണ്ടേൻ.......
പിന്നെയും മാതകപ്പെൺ തേവതാശി
തന്നോടെ മുത്തുമോഹനമാലയെ
കളറ്റി ശുളറ്റി വിടുവിൻ പോതുതാനേ....
അക്കാ ഉനക്കേത്ത കണവൻ
ഇന്ത ചപയിലില്ലയെൻട്രു ശൊല്ലി
മാതകപ്പെൺ തേവതാശി
വലതുകയ്യിലുമേ ഏറക്കണ്ടേൻ.....

മാതകപ്പെൺ തേവതാശി

ഇതയം കേട്ടുവിട്ടുതാനേ.......
ചൂതല്ലാന ചൂതുകളെല്ലാം
ശൊല്ലിക്കൊടുത്തുവിട്ടേൻ....
മന്തറങ്ങളെല്ലാം ശൊല്ലിക്കൊടുത്തുവിട്ടേൻ.......

വഞ്ചികാതൂശി വഞ്ചിമലക്ക്
വിട്ടെറിയും പോതു
ചിന്തമുള്ള തുലങ്കിയ കോവിലവർ
കളുത്തിലുമേ വിളുകക്കണ്ടേൻ......

മന്നവൻ ഇതയം പാർത്തുവിട്ടുതാനേ
തന്നോടെ പട്ടത്തുമന്തറ വാളാൽ
വെട്ടിയെറിയുമ്പോത്
പിന്നെയും തന്നെ മുത്തുമോഹനമാല
മാതകപ്പെൺ തേവതാശി
വലതുകയ്യിലേറക്കണ്ടേൻ....
ഓ............. ആ................

മാതകൈപ്പെൺ തേവതാശിതാനേ.............
അടിയാനടിയോ മെതിയാന മെതിയോ..........
മെതിച്ചു വിട്ടേൻ

അക്കക്കാ എന്നെ അടിക്കവേണ
മെതിക്ക വേണാമെൻട്രുശൊല്ലി
നാനോ ഇനി മന്നവൻകണ്ണുരണ്ടും തെരിയാമെ
കളുത്തിൽ വിളുന്ത്, എല്ലോടെൽ തോലോടുതോൽ
പൊരുന്തിക്കൊൾവേൻ എൻട്രുമേ ശൊല്ലെ........

മാതകൈപ്പെൺ തേവതാശി പിന്നെയും തന്നോടെ
പൊന്നുരുവിമാലയെ വഞ്ചാകാതൂശി വഞ്ചിമലക്ക്
വിട്ടെറിയും പോതു
ചിന്തമുള്ള തുലങ്കിയ കോവിലവർ
കണ്ണുരണ്ടും തെരിയാമെ, കളുത്തിൽ വിളുന്ത്
എല്ലോടെൽ തോലോടുതോൽ
പൊരുന്തിക്കൊണ്ടുമേ ഇറുക്കക്കണ്ടേൻ.........

*പാട്ട് 33*

താനോ നനനോ നാനോ

നാനോ നനനന്നോ നാനോ
നല്ലെ ചുത്തിചുത്തി വട്ടമിട്ട്
നീ പോ വരുകിറാള പൂമാലയെ
നല്ലെ ചുത്തിചുത്തി വട്ടമിട്ട്
നീപോ വരുകിറാള മണിമാലയെ
നല്ലെയരവുവിട്ടു ഉരവുമിട്ടു
നീപോ വരുകിറാള തോളോറുമാ
നല്ലെ കുലവയിട്ട്, കുലവവിട്ട്
നീപോ വരുകിറാള കയ്യൂറുമാ
നന്നെ നനാനോ നന്നെ
നന്നെ താനാനോ നന്നെ

നല്ലെ വീട്ടുവേലോ വീട്ടുവേല
തകിടിയോ മത്തളം താൻവിട്ടുവേല
നല്ലെ കട്ടെയെടുത്തു എടുപ്പിലിട്ടാ
നീ പോരടിക്കിനാരാ നടുവേനരാ
നന്നെ തതാനോ നന്നെ.........
നല്ലയൊരു വാക താളത്തിലാ
തകിയോളോരടിച്ച് മുറുതാളമാ
നല്ലയൊരു വാക താളത്തിലാ
തകിടിയോളുരുക്കടിച്ച് മുറുതാളമാ
നല്ലെ അഞ്ചിവാക താളത്തിലാ
തകിടിയോ അഞ്ചടിച്ച് മുറുതാളമാ
നല്ലെ പത്തുവാക താളത്തിലാ
തകിടിയോ പത്തടിച്ച് മുറുതാളമാ
നല്ലെ കൂത്തുപാക്ക വാരവർക്കോ
നീപോ പടിയെടുത്തോ പണമളന്ത്
നല്ലെ പടിയോടുത്തോ പണമളന്താ
നീപോ മരക്കല്ലെടുത്ത് കാശളന്താ
നല്ലെ വരാതെല്ലാളായൂരമാ
നീപോ നീപോരതെല്ലാം ലച്ചോം പറ
നല്ലെ വാരാതെല്ലാം ലച്ചോം പറ
നീപോ പോരതെല്ലാം ലായൂരമാ
നാനാനന്നെ തന്നെ നാനോ
തച്ചോം തരികിണ താ

*ചൊല്ല് 36*

മാതകപ്പെൺ തേവതാശി
തന്നോടെ കളയിലിറുന്തിറങ്കി വിട്ടേൻ.......
വഞ്ചികാതൂശി വഞ്ചിമല
തെക്കു വരിശിയാകെ ചെൻട്രുടൻ താനേ..
അകോവാരം മന്നവനേ കേളോ.......
എന്നോടെ കൂടെപ്പുറന്ത കോളമണി മുത്തുമാലയെ
കളട്ടി ശുളട്ടി തരുവേ എൻട്രു കേൾക്കിൻ പോതേ
ഏതാടീയുൻ കൂടപ്പിറന്ത മുത്തുമാലയെൻട്ര്
കളുത്തെ പാർക്കിൻ പോതുതാനേ
അതും താൻ എല്ലോടെൽ തോലോടുതോൽ
പൊരുന്തിക്കൊണ്ടുമേ ഇറുക്കക്കണ്ടേൻ

*പാട്ട് 34*

കളുത്തിൽ വിളുന്തമാല
കളട്ടമുടിയവില്ലെ
കാരണമോയിത് യാർശൂത്?
നല്ല കല്ലിയാണ കാലത്തിലെ
ഇന്ത വില്ലെങ്കമാടാ
കാരണമോയിത് യാർശൂത്?
കളുത്തിൽ വിളുന്തമാല
കളട്ടമുടിയവില്ലെ.
കാരണമോയിത് യാർശൂത്

കത്തിയും റംബമും വാളും മിനുമിനുങ്കെ
കാരന്നമോയിത് യാർശൂത്?
നല്ല കല്ലിയാണ കാലത്തിലെ
ഇന്ത വില്ലെങ്കമാടാ
കാരണമോയിത് യാർശൂത്?

*ചൊല്ല് 37*

മാതകപ്പെൺ തേവതാശി
പിന്നെയും മന്നവനരുകാമൽ
ചെൻട്രു വിട്ടുതാനേ.......
അകോവാരം മന്നവനേ കേളോ
എന്നോടെകൂടെപ്പിറന്ത കോളമണി മുത്തുമാല

കല്ലുത്തിൽ വിളുന്തവനെ നാൻകണവനാകെ
മതിപ്പേനെൻട്ര് ശൊല്ലി മന്നവൻ
വലതുകയ്യെ പിടിച്ചുമേ വിട്ടാൻ..........

*പാട്ട് 35*

തന തന്തിനോ തനനാനേ
തന തന്തിനോ തനനാനേ
നല്ല മാകതിയെ കൈമരുന്തോ
നല്ല ആളെ മയക്കുമരുന്തോ
നല്ല ആളെ തിരട്ടു മരുന്തോ
നല്ല പത്തിനിയെ കൈമരുന്തോ
പാപ്പാ മെരിയുതെടാ
നല്ല ഉത്തമിയാൾ കൈമരുന്തോ
ഊതാരി പൂണാലയ്യാ
തന തിന്തനോ തനനാനേ
നല്ല ചീതേവി കൈമരുന്തോ
തിയായെരിയൂതടാ
തന തിന്തനോ.............. തനനാനോ

*ചൊല്ല് 38*

മാതകപ്പെൺ തേവതാശി
തന്നുടെ അരുമുനയിൽ ചെൻട്രുടൻ താനേ
അകോവാരം മന്നവനേ കേളോ:
ഉൻ തയ്യലേത്? തയ്യൽ പൊൻചാതിയേത്?
എൻട്ര് കേൾക്കിൽ പോത്...........
എനക്ക് തയ്യലില്ലേ തയ്യൽ പൊൻചാതിയെങ്കയുമില്ല
യെൻട്രു ശൊല്ലെ
മാതകപ്പെൺ തേവതാശി
തൂയിലുംതാൻ മൂണുമുറ താണ്ടിമേ വിട്ടാൻ.

*പാട്ട് 36*

തനതാനേ........... താനോ
തനനാനേ........ നാനോ
നല്ല ചുത്തിചുത്തി വട്ടമിട്ട
കോവിലവർ കുഞ്ചുരാള മാതകയെ
നല്ല ചുത്തിചുത്തി വട്ടമിട്ട
മാതകൈ കുഞ്ചുരാള കോവാലരേ
നല്ല ഇരുതുടയെ വയ്ത്തിറുന്തോ

കോവിലവർ കുഞ്ചുരാള മാതകയെ
നല്ല വലതുടയെ വയ്ത്തിറുന്ത്
മാതകയ് കുഞ്ചുറാള കോവാലരേ
തനതാനേ........ താനോ
നല്ലേ മയ്യിൽതട്ടി മയ്യിൽ കൊൺട്രു
കോവിലവർ കുഞ്ചുരാള മാതകയെ
നല്ലേ മയ്യിൽതട്ടി മയ്യിൽ കൊൺട്രു
മാതകൈ കുഞ്ചുറാള കോവാലരേ
തനതാനോ............ താനോ
തനതാനോ............ താനോ

*ചൊല്ല് 39*

മാതകൈപ്പെൺ തേവതാശി
തന്നുടെ അരുമുനയിൽ ചെൻട്രുട്ടൻ താനേ....
പലവക പതിനെട്ടുവക കായ്കറികൾ
ഉടനെ ചാതം ചമച്ച് വയ്ത്തുവിട്ടേൻ
തലവാളയിലയും പോട്ടുവിട്ടുതാനേ....
പലവക പതിനെട്ടുവക കായ്കറികൾ
താൻ വിളമ്പിവിട്ടേ........
മുത്തുപോലെ ചാതം വിളമ്പിവിട്ടേൻ.........
തങ്കത്തുനാലെ പൊന്നൂർശെമ്പീൽ
തണ്ണീര് മെത്തി വയ്ത്തുവിട്ടേൻ.........
മാതകപ്പെൺ തേവതാശിയും തന്നെ
വാശപ്പടിയിലുമേ ചെൻട്രാൻ
മന്നവനൊരുരുള ചാതം
വായ്ത്തനിയിൽ വയ്ത്തുവിട്ടേൻ.......

അകോവാരം മന്നവനേ കേളോ:
എണ്ണെണ്ണേക്കുമില്ലാതെ ആച്ചര്യം
മാനത്തിൽ തോറ്റിറുക്കിയെൻട്ര്
ഇതുവന്ത് പാക്കവേണമെൻട്രുവേ ശൊല്ലെ.

മന്നവൻ ഇതയം കേട്ടുവിട്ടുതാനേ
അപ്പടിയെല്ലാമില്ല മാതവിയേ കേളോ
എണ്ണെണ്ണെയ്ക്കും മാനത്തിലെ
നച്ചത്രം മുളക്കിറ വയനമിറുക്കും

അതെയേപ്പോലെ ഇന്നേക്കും
വാനത്തിലെ നച്ചത്രം മുളച്ചിറുക്കും
എൻട്രു ശൊല്ലി.............

അപ്പടിയെല്ലാമില്ലയെന്തനുടെ മന്നവനേ കേളോ:
എണ്ണേണ്ണേയ്ക്കും ഇല്ലാതെ അതിശയം തന്നെ
ഇണ്ണേയ്ക്ക് മാനത്തിലെ തോറ്റിറുക്ക്
പാർക്കവേണമെൻട്രുമേ ശൊല്ലെ

മന്നവൻ മുളുങ്കുണതുപാതി മുളുങ്കാത്തതുപാതി
വാതിൽ പടിയിൽ ചെൻട്ര് മാനത്ത്
അണ്ണന്ത് പാർക്കുമ്പോത്........

എൻ അഞ്ചുപൊൻ കടൽ കുടുകാമെൻ
നെറ്റിയിൽ വച്ചു ചുടുകൽ
ഒരുപോതും കീളെ വിടുകവില്ലെ
അങ്കയെ തങ്കവേണമെൻട്ര്
പൊല്ലാതെ ചാപം പോട്ടുമേ വിട്ടാൻ
മാതകൈപ്പെൺ തേവതാശി
പൊല്ലാതെ ചാപം പോട്ടുവിട്ടുതാനേ...
മന്നവനും തന്നെ വെൺകാമൽ
വീതിയിൽ മറിച്ചുമേ വിട്ടാൻ

*പാട്ട 37*

തന്നാ തന നാനോ
തനനന്നോ നാനോനന്നോ
നല്ലവീതിയിൽ നിൻട്ര് മേനിയുരുകുതോ
തൈവമേ......... തൈവമേ
നല്ല ഉച്ചിയെരിയുത് ഉളങ്കാൽ നോവുതോ
തൈവമേ......... തൈവമേ
നല്ല മേലു പട പടത്ത് വേർപ്പുതള്ളുതോ
തൈവമേ......... തൈവമേ
നാൻ നിനക്ക് നിനക്ക് നെരുപ്പായെരിയുതോ
തൈവമേ......... തൈവമേ
തന്നാ തന നാനോ
തനനന്നോ നാനോ നന്നോ
നല്ല മാതകൈ ആശയെ ചുത്തിക്കൊണ്ടേനടോ
തൈവമേ......... തൈവമേ

എന്നെ മാതകൈ ആളുതാൻ എപ്പോവിടുവതോ
തൈവമേ......... തൈവമേ
നല്ല കരിമ്പുലിക്കയ്യിലകപ്പെട്ട മാൻപോലെ
എന്ന കവലപ്പെടാലാച്ചെ
നല്ല കാടപ്പെട്ട കണ്ണികാകം പറക്കുതോ
ളുണ്ടുമാ ഇല്ലയോ
നല്ല രത്തപളത്തിക്ക് കൊട്ടവി വിട്ടുക്കോ
ളട്ടുമാ ഇല്ലയാ
തനനാനേ....... നന്നോ
നാനേ നനനന്നോ
ഉങ്കവീടുക്കു നാൻ വര നീതകം ഉണ്ടുമോ
ചെല്ലങ്കേ പെൺകളേ
നല്ലതായാരിടം ചൊല്ലി തട്ടിനടന്തിതോ
തൈവമേ........ തൈവമേ

*ചൊല്ല് 40*

മാതകൈപ്പെൺ തേവതാശി
മന്നവനുപെടാതെ തുമ്പങ്ങളെ
പെടുത്തിയതും പത്താമെ താനേ
മാതകൈപ്പെൺ തേവതാശിയും തന്നെ
മന്നവനു പെടാതെ തുമ്പങ്ങളെ
പെടുത്തുക്കൊണ്ടുമേ ഇറുക്കക്കണ്ടേൻ

*പാട്ട് 38*

കോവിലവൻ തലപ്പാവും
തരമെൻട്രു കേട്ടാലും മാതേ
നല്ല കോവിലവൻ കളട്ടിമേ
അവ കയ്യിൽ കുടഞ്ഞാലും മാതേ
ഉനക്കിറുന്താൻ ചിലപ്പാരെ

കോവിലവൻ കടുക്കനെ
തരമെൻട്രു കേട്ടാലും മാതേ
കോവിലവൻ കളട്ടിമേ
അവ കയ്യിൽ കുടുത്താലും മാതേ
ഉന്നെ പാത്താലും പതരിക്കം തന്നെ
ഉനക്കിറുന്താൻ ചിലപ്പാരെ.

കോവിലവൻ മേത്തുണ്ട്
തരമെൻട്രും കേട്ടാലും മാതേ
കോവിലവൻ കള്ളട്ടിമേ
അവ കയ്യിൽ കുടുത്താലും മാതേ
ഉന്നെ പാത്താലും പതരിക്കം തന്നെ
ഉനക്കിറുന്താൻ ചിലപ്പാരെ.

കോവിലവൻ മേച്ചട്ട
തരമെൻട്രും കേട്ടാലും മാതേ
കോവിലവൻ കള്ളട്ടിമേ
അവ കയ്യിൽ കുടുത്താലും മാതേ
ഉന്നെ പാത്താലും പതരിക്കം തന്നെ
ഉനക്കിറുന്താൻ ചിലപ്പാരെ.

കോവിലവൻ അരവേട്ടിയെ
തരമെൻട്രും കേട്ടാലും മാതേ
കോവിലവൻ കള്ളട്ടിമേ
അവ കയ്യിൽ കുടുത്താലും മാതേ
ഉന്നെ പാത്താലും പതരിക്കം തന്നെ
ഉനക്കിറുന്താൻ ചിലപ്പാരെ.

കോവിലവൻ കോവുണത്തെ
തരമെൻട്രും കേട്ടാലും മാതേ
കോവിലവൻ കള്ളട്ടിമേ
അവ കയ്യിൽ കുടുത്താലും മാതേ
ഉന്നെ പാത്താലും പതരിക്കം തന്നെ
ഉനക്കിറുന്താൻ ചിലപ്പാരെ.

കോവിലവൻ അരന്നാണം
തരമെൻട്രും കേട്ടാലും മാതേ
കോവിലവൻ കള്ളട്ടിമേ
അവ കയ്യിൽ കുടുത്താലും മാതേ
ഉന്നെ പാത്താലും പതരിക്കം തന്നെ
ഉനക്കിറുന്താൻ ചിലപ്പാരെ.

കോവിലവൻ കാൽകാപ്പും
തരമെൻട്രും കേട്ടാലും മാതേ
കോവിലവൻ കള്ളട്ടിമേ

അവ കയ്യിൽ കുടുത്താലും മാതേ
ഉന്നെ പാത്താലും പതരിക്കം തന്നെ
ഉനക്കിറുന്താൻ ചിലപ്പാരെ.

*ചൊല്ല് 41*

മാതകൈപ്പെൺ തേവതാശി
മന്നവന് പെടാത തുമ്പങ്ങളെ
പെടുത്തിനതും പത്താമെൽ താനേ.......
ആനമേലിറുക്കും മുള്ളെ
അടുക്കടുക്കേ പാർവി വിട്ടേൻ
മന്നവനെ മല്ലാക്കെ പോട്ടുവിട്ടേൻ.......
അതിന്മേൽ പാറക്കല്ലെ തൂക്കി വയ്ത്തുവിട്ടേൻ....
പൽക്കാപ്പുടി പോട്ട്, തേങ്കാച്ചെരുവയെടുത്ത്
ചിരണ്ടി ചിരണ്ടി എടുക്കക്കണ്ടേൻ.........
മൈത്തുനനാർ തോളം ചെട്ടി
തെൻ മതിരയെ ചുത്തിത്തേട്ടി
പാർത്തുവിട്ടുതാനേ...........

മാതകൈപ്പെൺ തേവതാശി തൻ
അരുമുനയെ ചെൻട്രു പാർക്കുമ്പോതു
മന്നവനും തന്നെ പെടാത തുമ്പങ്ങളെ
പടുത്തുക്കൊണ്ടുമേ ഇറുക്കക്കണ്ടേൻ.........

അകോവാരം മാതകിയേ കേളോ
മന്നവന് പെടാത തുമ്പങ്ങളെ
പെടുത്തവേണ്ടാ
മന്നവൻ തരും അഞ്ചുപെൺ കടൻ
നാൻ തരാമെൻട്രുമേ ശൊല്ലെ.......

മാതകൈപ്പെൺ തേവതാശി
ഇതയം കേട്ടുവിട്ടുതാനേ.
മന്നവനെയും തന്നെ
കല്ലുത്തിലൊരു കൈ പിടലിയിലൊരു കൈ
പിടിച്ചുമേ വിട്ടേൻ......
തന്നൊടെ വാളത്തോട്ടമേ തള്ളിമേ വിട്ടേൻ.......

*പാട്ട് 39*

നല്ല തോളൻ വന്താള

പീണയക്കൻ തോളൻ വന്താള
നല്ല ചുത്തുമുറുകനെ ചുരുട്ടത്തലപ്പാവ്
തോളവൻ വന്താള
അളകുള്ള തോളൻ വന്താള
തോളൻ വന്താള
പീണയക്കൻ തോളൻ വന്താള
നല്ല വണ്ടിക്കടുക്കനു വൈരത്തലപ്പാവ്
തോളൻ വന്താള
പീണയക്കൻ തോളൻ വന്താള
അഞ്ചുപൊൻ കടനിക്ക് തോളനേ താൻ വയ്ത്ത്
തോളൻ വന്താള
പീണയക്കൻ തോളൻ വന്താള

*ചൊല്ല് 42*

ചിന്തമുള്ള തുലങ്കിയ കോവലവൻ
മാതകൈപ്പെൺ തേവതാശി
വാളത്തോട്ടത്തിലേ ചെൻട്രുവിട്ടുതാനേ........

മന്നവൻ വാളനാലരന്നാണം കെട്ടി
വാഴനാലെ കോവണമുടുത്തു വിട്ടേ
തന്നോടെ കാവരിപ്പൂം പട്ടണം തന്നെ
ഓടോടു ചെൻട്രാൻ........

തന്നോടെ കാവരിപ്പൂം പട്ടണത്തിൽ
ചെൻട്രുടൻ താനേ
തന്നോടെ പവിളക്കെട്ടു തിരുക്കുള-
ത്തരു കാമൽ നിക്കും അത്തിമരത്തിലേറി
ഉക്കാന്തും പോത്
എണ്ണെണ്ണേയ്ക്കും പൂക്കാതെ കായ് കായാത നിന്ന
അത്തിമരം താനേ......
അതും താൻ പൂ പൂത്ത് കായ് കായ്ച്ച്
പഴമാകെ ചൊരിയക്കണ്ടേൻ.........
ചിന്തമുള്ള തുലങ്കിയ കോവിലവർ
അത്തിപ്പളം മുളുങ്കിക്കൊണ്ടുമേ
ഇരിക്കക്കണ്ടേൻ.........

തന്നോടെ അരുമുനയിൽ നിൻട്ര്
ഏളുപേർ തോളികളും തന്നെ

ചെപ്പുക്കുടം കയ്യിലെടുത്ത് വിട്ടേ
തന്നോടെ പവിളക്കെട്ടു തിരുക്കുള-
ത്തരുകാമൽ ചെൻട്ര് പാർക്കുമ്പോതു താനേ......

അടിയേ നമ്മെ അത്തിമരം
എണ്ണണ്ണേക്കും പൂക്കാത അത്തിമരം
പൂ പൂത്ത് കായ് കായ്ച്ച് പളമാകെ
ചൊരിയെ കാണെ യെൻട്രു ശൊല്ലി.....

ഏളുപേർ തോളികൾ ഇതയം പാർത്തു
വിട്ടുതാനേ.......
തണ്ണീർ മുക്കനതുപാതി മുക്കാത്തതുപാതി
ഓട്ടും പെരുനടയുമായി
തന്നോടെ അരുമുനക്കു ചെൻട്രാൻ.........

അകോവാരം തായേ കേളോ
നമ്മോടെ പവിളക്കെട്ട് തിരുക്കുളത്ത്
അരുകാമെൽ നിൽക്കും അത്തിമരം
എണ്ണണ്ണേക്കും പൂ പൂത്തതില്ല.
കായ് കായ്ച്ചതില്ല
ഇണ്ണേക്ക് പൂ പൂത്ത് കായ് കായ്ച്ച്
പളമാകെ ചൊരിയക്കണ്ടേൻ....

അത്തിമരം അണ്ണാന്ത് പാർക്കുമ്പോതോ
ഒരു നീതം പാർക്കുമ്പോതു വെള്ളമന്തി
ഒരു നീതം പാർത്തുമ്പോതു കരിങ്കുരങ്ക്
ഒരു നീതം പാർക്കുമ്പോതു
നമ്മൂർ ചിന്തമുള്ള തുലങ്കിയ കോവിലവ
പ്പെരുമാളേപ്പോലെ കാണവരെ കണ്ടേൻ.........

തായാർ ഇതയം കേട്ടുവിട്ടുതാനേ
അഹോവാരം തോളിയേ കേളോ
ഇനിയും ഒരു നീതം പോയ് ഉത്തൂത്ത്
വാർക്കവേണമെൻട്രുമേ ശൊല്ലെ.

ഏളുപേർ തോളികൾ ഇതയം
കേട്ടുവിട്ടുതാനേ....
പിന്നെയും ഏളുപേർ തോളികൾ

പവിളക്കെട്ട് തിരുക്കുളത്ത് അരുകാമെൽ
ചെൻട്ര് അണ്ണാന്ത് പാർക്കുമ്പോതുതാനേ
അടിയേ എങ്കിറുന്ത് വന്തേൻ
തിശതെറ്റി വന്തേനെൻട്രുമേ ശൊല്ലി
വെള്ളമന്തിയില്ല, കരിങ്കുരങ്കില്ല
നമ്മൂർ ചിന്തമുള്ള തുലങ്കിയ
കോവിലപ്പെരുമാളെ തവരെ
ആരുമേയില്ല........

*പാട്ട് 40*

നല്ല വെള്ളമന്തിയിങ്കിറുന്താ
നീ പോ കരിങ്കുരങ്കോ പാത്തിറുപ്പാ
നീ അന്നക്കിളിയിങ്കിറുന്താ
നീ പോ പനങ്കിളി പാത്തിറുപ്പാ
നല്ല ചോലക്കിളി ഇങ്കിറുന്താ
നീ പോ വരണക്കിളി പാത്തിറുപ്പാ

*ചൊല്ല് 43*

ഏഴുപേർ തോളികൾ ഇതയം
പാർത്തു വിട്ടുതാനേ.....

പിന്നെയും തണ്ണീർ മുക്കുന്നതുപാതി മുക്കാത്തതുപാതി
ഓട്ടും പെരുനടയുമായി തന്നോട്
അരുമുനക്ക് ഓടോടു ചെൻട്രാൻ........

അഹോവാരം തായേ കേളോ
വെള്ളമന്തിയില്ല കരിങ്കുരങ്ങില്ല
നമ്മൂർ ചിന്തമുള്ള തുലങ്കിയ
കോവിലവർ തവരെ
ആരുമേ യില്ലയെൻട്രുമേ ശൊല്ലെ........

തായാരിതയം കേട്ടുവിട്ടുതാനേ
മന്നവനങ്കവസുത്രം താൻ എടുത്തു വിട്ടേൻ
തലയിൽ വയ്ത്ത തലപ്പാവും താൻ
എടുത്തു വിട്ടേൻ...........

അകോവാരം തോളിയേ കേളോ
നമ്മോടെ അരുമുനക്കു മുമ്പാകെ കിടക്കും
ചിങ്കമുകപ്പല്ലാക്ക് പാതി കുരുടാവെടുത്ത്
മന്നവനെപ്പോയ് അളച്ചുമേ വരുകേ.........

ഏളുപേർ തോളികൾ ഇതയം കേട്ടു
വിട്ടുതാനേ.........
തന്നോടെ അരുമുനക്കുമുമ്പാകെ കിടക്കും
ചിങ്കമുക പല്ലാക്ക് പാതികൊരുടാവെടുത്ത് വിട്ടേൻ..........
തന്നോടെ പവിളക്കെട്ടു തിരുക്കുളത്തരുകാമെൽ
ചെൻട്രാൻ............

അകോവാരം മന്നവനെ കേളോ
അത്തിമരം വളിഇറങ്കി വരവേണമെൻട്രേ.........

മന്നവനിതയം കേട്ടുവിട്ടുതാനേ
അപ്പടിയെല്ലാമില്ലയെന്തുനുടെ തോളിയേ കേളോ
എന്നുടെ അങ്ക വസുത്രം
അന്തുരമാകെ വിട്ടെറിയ വേണമെൻട്രേ...
അങ്കവസുത്രം അത്തുരമാകെ വിട്ടെറിയുമ്പോതോ
മന്നവനും തന്നെ അങ്കവസുത്രം താൻ
അണിഞ്ചുവിട്ടേൻ.......
തലയിൽ വയ്ത്ത തലപ്പാവും വയ്ത്തുവിട്ടേൻ........
എന്തതോർ അത്തിമരം വളി
ഇറങ്കിമേ വരുകക്കണ്ടേൻ............
തന്നോടെ പവിളക്കെട്ടു തിരുക്കുളത്ത്
നീർ കുളിച്ചുവിട്ടേൻ..........
ചിങ്ക മുകപ്പല്ലാക്ക് പാതിക്കൊരുടാവ്
ഏറി വിട്ടേൻ........
തന്നോടെ അരുമുനക്കുതന്നെ
ചെല്ലക്കൂടി വളി നടക്കക്കണ്ടേൻ.....

*പാട്ട് 41*

കന്തൻ വേരിലെ നീരക്കം വേരിക്കം
താരാരാരോ മല്ലിയോ
കന്തൻ വേരിലെ നീരക്കം വേരിക്കം
കന്തൻ തേരിലെ നീരക്കം വേരിക്കം
താരാരോ മല്ലിയോ

*ചൊല്ല് 44*

ചിന്തമുള്ള തുലങ്കിയ കോവിലവൻ തന്നോടെ
അരുമുനയിൽ ചെൻട്രുടൻ താനേ.......
തെക്കു വരിശിയെ തലയാട്ടി
തിണ്ണയിലുമേ ചെൻട്രാൻ...........

മന്നവൻ ഉക്കാര വയ്ത്തുവിട്ടുതാനേ........
അകോവാരം കന്നകയേ കേളോ
ഉൻ ഉത്തമ പുരുശൻ ഇന്നേക്കു
വന്നേനെൻട്രുമേ ശൊല്ലി......

കന്നകൈ ഇതയം കേട്ടുവിട്ടുതാനേ
തന്നോടെ കൂന്തലെ വിരിച്ചമേൽ
മറഞ്ചു വിട്ടേൻ......
തെക്കെ വരിശിയെ തലയാട്ടി
തിണ്ണയിലുമേ ചെൻട്രാൻ........

അകോവാരം മന്നവനെ കേളോ
മാതകൈപ്പെൺ തേവതാശി
ഇന്ത പനിരണ്ടു വരിഷമാ
എന്നെന്ന തുമ്പങ്ങളാ
പടുത്തിയമെൻട്രു ശൊല്ലെ
നാനേ ഇപ്പവേക്കിപ്പവേ പുണ്ണാ പുളുവാകെ
ചെയ്തു വിടുവേമെൻട്രുമേ ശൊല്ലെ.........

*പാട്ട് 42*

തനനന്നേ....... നാ.........നന്നോ
തനനാനേ......... താനോ......... നന്നോ
നല്ല എള്ളുപോ എള്ളുവറൂചിയോ
നല്ല കൊണ്ടേലോ കാരാം കൊണ്ടേലോ
നല്ല കത്തിയോ തേവർകത്തിയോ
നല്ല പൊൻപോലെ ഇറന്തമേനിയോ
നല്ല പൂപോലെ ഇറന്തമേനിയോ

തനനന്നേ...... നാന........ നന്നോ
തനനാനോ........ നാനേ
നല്ല ചറികുപോലിറുന്ത മേനിയോ

*ചൊല്ല് 45*

ചിന്തമുള്ള തുലങ്കിയ കോവിലവർ
ഇതയം കേട്ടുവിട്ടുതാനേ........
അപ്പടിയെല്ലാമില്ലയെന്തനുടെ കന്നകയേ കേളോ
എൻ വയ്ത്തുലവ് തീത്തുകൊടുപ്പതുമേ ആനാൽ
നാൻ ഉള്ളതെല്ലാം ശൊല്ലിക്കൊടുപ്പേമെൻട്രു ശൊല്ലെ

കന്യകൈ ഇതയം കേട്ടുവിട്ടുതാനേ
അകോവാരം തോളിയേ കേളോ
മന്നവനുടനേക്കുടനവേ
പലവക പതിനെട്ടുവക
കായ്കറിയുടനേ ചാതം ചെയ്ഞ്ച്
വിളമ്പവേണമെൻട്രുമേ ശൊല്ലെ

മന്നവനിതയം കേട്ടുവിട്ടുതാനേ
അപ്പടിയെല്ലാ മില്ലയെന്തനുടെ കന്നകയെ കേളോ
തോളികൾ കയ്ച്ചാതം ചെയ്ഞ്ച് വിളമ്പുവതുമേ
ആനാൻ ഇന്ത മന്നവൻ
ആ കൈച്ചാതം ഉണ്ണവില്ലയെൻട്രേ.

കന്നകൈ കയ്യാലെ കയ്ച്ചാതം ചെയ്ഞ്ചു
വിളമ്പുവതുമേ ആനാൽ
അന്ത കാച്ചാതം ഇന്ത മന്നവൻ
ഉണ്ണുമേ മെൻട്ര് ശൊല്ലെ.

കന്നകൈ ഇതയം കേട്ടുവിട്ടുതാനേ
അകോവാരം മന്നവനെ കേളോ
ചുട്ടചട്ടി തൊട്ടതില്ലെ-
കൈച്ചാതം വച്ചുണ്ടതില്ലെയെൻട്ര്
ഇപ്പടിക്കും നാൻ എപ്പടി
കൈച്ചാതം വച്ചു വിളുമ്പുമെൻട്ര് ശൊല്ലെ.

കന്നകൈയിതയം കേട്ടുവിട്ടുതാനേ
കല്ലാനാലും കണവൻ

പുല്ലാനാലും പരുശൻ എൻട്രുശൊല്ലി
തന്നോടെ പവിളക്കെട്ട് തിരുക്കുളത്തരുകാമെൽ
ചെൻട്രുമേ വിട്ടുതാനേ.....

ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത മഹൾ
ഇറുപ്പതുമേ ആനാൽ
അട്ടാളം ചൊക്കർ മതുരമീനാച്ചി
മഹാതേവനെതാൻ നിനച്ചുവിട്ടേൻ
എന്നുടയ വലതെ പെരുവിരലിപ്പ
തങ്കത്തുനാനെ പൊന്നൂർ ശെമ്പ്
തണ്ണീരുമെത്ത വേണമെൻട്രേ.........

പവിളക്കെട്ടു തിരുക്കുളത്തു ചെൻട്ര്
മുണ്ണു ശുളട്ട് ശുളട്ടുമ്പോതോ
അതും താൻ തങ്കത്തുനാലേ പൊന്നൂർശെമ്പ്
തിരണ്ട് തണ്ണീരു മെത്തിമേ വിട്ടാൻ..........

തന്നോടെ അരുമുനയിൽ ചെൻട്രുടൻ താനേ
ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത
മഹളിറുപ്പതുമേ ആനാൽ
എനക്ക് ഉടനേക്കുടനവേ
പലവക പതിനെട്ടുവക കായ്കറി
ഉടനേ ചാതം ചമയവേണമെൻട്രുമേ ശൊല്ലേ

കന്നകൈ തലവാളയിലയും വയ്ത്തുവിട്ടേൻ
തങ്കത്തുനാലെ പൊന്നൂർ ശെമ്പിൽ
തണ്ണീരുമെത്തി മന്നവൻ കയ്യിൽ
കൊടുത്തു വിട്ടാൻ.........

മന്നവൻ പാൽക്കാപ്പുടിയെടുത്ത്
പൽ തേച്ചു വിട്ടേൻ.....
ഇളയോലയെടുത്ത നാവടിച്ചുവിട്ടേൻ.
കൈകാൽ മതിമുകം ചുത്തം ചെയ്തുവിട്ടേൻ
ഇടംപിരി വലംപിരി പൂജനമസ്കാരം
ചെയ്തു വിട്ടേൻ.....
മന്നവനും തന്നെ ഉക്കാരുമ്പോതോ.........

പലവക പതിനെട്ടുവക കായ്കറി
ചാതം താൻ വിളമ്പിവിട്ടേൻ
മുത്തുപോലെ ചാതം താൻ വിളമ്പിവിട്ടേൻ

തങ്കത്തുനാലെ പൊന്നൂർ ശെമ്പിൽ
തണ്ണീരുമെത്തി വയ്ത്തുവിട്ടേൻ
തന്നോടെ യായമേ പിടിച്ചു നിറുത്തിമേ വിട്ടാ......

മന്നവനൊരുരുള ചാതം ഇലയിൽ വയ്ത്തുവിട്ടേൻ
ഒരു പിടി ചാതം വായ്തനിയിൽ വയ്ത്തുവിട്ടേൻ
ഒരു പിടി ചാതം കയ്യിൽ പിടിച്ച് തിടുക്കൻട്ര്
അണ്ണാന്തു പാർത്തുക്കൊണ്ടുമേ ഇറുക്കക്കണ്ടേൻ

കന്നകൈയിതയം പാർത്തുവിട്ടുതാനേ
അകോവാരം മന്നവനെ കേളോ
തിടുക്കൻട്ര് അണ്ണാന്തു പാത്തത്
എതിനാലെ യെൻട്ര് ശൊല്ലവേണമെൻട്രേ

അപ്പടിയെല്ലാമില്ല കന്നകയേ
മാതകൈപ്പെൺ തേവതാശിക്ക്
അഞ്ചു പൊൻ കടൻ കുടുകാമെൽ
കയ്ച്ചാതം ഉണ്ണവില്ലയെൻട്ര് ശൊല്ലി
ശവതം ചെയ്തു വിട്ടേൻ........

*പാട്ട് 43*

ടീയ ടീയോ ടീയാളതോ
ടീയ ടീയോ ടീയാളതോ
ഏതു വേല ചെയ്യപ്പോനാൽ
കാലൊടിഞ്ഞ് വന്തേനാട
കന്നക്കോലെ ചെയ്യപ്പോനാൽ
കയ്യൊടിഞ്ഞ് വന്തേനാട
ചിന്നയൂശി മൈനാലൂശി
വാങ്കലാടാ നയ്യാളകാ
ചിന്നപ്പുള്ളക്ക് കോർത്തുപോട്ടാ
നല്ലിറുക്കും നയ്യാളതോ
ടീയ ടീയ ടീയാളതോ
ടീയ ടീയോ ടീയാളതോ

പച്ചപ്പാശി പകളപ്പാശി
വാങ്കളാടാ നയ്യാളകാ
പച്ചപ്പുള്ളക്ക് കോർത്തുപോട്ടാൽ
നല്ലിറുക്കും നയ്യാളകാ
ആശപ്പെട്ട് കിളിവളർത്തേ
അക്കരയിൽ മേയവിട്ടേ
ടീയ ടീയോ ടീയാളതോ
ടീയ ടീയോ ടീയാളതോ

*ചൊല്ല് 46*

അളകുള്ള പർവ്വത പത്തിനികന്നക
ഇതയം കേട്ടു വിട്ടു താനേ.....
കയ്യിൽ കാശില്ല കടം കുടുപ്പാരാരുമില്ലയെൻട്രോ..........

മന്നൻ വായ്പ്പാത്തം ചെട്ടി ചിത്തിരമുകചാവടിയിൽ
തേടിവെച്ച തുറവിയങ്കൾ താനോ
കന്തൻ ചേർക്കുളം മാതേവിക്ക്
കൊള്ളയെ കുടുത്തുവിട്ടേൻ.........

പാവിമുണ്ട വരണമാല ചിത്തിരമുകചാവടിയിൽ
തേടിവെച്ച തുറവിയങ്കൾ താനോ
കന്തൻ ചേർക്കുളം മാതേവിക്ക്
കൊള്ളയെ കുടുത്തുവിട്ടേൻ
കയ്യിൽ കാശില്ലെ കടം കുടുപ്പാനാരുമില്ലെയൻട്രേ.......

മടിയിലൊരു കാശുമില്ലെ വായ്പാത്തം
ചെയ്യവേണ്ട എന്തനുടെ മന്നവാ
ചിന്തമുള്ള കോവിലവൻ ഇതയം കേട്ടുവിട്ടുതാനേ
അപ്പടിയെല്ലാമില്ലയെന്തനുടെ കന്നകയേ കേളോ
ഉന്നിരുകാൽ മണിച്ചിലമ്പി
ലൊരുഹാൽ മണിച്ചിലമ്പ്
കളട്ടി ശുളട്ടി കൊടുപ്പതുമേ ആനാൽ
നാനോ തെൻ മതിരപ്പോയ്
ചിലമ്പ് നീതകം വിററ് വിലകൂറി
മാതകൈ അഞ്ചുപൊൻ കടൻ അടച്ചിട്ട്
വരുമേ എൻട്രുമേ ശൊല്ലെ.......

കന്നകൈ ഇതയം കേട്ടുവിട്ടുതാനേ

അപ്പടിയെല്ലാമില്ലെന്തുനുടെ മന്നവാ കേളോ
തട്ടാനറിഞ്ചതില്ല തിരുകാണി വയ്ത്തതില്ല
ചേടാവിൽ വയ്ത്തതില്ല
കുണ്ടുമുത്തു വയ്ത്തു നിറുത്തതില്ലെയെൻട്ര്
ഇപ്പടിക്കും നാൻ എപ്പടി താൻ
ശിലമ്പ് കളട്ടി ശുളട്ടി
തരുവേ മെൻട്രുമേ ശൊല്ലെ..........

മന്നവനിതയം കേട്ടുവിട്ടുതാനേ
അപ്പടിയെല്ലാമില്ല കന്നകയേ
ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ന
മഹളിറുപ്പതുമേ ആനാൽ
അട്ടാളം ശൊക്കർ മതിരമീനാച്ചി
മഹാതേവനേതാൻ നിനപ്പതുമേ ആനാൽ
ഉന്നിറുകാൽ മണിച്ചിലമ്പിൽ
ഓടാണിയുണ്ടായ് തിരുകാണിയുണ്ടായ്
കളറുമെൻട്രുമേ ശൊല്ലെ........

കന്നകയിതയം കേട്ടുവിട്ടുതാനേ
ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത
മഹളിറുപ്പതുമേ ആനാൽ
എന്നിരുകാൽ മണിച്ചിലമ്പൊരുകാൽ
മണിച്ചിലമ്പുക്ക് ഓടാണിയുണ്ടായ്
തിരുകാണിയുണ്ടായ്
ഇപ്പക്കളറ വേണമെൻട്രുമേ കേട്ടെ.

കന്നകൈ ചിലമ്പെ കയ്പോടുമ്പോതുതാനേ
അക്കക്കാ എന്നെ കളട്ടി മന്നവൻ കയ്യിൽ
കൊടുക്ക വേണാ മെൻട്രേ
എന്നെ കളട്ടി കൊടുപ്പതുമേ ആനാൽ
ഇനിനാൻ മന്നവൻ പോകും വളി
തിരുമ്പി വരവില്ലെൻട്രുമേ ശൊല്ലെ

കന്നകൈ ശിലമ്പെ കയ്പോടുമ്പോതുതാനേ
കാതു രണ്ടും കേളാമെ താനേ
ശിലമ്പിൽ കൈപോട്ട്
ശിലമ്പെ കളട്ടും പോതോ
ശിലമ്പെ അളുകവേണ്ട

ചിലമ്പെ നീർ പുലമ്പവേണ്ട ശിലമ്പേ
ഇനിയോ മന്നവൻ പോകും വളി
നാനും കൂടെപ്പോയ് വരുകാമെൻട്രുമേ ശൊല്ലേ
കന്നകൈ ശിലമ്പെ കളട്ടി
മന്നവൻ കയ്യിൽ കൊടുക്കുമ്പോതോ
മന്നവൻ ചിലമ്പെ ചോളുകപ്പയ്യിൽ
പോട്ടുവിട്ടേൻ............
മന്നവൻ കയ്ച്ചാതം ഉണ്ടുമേ വിട്ടാൻ
ആ............ ഓ.............

*പാട്ട് 44*

കാശുവ നായിളന്തോ
എന്തെൻ കയ്യിൽ ഇല്ലിയ കാശുവനോ
കാശുവ നായിളുന്തോ
എന്തൻ കയ്യിൽ മല്ലിയപ്പൂവിളങ്കേ
നാൻ പൊന്നയോ വിളുന്തോ
അവിടുത്തെ പൂവല മാതകയോ
പൂവല മാതകയോ
അവിടത്തെ പൂവല മാതകയോ
നല്ല കടൽ വള്ളി ഏനളുതോ
അവിടത്തെ കണ്ടതും താനുമയ്യാ
കണ്ടതും താനുമയ്യാ
അവിടത്തെ കണ്ടതും താനുമയ്യാ

*ചൊല്ല് 47*

ഓരതെല്ലാം ചരിതാൻ
എന്നനുടെ മന്നവനെ കേളോ
നമുക്കിരുവേർക്കും തെൻമതിരപ്പോയ്
ശിലമ്പുവിറ്റു വിലകൂറി
മാതകൈപ്പെണ്‍ തേവതാശി
അഞ്ചുപൊൻ കടൻ കുഞ്ചുക്കുലാവി
അടച്ചിട്ടു വരുവേ മെൻട്രുമേ ശൊല്ലേ

മന്നവൻ ഇതയം കേട്ടുവിട്ടുതാനേ
കയ്യിൽ കാശില്ലെ
കടം കുടുപ്പാനാരുമില്ലയെൻട്രേ
എപ്പടിക്കും നാൻ തനിയാകെപ്പോയ്

ശിലമ്പു വിറ്റു വിലകൂറി
മാതകൈ അഞ്ചുപൊൻ കടൻ
അടച്ചിട്ടു വരുമേ മെൻട്ര് ശൊല്ല..................

*പാട്ട് 45*

നല്ല തെക്കുമുകമേ പോനാലവാ
എനക്ക് തെന്നെ മുല്ലെ വളരുതമ്മാ
നല്ല വടക്കുമുകമേ പോനാലവാ
എനക്ക് വാളമുല്ലെ വളരുതമ്മാ
നല്ല കുറക്കുമുകമേ പോനാലവാ
എനക്ക് കീളെ മുല്ലെ വളരുതമ്മാ
നല്ല മേക്കേ മുകമേ പോനാലവാ
എനക്ക് മേകമുല്ലെ വളരുതമ്മാ
നല്ല മുന്തിമുന്തി നായാകനാ
എനക്ക് മുരുങ്കശരപ്പാണി ഏങ്കുറുമാ
തന്നേ....... തനനാനേ......... നന്നോ.....
താനോ...... നനനാനോ..............

*ചൊല്ല് 48*

ഓരതെല്ലാം ചരിതാൻ എന്തനുടെ
മന്നവനെ കേളോ
നമുക്കോ കെട്ടിച്ചാതം കെട്ടിപ്പോയ്
വരുവേമെൻട്രേ..........
മന്നവൻ ഇതയം കേട്ടുവിട്ടുതാനേ
അപ്പടിയെല്ലാമില്ല എന്തനുടെ
കന്നകയേ കേളോ.......

കെട്ടിച്ചാതം കയ്ക്കണ പെമ്പുള്ളയാൾക്ക്
കാൽ വിലങ്കെന്ന് ശൊല്ലെ
നാനോ തനിയാകെ പോയ്‌വരുവേ-
മെൻട്രുമേ ശൊല്ലെ............

*പാട്ട് 46*

നനനന്നോ നാനോ......
നനനോ തനനന്നോ......
നീ പോരെ യെങ്കണവാ
നാനും കൂടെ വരവേ
ഉങ്കളെന്നെ വിട്ടുപോകവേണ്ട

എങ്കണവാ കേളോ
ആചയിട്ടു പിൻതുടർന്നോ
ളാണയിട്ടു നാൻ വരുവേം
അങ്കിറുന്താ ആർ വരുവാൻ
ഉങ്കളേത്താൻ നാൻ വിലക്കേ
മാലയിട്ട കടനാലവാ
മത്തച്ചുകനാനറിവാ
കൈ കുടുത്ത കടനാലാവോ
കാനച്ചുകം നാൻ അറിവേൻ

*ചൊല്ല് 49*

അളകുള്ള പർവ്വത പത്തിനി
കന്നകൈ താനേ.........
തെക്കു വരിചിയാകെ തലയാട്ടി
തിണ്ണയെ ചെൻട്ര് പാർക്കിൻപോതുതാനെ
മന്നവൻ ചാലവളി
തൂരം പോകെക്കണ്ടേൻ......

*പാട്ട് 47*

തനതിന്തനേ..... താ തിന്തനോ
തന തിന്താ......... താതിന്തനാ
നാൻ ചാലവളി തനലേ
ഉയിലാകെ വാരവളാ
നാൻ കീഴക്കെ പോരാനെങ്കമാ
ചെത്ത കീളെ വരാനെങ്കുമാ
നാൻ മേലുക്കെ പോരാനെങ്കുമാ
ചെത്ത മേലെ വരാനെങ്കുമാ

നാൻ വാടക്കെ പോനാനെങ്കുമാ
ആന്ത വാളന്താൻ വാരാനെങ്കുമാ
നാൻ കന്തർ മലക്കുളലെ
നാൻ കന്നകൈ പെണ്ണാലാവ
തന തിന്തനേ താ തിന്തോ
തന തിന്താ താ തിന്തനാ
നാൻ കാക്കെ ഒരു മേക്കെ
നാൻ അഞ്ചാറു മാചമും മേക്കവ

നാൻ തിണ്ടി വിരലളവ്
തിരവാണിയ മോതുരമാ
തന തിന്തനോ....... താ തിന്തനോ
തന തിന്താ താതിന്താ......

*ചൊല്ല് 50*

ചിന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വത പത്തിനി കന്നകൈ
ഇരുവരും താനേ.........
കാടോചെടി കണ്ടാവനമതികടന്ത്
തെൻ മതിര തേടിയേ പോകക്കണ്ടേൻ........

*പാട്ട് 48*

നല്ല നാടോ നാടേ വിലേന്തവാ
വാലേ വലാത്തോ നല്ല തൂറെ
റയ്യറോമ്പറാ
നല്ല കാട്ടുക്കുന്താൻ കോപം പാറുങ്കേ
നല്ല അണ്ണാമാരെ കാടുക്കുന്താൻ
കോപം പാറുങ്കേ

നല്ല ചെറുപ്പും താൻ തീന്തിടുവാ
നല്ല അണ്ണാമാരെ ചെറുപ്പേ വന്ത്
ഇളയേന്തീടുവാ
നല്ല കുറുത്തേക്കുറേ റയ്യറോമ്പറാ
വാലേ വാലാത്തോ നല്ലെ തുറെ
റയ്യറോമ്പറാ

*ചൊല്ല് 51*

പിന്നെയും ചിന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വത പത്തിനി
കന്നകൈ ഇരുവേരും താനേ........
കാടോചെടി കണ്ടാവനം കടന്ത്
തെൻ മതിര തേടിയേ പോകക്കണ്ടേൻ.......

*പാട്ട് 49*

നല്ല ചന്തിരമാതിപ്പെണ്ണേ
എന്നേ വിലുനാ വിൽപ്പനോ
ചന്ദ്രമാതിയേ.......

നല്ല പാക്കു വിപ്പത് പല്ലുചവച്ചത്
പോച്ചനോ ചന്ദ്രമാതിയേ
നല്ല് കെട്ടോട വെത്തില്
കവിയോടുംപന് പെന
പോച്ചനോ ചന്ദ്രമാതിയേ
നല്ല കൊട്ടത്തു ചാടിയ
വാരിയണഞ്ചത്
കൈകളോ ചന്ദ്രമാതിയേ
നല്ല ചന്ദ്രമാതിപ്പെണ്ണേ
എന്നേ വിലുനാ
വിൽപ്പനോ ചന്ദ്രമാതിയേ

*പാട്ട് 50*

നല്ല വാനാ വഞ്ചുകമോ
വനത്തിലേ വഞ്ചുകമേ ഇല്ലയാ
നല്ല കരടിപുലി ചിങ്കമോ വനത്തിലെ
കാൽകൊണ്ടു വയ്ത്തിടവാ
തനനാനേ.......... നാനോ............
നാളെക്ക നിണനിലയോ

അണ്ണനാരാ പക്കത്തുണ നിലയോ
നല്ല മന്നവൻ ചപയിലുമേ
നാൻ പോ നിൻട്രുവിളയാടി
നല്ല കോവിലവൻ ചപയിലുമേ
നാൻ പോ നിൻട്രുവിളയാടി
നാൻ ഊറയരുമ്പപോലെ
അണ്ണേനര വളിതരെ കാണാതെ
നാൻ വണ്ടുകൾ തുമ്പികളെ
അണ്ണേനര പാതയും കാണാതെ
തന്നന്നേ.... തന നാനോ
തന്നേ തനനാനോ

*ചൊല്ല് 52*

ചിന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വത പത്തിന കുന്നകൈ

ഇരുവേരും താനേ......
ഏറാതെ മലകളേറി ഇറങ്ങാതെ
ഇറക്കങ്ങളിറങ്ങി തെൻ മതിര തേടിയേ പോകെ

*പാട്ട് 51*

നല്ല നിണലിലേയാനാലും
ഇറുക്കച്ചൊല്ലുങ്കയോ
ചൊല്ലുങ്കേ മന്നവാ
തണ്ണീരും താഹവും റംബയിറുക്കത്
തൈവമേ....... തൈവമേ..................
നാൻ തണ്ണികുടിച്ച് തെകയാതെ
പോവമാ പോവമാ മന്നവാ
നല്ല പാതയിലെ തർമ്മം മണകെട്ടി
വയ്ത്തിറോ വയ്ത്തിറ മന്നവാ
തന്തനന്നാനേ........ തന നാനേ
തന്തനന്നാനേ.......... തന നാനേ....
വലിതരെ നേർവഴി വലിയൂതെരിഞ്ചെടോ
ചൊല്ലങ്കേ മന്നവാ
നല്ല ഈറയരുമ്പേപ്പോലെ
അണ്ണനാരെ വലുതരെ കാണാതെ
വണ്ടുകൾ തുമ്പികളും അണ്ണനാരെ
പാതയും കാണാതെ
നാൻ കോവിൽ കുളങ്കരെ കെട്ടിവയ്ത്തിറോ
വയ്ത്തിറോ മന്നവാ
നല്ല ചതിക്കുണമെല്ലാം പോവണ്ടമാട്ടണ്ട
മാട്ടണ്ടാ മന്നവാ
തന നന്താനേ....... തന നാനേ
തന ന്നാനേ.. തനതാനേ....

*ചൊല്ല് 53*

ചിന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വത പത്തിനി കന്നക
ഇരുവേരും താനേ......
എട്ടുവനചോലയിൽ ചെൻട്രുടൻ താനേ
വിസ്താരമാന പാറയിൽ
കന്നകയെ ഉക്കാറവയ്ത്തുവിട്ടേൻ..........
ചിന്തമുള്ള തുലങ്കിയ കോവിലവരും തന്നെ
തങ്കത്തുനാലെ പൊന്നൂർ ശെമ്പ്

കയ്യിലെടുത്ത് ഏട്ടുവന ചോലയിൽ
തണ്ണീരും തേടിയേ പോകകണ്ടേൻ
ഏളുപേർ കുലവേടന്മാർ
കന്നകയറിയാമെ ചെൻട്രു വിട്ടുതാനേ....
അകോവാരം തായേ കേളോ
ആടലാപരണങ്കളെ കളട്ടി കൊട്ടുകാമെൽ പോനാൽ
ഇന്ത കുത്തുകമ്പാലെ കുത്തിവിടും
മന്തറ വാളാൽ വീചിവിടും എൻട്രു ശൊല്ലി......
കന്നകൈയിതയം കേട്ടുവിട്ടുതാനേ
അടയാ പരണങ്കളെ കളട്ടി കയ്യിൽ കൊടുത്തുമേ വിട്ടാൻ
പിന്നെയും കുലവേടന്മാർ കളുത്തിൽ കിടക്കും മംഗലിയം
തരാമെൽ പോനാൽ ഇന്തകുത്തുകമ്പാൽ കുത്തിവിടും
മന്തിറ വാളാൽ വീചിവിടുമെൻട്രേ...............
കന്നകൈ കണ്ണുരണ്ടും ചിവന്ത്
കടം കോവമേറി വിട്ടേൻ
ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത
മഹളിരുപ്പതുമേ ആനാൽ
ഇന്ത ആറുപേർ കുലവേടന്മാർ
കുത്തകല്ലായ് ചമയവേണം.
മരത്തിലിറുക്കുതവൻ
വവ്വാലായ് തൂങ്കവേണമെൻട്ര്
പൊല്ലാത ചാപം പോട്ടുവിട്ടേൻ
ചിന്തമുള്ള തുലങ്കിയ കോവിലവൻ
ഏട്ടുവനച്ചോലയിൽ തണ്ണീരും തേടിവിട്ടുതാനേ
കുത്തുകല്ലൻ വൈരക്കല്ലൻ ആട്ടാമുടി
അറുകാമെൽ ചെൻട്രാർ..........
അകോവാരം കന്നകയെ കേളോ
ഇന്ത പാപമെതുക്കാഹെ ചെയ്‌വേമെൻട്ര്
കേൾക്കുമ്പോത് എന്നോടാലാപരണങ്കളെ
കളട്ടി കുടുത്തതും പത്താമെ താനെ
കളുത്തിൽ കിടക്കും മംഗലിയം കേൾക്കുമ്പോതോ
നാൻ ഇത് ചെയ്തേനെൻട്രുമേ ശൊല്ല.
ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത
മഹളിരുപ്പതുമേ ആനാൽ
ഇന്ത ആറുപേർ കുലവേടന്മാർ
കുത്തുകല്ലായ് ചമഞ്ചവർ
മനുഷ്യരായ് ചമയവേണമെൻട്രേ.........
ഏളുപേർ കുലവേടന്മാർ

ഇതയം പാർത്തുവിട്ടുതാനേ
ആടലാപരണങ്കളേത്താൻ കയ്യിൽ കൊടുത്തുവിട്ടേൻ
തന്നോടെ കാലിലും തന്നെ
ചാഷ്ടാങ്കമാ വിളുകെ കണ്ടേൻ

*പാട്ട് 52*

നല്ല തലയിൽ വയ്ത്ത് തങ്കക്കിരീകിടം
തിരുടിക്കൊണ്ടവളോ ചാമിയേ
കള്ളനെങ്കോ കൈവിലങ്കോ
മാട്ടി വിട്ടവളാ ചാമിയേ
കാതിലിട്ട തങ്കയോലകൾ
തിരുടിക്കൊണ്ടവളാ ചാമിയേ
കള്ളനെങ്കോ കൈവിലങ്കോ
മാട്ടി വിട്ടവളാ ചാമിയേ
കഴുത്തിലിട്ട തങ്കശിരപ്പാണി
തിരുടിക്കൊണ്ടവളാ ചാമിയേ
കള്ളനെങ്കോ കൈവിലങ്കോ
മാട്ടിവിട്ടവളാ ചാമിയേ
കയ്യിലിട്ട തങ്കക്കാപ്പുകൾ
തിരുടിക്കൊണ്ടവളാ ചാമിയേ
കള്ളനെങ്കോ കൈവിലങ്കോ
മാട്ടിവിട്ടവളാ ചാമിയേ
കാലിലിട്ട തങ്കക്കൊലുസുകൾ
തിരുടിക്കൊണ്ടവളാ ചാമിയേ
കള്ളനെങ്കോ കൈവിലങ്കോ
മാട്ടിവിട്ടവളാ ചാമിയേ
വിരലിലിട്ട അശുമെൻ മോതിരം
തിരുടിക്കൊണ്ടവളാ ചാമിയേ
കള്ളനെങ്കോ കൈവിലങ്കോ
മാട്ടിവിട്ടവളാ ചാമിയേ

*ചൊല്ല് 54*

ഊണില്ലേ ഉറക്കമില്ലേ
ഒരുവൻ പേർ ചിന്തനയില്ലേ
തന്നോടെ നായകനോതും പോതും
നാളുമില്ലേ നീങ്കെ........
ചിന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വതപത്തിനി

കന്നക ഇരുവേരും താനേ
തണ്ണീരും തേടി തണ്ണീരെങ്കെയുമില്ലയെൻട്രു ശൊല്ലി
കന്നകയിതയം കേട്ടുവിട്ടുതാനേ
ഇത്തിനിക്കും പത്തിനിക്കും പിറന്ത
മഹളിറുപ്പതുമേ ആനാൽ
അട്ടാളം ചൊക്കർ മധുരമീനാച്ചി
മഹാതേവനേ താൻ നിനച്ചു വിട്ടേൻ
ഇന്ത കരിമ്പാറയിൽ എന്നുള്ളങ്കാൽ വെച്ച്
തിരുമുവിടം തണ്ണീരെ കുവെകുവെ
എളുമ്പവേണമെൻട്ര് ശൊല്ലി
മന്നവൻ തങ്കത്തുനാലെ പൊന്നൂർ
ശെമ്പെടുത്ത് തണ്ണീരുമെത്തി
ഇരുവരും താഹം തരിച്ചുവിട്ടേൻ.....
എട്ടുവനച്ചോലയും തന്നെ
കടത്തുമേ പോക കണ്ടേൻ.........

*പാട്ട് 53*

നല്ല അന്തന്ത മന്തികൾ പായിതുപാര്
നല്ല ചോലയിലെ കുയിൽ കൂകുത് പാര്
നല്ല അന്നക്കിളി രണ്ടും പേശിതു പാര്
നല്ല വരണക്കിളി രണ്ടും പേശിതു പാര്

*ചൊല്ല് 55*

പിന്നെയും ചിന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വതപത്തിനി കന്നക ഇരുവേരും
ഏറാത മലകളേറിത്താനേ.........
ഇറങ്കാത ഇറക്കങ്കളിറങ്കി തെൻ മതിര തേടി പോകകണ്ടേൻ.........

പാട്ട് 54

തനനന്നന്നേ........... നാനോ...........
നാനോ....... നന..... നന്നേ
നല്ലമേഞ്ചിവാരും കരളീ പാര്
തകിടിയോ തകിടിമുത്ത്
നല്ല തിരണ്ടുനിൽക്കും കുഞ്ചെ പാര്
തകിടിയോ തകിടിമുത്ത്
നല്ല തിരണ്ടുനിൽക്കും കുഞ്ചെ പാര്
അതിനുടയ അളകെ പാര്
നല്ല കൂകിവരും കുയിലെ പാര്
തകിടിയോ തകിടിമുത്ത്

അതിനുടയ നടയെ പാര്
തകിടിയോ തകിടിമുത്ത്
അതിനുടയ നടയെ പാര്
അതിനുടയ അളകെ പാര്
നല്ല മേഞ്ചുവാരും മാനെ പാര്
തകിടിയോ തകിടിമുത്ത്
അതിനുടയ നടയെ പാര്
അതിനുടയ നടയെ പാര്
നല്ല ഉശന്തുനിക്കും തലയെ പാര്
നല്ല ഉശന്തുനിക്കും തലയെ പാര്
തകിടിയോ തകിടിമുത്ത്
അപാലെ നിക്കും കയ്യെപ്പാര്
ആടിവാരും മയിലെ പാര്
തകിടിയോ തകിടിമുത്ത്
അതിനുടയ ചിറകെ പാര്
അതിനുടയ ചിറകെ പാര്
തകിടിയോ തകിടിമുത്ത്
അതിനുടയ അളകെ പാര്
തകിടിയോ തകിടിമുത്ത്

*ചൊല്ല് 56*

പിന്നെയും ചിന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വത പത്തിനി കന്നക ഇരുവേരും താനേ
ഏറാതെമലകളേറി ഇറങ്കാത ഇറക്കങ്കളിറങ്കി
തെൻ മതിര തേടിപ്പോകക്കണ്ടേൻ.

*പാട്ട് 55*

നല്ല വെള്ളിമലയോ വിറളിമലയോ
വിളറികളുംതാൻ വാളും മല
നല്ല പച്ച മലയോ പവിളമലയോ
നല്ല പാമ്പർകളും താൻ വാളും മല
ഇന്തമലയെപ്പോലെ ചെന്തീരകീരിമല
എങ്കങ്കും ചതിപ്പാര
നല്ല അല്ലിമലയോ നാകമലയത്
നാകർകളുന്താൻ വാളും മല

നല്ല തേവർകളും താൻ വാളും മലയോ
തേവർകളും താൻ വാളും മല
(നല്ല വെള്ളിമലയോ.............)

*ചൊല്ല് 57*

പിന്നെയും ചിന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വത പത്തിനി കന്നക ഇരുവേരും താനെ
പച്ചമല വെള്ളിമല അതികടന്തുമേ പോക കണ്ടേൻ.....

*പാട്ട് 56*

നല്ല കോട്ടകോപുരം തെരിയത് പാര് – പെണ്ണേ
അതികടന്താൻ പോകൂറാള
നല്ല അല്ലി നകരം തെരിയതുപാര് – പെണ്ണേ
അതികടന്താൻ പോകൂറാള
നല്ല മതിര കോവുരം തെരിയതുപാര് – പെണ്ണേ
അതികടന്താൻ പോകൂറാള
നല്ല കട്ടപ്പുള്ള കുമരിപ്പുള്ള
നല്ല വട്ടമുകം താൻ അളക്
നല്ല വട്ടിവിത്തൊരു ശെമ്പുവിത്ത് – പെണ്ണേ
ഇന്ത കറുമം തുലയുതു പാര്
നല്ല ആടുവിത്തൊരു മാടുവിത്തേ – പെണ്ണേ
ഇന്ത കറുമം തുലയുതു പാര്
നല്ല ഊരുവിത്ത് ഉലകം വിത്തോ – പെണ്ണേ
അഞ്ചു പൊൻ കടൻ തുലയിതു പാര്
നല്ല ഓരു വയകത്തി പാലകനോ – പെണ്ണേ
പാലകനോ പാലകനോ നാമോ
നല്ല രണ്ടു വയകത്തി പാലകനോ – പെണ്ണേ
പാലകനോ പാലകനേ നാമോ
നല്ല അഞ്ചുവയകത്തി പാലകനോ – പെണ്ണേ
പാലകനോ പാലകനേ നാമോ
നല്ല പത്തു വയകത്തി പാലകനോ – പെണ്ണേ
പാലകനോ പാലകനേ നാമോ

*ചൊല്ല് 58*

ചിന്തമുള്ള തുലങ്കിയ കോവിലവരും
അളകുള്ള പർവ്വത പത്തിനി കന്നക ഇരുവേരും താനേ.....
ആച്ചാർ പട്ടം വീതിവളി പോകുമ്പോതു താനേ

എന്തതോർ മോരു വിക്കും ചിറ്റടിച്ചിയെ പാർത്തുവിട്ടേൻ....
ചിറ്റടിച്ചി ഇതയം പാർത്തുവിട്ടുതാനേ
മോപ്പാൻ ഇറക്കി വയ്ത്തുവിട്ടുതാനേ
തന്നോടെ തുയിലാടകച്ച വരിഞ്ചുകെട്ടിവിട്ടേൻ....
മന്നവൻ കാലിലും തന്നെ ചാഷ്ടാങ്കമാ വിളുകക്കണ്ടേൻ..
മന്നവൻ ഇതയം പാർത്തുവിട്ടുതാനേ
അകോവാരം ചിറ്റടിച്ചിയേ കേളോ
നീയാരെൻട്രുശൊല്ലി എൻകാൽ വളങ്കിയേമെൻട്ര്
കേൾക്കുമ്പോത്
അട്ടാളം ചൊക്കർ മതുര മീനാച്ചി മഹാതേവൻ
നല്ല വരം കൊടുത്തുവരാമെൻട്ര് ശൊല്ലി
ഉങ്കകാൽ നാൻ വണങ്കിമേ വീട്ടാൻ.........
അപ്പടിയെല്ലാമില്ലയെന്തനുടെ ചിറ്റടിച്ചിയേ കേളോ
നാനോ അട്ടാളം ചൊക്കറല്ല, മതിരമീനാച്ചിയല്ല
മഹാതേവനല്ല, നാൻ ചെട്ടിക്കു പിറന്ത
ചെട്ടിമകൻ – കൊണ്ടാൾ ചിലമ്പെടുത്ത് കുടിമതിര നീതകമാ
വിത്തുവില കൂറി മാതകൈ അഞ്ചുപൊൻ കടൻ
കൊടുപ്പേമെൻട്രുമേ ശൊല്ലി വരുകേൻ......
ചിറ്റടിച്ചി ഇതയം കേട്ടുവിട്ടുതാനേ.......

അപ്പടിയെല്ലാമില്ലയെന്തനുടെ മന്നവനെ കേളോ:
ഇണ്ണേയ്ക്ക് എന്നാലയത്തിൽ തങ്കി നാളേക്ക്
തെൻ മതിരപ്പോയ് ചിലമ്പ് വിത്ത് വിലകൂറി
പോകാമെൻട്രുമേ ശൊല്ലെ.........
മന്നവനെ മുൻനടയിൽ നിറുത്തി വിട്ടുതാനേ
കന്നകയെ പിൻനടയിൽ നിറുത്തി വിട്ടുതാനേ
തന്നോടെ അരുമുനക്ക് തന്നെ
ചെല്ലക്കുടി വളിനടക്കേ.............

*പാട്ട് 57*

നന്നേ നന നന്നേ
നാനേ നന നന്നോ
ആച്ചാരോ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ
ചാണാരോ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ
വെള്ളാളർ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ

ഇന്തമാന ആകുമെൻട്രാ
വേലമാനേ കേട്ടുവാടോ
പറയോരോ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ
ചലിപ്പാരോ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ
കുയവോരാ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ
തട്ടാരോ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ
ഇന്തമനയാകുമെൻട്രാ
വേലമാനേ കേട്ടുവാടോ
ചെട്ടിയാർ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ
തുലക്കാരോ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ
ആച്ചാരോ മനയിൽ വയ്ത്തേ
വയ്പനാട്ടിയേ പെണ്ണേ
ഇന്തമനയാകുമെൻട്രേ
വേലമാനെ കേട്ടുവാടോ
നയ്യാളകു കന്നകയെ
വേലമാനേ കേട്ടുവാടോ
ഇന്ത മനയാകു മെൻട്രോ
വേലമാനേ കേട്ടുവാടോ
ഇന്തമനയാകുമെൻട്രേ
നയ്യളകു കന്നകയ്യാ

*ചൊല്ല് 59*

ഓരതെല്ലാം ചരിതാൻ എന്തുനുടെ മന്നവനെ കേളോ
കന്നകയെ എന്നുടെ ഒപ്പടച്ചി പോകവേണമെൻട്രേ........
നാൻ ആട്ടക്കാരൻ ആട്ടയെ പാത്തതുപോലെ
പാത്തുക്കൊൾവേൻ..........
മാൻ മാട്ടുക്കാരൻ മാട്ടെ പാത്തതുപോലെ
പാത്തുക്കൊൾവേൻ..........
ആനക്കാരൻ ആനയെ പാത്തതുപോലെ
പാത്തുക്കൊൾവേൻ..........
എൻ മഹളേപ്പോലെ പാത്തുക്കൊൾവേൻ......
എൻട്രുമേ ശൊല്ലെ

കന്നകയിതയം കേട്ടുവിട്ടുതാനേ
ഓരതെല്ലാം ചരിതാൻ എന്തനുടെ മന്നവനെ കേളോ
എനക്കൊരിമ്പമുള്ള അടയാളം
കൊടുത്തിട്ടു പോകവേണമെൻട്രേ............

*പാട്ട് 58*

നല്ല ആച്ചിയമ്മോ ഇടച്ചിയമ്മോ
എനക്ക് തങ്കത്തുനാൽ ഉരലുവേണം
നല്ല ആച്ചിയമ്മോ ഇടച്ചിയമ്മോ
എനക്ക് വെള്ളിനാലെ ഉലക്കവേണം
നല്ല ആച്ചിയമ്മോ ഇടച്ചിയമ്മോ
എനക്ക് തങ്കത്തുനാൽ മുറങ്കൾ വേണം
ആനക്കൊമ്പു ചമ്പാ നെല്ല്
എനക്ക് ഇടിക്കിനാര വലയേനാര
നല്ല മുളകുചമ്പാ നെല്ലെടുത്തു
എനക്കു ഇടിക്കിനാരാ വലയേനാര
നല്ല ഈയ്ക്കളകുചമ്പാനെല്ലു
എനിക്കു ഇടിക്കുനാരാ വലയേനാരാ
നല്ല ഇടിക്കനാര വലയേനാരാ
എനക്ക് പിടിക്കിറാള പെണ്ണാലവ
നല്ല അരിചിനീട്ടി അരിചിനീട്ടി
എനക്ക് മുനകൾ മുറിയ അരിചി നീട്ടി
നല്ല ആച്ചിയമ്മോ ഇടച്ചിയമ്മോ
എനക്ക് അടുപ്പുവെക്കാൻ ഇടങ്കൾ വേണം.
നല്ല ആച്ചിയമ്മോ ഇടച്ചിയമ്മോ
എനക്ക് നല്ല തങ്കത്തുനാൽ പൊന്നൂർ ശെമ്പു
നല്ലെ തണ്ണിമെത്തി അടുപ്പിൽ വയ്ക്കാൻ
നല്ല ആച്ചിയമ്മോ ഇടച്ചിയമ്മോ
എനക്ക് വാള നല്ലൂ വിറകെടുത്തു
നല്ല വാള നല്ലൂ വിറകെടുത്തു
അടുപ്പിൽ വയ്ത്തു എരിക്കിറാള
നല്ല അടുപ്പിൽ വയ്ത്തു എരിക്കിറാള
എനക്ക് തണ്ണികളെ കൊതിക്കൂറാള
എനക്ക് തണ്ണികളെ കൊതിക്കൂറാള
നല്ല തണ്ണികളെ കൊതിക്കുമിന്ന്
നല്ല അരിചികളെ പോടുതള്ളാ
നല്ല അരിചികളെ പോട്ടുമിന്നെ
എനക്ക് ചോറുകളെ പൊങ്കുറാള

നല്ല ചോറുകളെ പൊങ്കുമിന്നെ
എനക്ക് കഞ്ചികളെ വടിക്കൂറാള
നല്ല ആച്ചിയമ്മോ ഇടച്ചിയമ്മോ
എനക്ക് വാള നല്ല ഇലയെടുത്ത്
എനക്ക് കെട്ടിച്ചാതം കെട്ടുറാള
നല്ല കെട്ടിച്ചാതം കെട്ടുമിന്നെ
എനക്ക് തെരുവു പണിയെ പിറപ്പുറാള
നല്ല മുന്തിമുന്തി നായകനാ
എനക്ക് മുരങ്കു ശരപ്പാണെങ്കുറുമാ

ചൊല്ല് 60

ചിന്തമുള്ള കോവിലവർ ഇതയം കേട്ടുവിട്ടുതാനേ
മാങ്കാ ഒരടയാളം തേങ്ക ഒരടയാളം വയ്ത്തുവിട്ടേൻ
ചദ്നമൊരടയാളം വയ്ത്തുവിട്ടേൻ
ശെമ്പുചലം ഒരടയാളം വയ്ത്തുവിട്ടേൻ
നിലവിളക്കൊരടയാളം വയ്ത്തുവിട്ടേൻ
കൊണ്ടയിൽ വയ്ത്ത വാടാമല്ലിയപ്പൂ
ഒരടയാളം വയ്ത്തുവിട്ടേൻ
അർച്ചുനൻ കട്ടേക്ക് അവകടം വരുവതുമേ ആനാൽ
മാങ്ക അളുകിവിടും തേങ്കായ് വെടിച്ചുവിടും
ചദ്നമുണങ്കി വിടുമെൻട്രേ
ശെമ്പുചലം കുറിഞ്ചിവിടും നിലവിളക്ക് നിൻട്രുവിടും
കൊണ്ടയിൽ വയ്ത്ത വാടാമല്ലിയപ്പൂ
വാടി വിടുമെൻട്രേ.............
ഇതീയ തവരേ അർച്ചുനൻ കട്ടേക്ക്
വേറെ ഒരടയാളവും ഇല്ലെ.

*പാട്ട് 59*

നല്ല പാലുവിത്ത കാശല്ലാവ
എങ്കക്കിട്ടെ രണ്ടുലച്ച പണമിറുക്കെ
നല്ല മോരു വിത്ത കാശല്ലവാ
എങ്കക്കിട്ടെ മൂന്നുലച്ച പണമിറുക്കെ
നല്ല തൈരുവിത്ത കാശല്ലവാ
എങ്കക്കിട്ടെ അഞ്ചുലച്ച പണമിറുക്കെ

നല്ല നെയ്യുവിത്ത കാശല്ലവാ
എങ്കക്കിട്ടെ എട്ടുലച്ച പണമിറുക്കെ
നല്ല വെണ്ണവിത്ത കാശല്ലവാ
എങ്കക്കിട്ടെ പത്തുലച്ച പണമിറുക്കെ

*ചൊല്ല് 61*

ചിന്തമുള്ള തുലങ്കിയ കോവിലവർ
ഇതയം കേട്ടുവിട്ടുതാനേ....
വാചപ്പടിയിറങ്കിപ്പോകുമ്പോതുതാനേ
തലയിൽ വയ്ത്ത തലപ്പാവ് തവർന്ത് വിളുകക്കണ്ടേൻ........
അതൊരു ചവുനം തോറ്റ് പടിയിറങ്കിപ്പോകും പോതുതാനേ
മുറ്റത്തു നിൽക്കും പനമരത്തിലും തന്നെ
പല്ലി 'പലെപലെ' അടിക്കക്കണ്ടേൻ
അതൊരു ശവനം തോറ്റുപോകുമ്പോത് താനേ
പച്ചപ്പാമ്പും തന്നെ വളി മറിക്കക്കണ്ടേൻ
അതൊരു ശവനം തോറ്റുപോകുമ്പോത് താനേ
കരിഞ്ചാരയും തന്നെ വളിമറിക്കക്കണ്ടേൻ
അതൊരു ശവനം തോറ്റുപോകുമ്പോത് താനേ
കുട്ടിയിട്ട കരിമ്പൂച്ചയും തന്നെ വളിമറിക്കക്കണ്ടേൻ
അതൊരു ശവനം തോറ്റുപോകുമ്പോത് താനേ
പട്ടണത്തു പറച്ചിയും തന്നെ ഒറ്റക്കുരലടിച്ച്
മന്നവനെ വളിമറിച്ചുവിട്ടേൻ
മന്നവാതെൻ മതിരപ്പോയ് മാണ്ടുമടിയ വേണ്ടെയെൻട്രേ....
അർച്ചുനൻ കട്ടേക്ക് അപകടമെൻട്രു ചൊല്ലുമ്പോതേ
മന്നവൻ പട്ടണത്തു പറച്ചിയും തന്നെ
അലഹാലടിച്ച് വലിച്ചെറിഞ്ചിട്ട് പോകകണ്ടേൻ
ചിന്തമുള്ള തുലങ്കിയ കോവിലവർ പിന്നെയും
കാടോചെടി കണ്ടാവനം അതികടന്തേ
പോകുമ്പോതുതാനേ.....
എന്തതോർ പേതയമ്മാളും തന്നെ
ഏതുക്കാലേ നിക്കക്കണ്ടേൻ.......

കോവിലവൻ: പേതയമ്മാളേ, ഉനക്ക് എന്നെന്ന പേത പോട്ട തെരിയും പേത യമ്മാളേ.

പേതയമ്മാൾ: അപ്പടിയെല്ലാമില്ല ചെറുവാ. ഇന്തിരശാലം മന്തിരശാലം കുടുവിട്ടു കാടുശാലം അന്തൂറിലെ ഇന്തൂറിലെ ആമ്പുളയാ പെമ്പുളയാ പിറക്കുമെൻട്ര് നാൻ ഇങ്കയിറുന്ത് ശൊല്ലിപ്പോടും ചെറുവാ.

കോവിലവൻ: അപ്പടിയെന്നാ എന്നക്കൊരു പോതപ്പോട്ട് പാക്കവേണം.

പേതയമ്മാൾ: അപ്പിടിയെല്ലാമില്ല ചെറുവാ. ഊന്നൂർ, പേർ, തായ്പേർ, തക

പ്പൻപേർ ഉന്നുടയപേർ കൊണ്ടാൾ പേർ കുറ്റിയാൾ പേർ ചൊല്ലിക്കൊടുപ്പതുമേ ആനാൽ നാൻ പേതപ്പോട്ട് പാക്കും ചെറുവാ.

കോവിലവൻ: അരശനെ ശൊല്ലങ്കളെ അതിമൻ ചോളനാട് ചോളനാട്ടിൽ വാളും തലവർ മന്നൻ വായ്പാത്തം ചെട്ടി മാച്ചോട്ടം ചെട്ടിയെൻട്രേ തായ്പേർ പാവിമുണ്ട വരണമാലയെൻട്രേ വരണമാല പെത്തടുത്ത മൈയ്ന്തിയൻ കോവിലവ പെരുമാളെൻട്രേ കൊൺ്ാൾ പേർ അളകുള്ള പർവ്വത പത്തിനി കന്നകൈ എൻട്രേ കുറ്റിയാൾ പേർ മാതകൈപ്പെൺ തേവതാശിയെൻട്രുമേ ശൊല്ലെ.

*പാട്ട് 60*

പേതവന്താളാ അളകുള്ള പേതവന്താള
നല്ല പേത വന്തതും ചേതി നിറയ്ത്തിടം
പേത വന്താള അളകുള്ള പേത വന്താള
നല്ല ചുത്തു മുരുകനെ ചുരുട്ടത്തലപ്പാവ്
വണ്ടിക്കടുക്കന് വൈരത്തലപ്പാവ്
പേത വന്താള അളകുള്ള പേതവന്താള

*ചൊല്ല് 62*

പേതയമ്മാൾ പോതപോട്ടു പാർത്തു
വിട്ടു താനേ......
അകോവാരം ചെറുവാ തെൻ മതിരപ്പട്ടണം
നീ ഒരു പോതും പോകവേണ്ട എന്തനുടെ ചെറുവാ
പേതപോട്ടു പാർക്കിൻ പോതു പേതയേട്ടിലെ
നടുമയത്തിലെ ചോരയടയാളം വിളുന്തിറുക്ക് ചെറുവാ
ചിന്തമുള്ള തുലങ്കിയ കോവിലവർ ഇതയം കേട്ടുവിട്ടുതാനേ
മടിയിലിറുക്കും വെള്ളിച്ചേടാവെടുത്ത് പേതയമ്മാളെ
അലഹാലെ അടിച്ച് വലിച്ചെറിഞ്ഞ് പേതമല
കടന്തുമേ പോകക്കണ്ടേൻ.........
പിന്നെയും കാടോചെടി കണ്ടാവനം
അതികടന്തു പോകുമ്പോതു താനേ
ചിത്തിരക്കുറത്തിയമ്മാൾ ഏതുകാലെ
വരികക്കണ്ടേൻ.......

കോവിലവൻ: അകോവാരം ചിത്തിരക്കുറത്തിയമ്മാളേ ഉനക്ക് എന്നെന്ന ചിത്തിരപോട തിരിയും ചിത്തിരക്കുറത്തിയേ

ചിത്തിരക്കുറത്തി: അപ്പടിയെല്ലാമില്ല ചെറുവാ. ഇന്തരശാലം മന്തിരശാലം കൂടുവിട്ടു കൂടുശാലം അന്തൂർലെ ഇന്തൂരിലെ ആൺപിള്ളയെ പെൺപിള്ളയാ പിറക്കുമെൻട്ര് നാൻ ഇങ്കയിറുന്ത് ശൊല്ലിപ്പോടും

കോവിലവൻ: അപ്പടിയെണ്ണാ എനക്കൊരു ചിത്തിരപ്പോട് പാക്കവേണം.

ചിത്തിരക്കുറത്തി: അപ്പടിയെല്ലാമില്ല ചെറുവാ. ഉൻ ഊർപേർ, തായ്പേർ, തകപ്പൻപേർ, കൊണ്ടയാൾപേർ, കുറ്റിയാൾപെർ, ഉന്നുടയപേർ ശൊല്ലിക്കുടുപ്പതുമേ ആനാൽ നാൻ ചിത്രപ്പോട്ട് പാപ്പാം ചെറുവാ.

*പാട്ട് 61*

നല്ല ചിത്തിരക്കുറത്തിയും വന്താൾ
മാരുതേക്ക് തേരിൽ വാരാ
നല്ല മുത്തറക്കുറത്തിയും വന്താൾ
കാലിൽ തണ്ടോട്ടി കയ്യിൽ കനകം
മാരുതേക്ക് തേരിൽ വാരാ
നല്ല മുത്തുറക്കുറത്തിയും വന്താറ
നല്ല ചിത്തിരക്കുറത്തിയും വന്താ

*ചൊല്ല് 63*

ചിന്തമുള്ള തുലങ്കിയ കോവിലവർ ഇതയം കേട്ടുവിട്ടുതാനേ
അരശനെ ശൊല്ലേക്കേളാർ പെണ്ണേ ചോളനാട്ടിൽ
വാളും തലവർ മന്നൻ വായ്പാത്തം ചെട്ടി
മാച്ചോട്ടം ചെട്ടി. തായ് പേർ പാവിമുണ്ട വരണ
മാലയെൻട്രേ. വരണമാല പെത്തെടുത്ത മയന്തിയൻ
കോവിലപ്പെരുമാളെൻട്രേ....
കൊണ്ടാൾപേർ അളകുള്ള പർവ്വത പത്തിനി
കന്നകൈ എൻട്രേ.......
കുറ്റിയാൾ പേർ മാതകൈപ്പെൺ തേവതാശിയെൻട്രു-
മേ ശൊല്ലേ.......
ചിത്തിരക്കുറത്തിയമ്മാൾ ഇതയം കേട്ടുവിട്ടുതാനേ:
അകോവാരം ചെറുവാ തെൻ മതിരപ്പട്ടണം
ഒരു പോതും നീ പോകവേണ്ട. ചിത്തിര പോട്ട്
പാർക്കിൻപോതു ചിത്തിരയേട്ടിലെ നടുമയത്തിലെ
രത്തയടയാളം വിളുന്തിറുക്കെ ചെറുവാ......
ചിന്തമുള്ള തുലങ്കിയ കോവിലവൻ
ഇതയം കേട്ടുവിട്ടുതാനേ......
മടിയിലിറുക്കും വെള്ളിച്ചേടാവെടുത്ത്
ചിത്തിരയമ്മാളെ അലഹാലെ അടിച്ച്
വലിച്ചെറിഞ്ഞ് ചിത്തിരമല കടന്തുമേ
പോകക്കണ്ടേൻ.........

*പാട്ട് 62*

വടമതിരപ്പട്ടണത്തിൽ കണ്ട ശിലമ്പ് കരിക്കാലമ്മ
തെൻമരിതപ്പട്ടണത്തിൽ കണ്ട ശിലമ്പ് കരിക്കാലമ്മ
കൊടിമതിരപ്പട്ടണത്തിൽ കണ്ട ശിലമ്പ് കരിക്കാലമ്മ
നടുമതിരപ്പട്ടണത്തിൽ കണ്ട ശിലമ്പ് കരിക്കാലമ്മ
കണ്ട ശിലമ്പ് കരിക്കാലമ്മ

*പാട്ട് 63*

തന നന്നേ...... താനാനോ.......
എന്നെയപ്പോൾ താശിമാര്
മെത്തെപ്പോടും താശി
നല്ല വടമരുതേ തേവതാശി
മെത്തെപ്പോടും താശി
നല്ല തെമ്മരുതേ തേവതാശി
മെത്തെപ്പോടും താശി
നല്ല കൊടിമരുതേ തേവതാശി
മെത്തെപ്പോടും താശി
എന്നെയപ്പോൾ താശിമാര്
മെത്തേം പോട്ട് താരെ
കാൽച്ചിലമ്പെ വിക്കപ്പോനാൽ
പൊൻ കടയിലെ ചെൻട്രാൻ
തന്നെ തന നാനോ.....
ന്നോ....... നന നാനോ...
കന്തനല്ലേ തുണിയെടുത്ത്
കരിക്കോലമാണ്ട്
നായൻ ചെട്ടി വയത്തിൽ പിറന്ത്
നായമെല്ലാം വിളങ്കി
തനനന്നേ...... താനാനോ....
നന്നോ നന നാനോ......

*ചൊല്ല് 62*

ചിന്തമുള്ള തുലങ്കിയ കോവിലവർ
തെൻ മതിര ചെൻട്രുടൻ താനേ
കുടിമതിര തേവതാശി ശിലമ്പെടുത്ത്
പാർത്തുവിട്ടുതാനേ.......

അകോവാരം മന്നവനെ കേളോ:
ഇന്ത ചിലമ്പ് പാർവ്വതിയമ്മാൾ കാലിൽ പോടവേണം

പരമുചിവൻ ചാമി പാർക്കവേണമെട്രേ
ഇന്ത ശിലമ്പ് വാങ്ങി പണം തരുവാൻ
ഇന്ത മതിരപ്പട്ടണത്തിൽ ആരും കാണവില്ലെ
എൻട്രുശൊല്ലി ശിലമ്പെ മന്നവൻ കയ്യിൽ
കൊടുത്തുമേ വിട്ടാൻ
മന്നവൻ തന്നെ തെരുവീതി വളിയേ പോകകണ്ടേൻ
മന്നവൻ ശിലമ്പെ ചോളുകപ്പയ്യയിൽ പോട്ട്
തെരുവീതി വളി പോകുമ്പോതു
എന്തതോർ പേത വത്തു വാത്യാരയ്യായിടം
ചെൻട്രുമേ വിട്ടാർ........

*പാട്ട് 64*

വാത്യാർ വന്താള പള്ളിക്കൂടം വാത്യാർ വന്താള
വാത്യാർ വന്തോ നേത്തു പടിക്കവയ്ത്ത്
വാത്യാർ വന്താള പള്ളിക്കൂടം വാത്യാർ വന്താള
വാത്യാർ വന്തോളന്ന നടനടന്ത്
വാത്യാർ വന്താള പള്ളിക്കൂടം വാത്യാർ വന്താള
വാത്യാർ വന്തതു ശെരുപ്പുമെതിമെതിച്ച്
വാത്യാർ വന്താള പള്ളിക്കൂടം വാത്യാർ വന്താള

ചൊല്ല് 65

വഞ്ചിപ്പത്താൻ മക്കമാർ
ചോമലിംഗവും ചുന്തരലിംഗവും
ഇതയം കേട്ടുവിട്ടുതാനേ:

മക്കമാർ: അകോവാരം വാത്യാരയ്യാവേ കേളോ. എങ്കൾക്ക് ഒന്നുക്കു രണ്ടുക്ക് തെരമാത്തേക്ക് പോകവേണ മെൻട്ര് ശൊല്ലി യെതോയൊരാൾ തന്നോടെ വഞ്ചിപ്പത്താൻ വീതിവളിമേ പോകകണ്ടേൻ

വാത്യാർ: അകോവാരം അയ്യാ. നമ്മ പള്ളിക്കൂടത്തിലെ ഒരുവൻ ശിലമ്പു വിക്കേ വന്തിരുക്കേമയ്യാ

മക്കാൻമാർ:അടേ എന്ത പള്ളിക്കൂടത്തിലാടേ. മേർക്കു പള്ളിക്കൂടത്തിലെയാ ഇല്ലയാ കിളക്കു പള്ളിക്കൂടത്തിലെയാ ഇല്ലയാ നമ്മെ പള്ളിക്കൂടത്തിലെയാ

വാത്യാർ: ഇല്ലയ്യാ നമ്മെ പള്ളിക്കൂടത്തില്

മക്കാന്മാർ: അടേ നീങ്കേ ഓടിപ്പോയി ചൊൽറാ. വഞ്ചിപ്പത്താൻ വീതിവളി

പോനതുമേ ആനാൽ ഉങ്കചിലമ്പു വിത്തു വിലകുറി പണം വാങ്കി ഉങ്ക ഊരുക്ക് ഇണ്ണേക്ക് പോകലാമെന്ന് ചൊൽറാ ചൊല്ല്.

ചോമലിംഗവും ചുന്തരലിംഗവും ഇതയം
കേട്ടുവിട്ടുതാനേ....
വഞ്ചിപ്പത്താൻ വീതിവളിയെ പോകിൻപോതോ
മന്നവനും തന്നെ എതുകാലെ വരികകണ്ടേൻ...

അകോവാരം മന്നവാ കേളോ:
വഞ്ചിപ്പത്താൻ വീതിവളിയെ പോനതുമേ ആനാൽ
ഉങ്ക ശിലമ്പ് വിത്ത് വിലകുറി പണം വാങ്കി
ഇണ്ണേക്ക് ഉങ്ക ഊരിലെ പോയി ചേരലാം.
വഞ്ചിപ്പത്താൻ വീതി എൻട്ര് ശൊല്ലി ഒരു
എളുത്തെ എളുതി വച്ചിറുക്കെ. അന്ത വീതി
വളി പോകണ മയ്യാ.
ചിന്തമുള്ള തുലങ്കിയ കോവിലവർ ഇതയം കേട്ടുവിട്ടുതാനേ:
വഞ്ചിപ്പത്താൻ വീതിവളി പോകുമ്പോതോ
വഞ്ചിപ്പത്താൻ വന്നിയ തട്ടാനും തന്നെ
നടുറോട്ടിലെ മറിച്ചുമേ വിട്ടാൻ

വന്നിയതട്ടാൻ : അടേ അപ്പാ ചെറുവാ. നീ എന്ത്? ഉൻ ഊരെങ്കടാ? തായ്പേര്? തകപ്പൻ പേരേന്ത്?

കോവിലവൻ : ഇല്ലയ്യാ. ഊരുപേര് കാവരിപ്പൂം പട്ടണം. തകപ്പൻ പേര് വായ്പാത്തം ചെട്ടി. തായ്പേര് വരണമാല. എന്നുടയ പേര് ചിന്തമുള്ള തുലങ്കിയ കോവിലപ്പെരുമാള്

വന്നിയതട്ടാൻ : അടേ അപ്പാ ഉങ്ക അയ്യാവും നാനും ഒരേ വട്ടിയിലെ ശാപ്പിട്ട് അപ്പടിയേ ഉന്നെ തട്ടി വളർത്തു വന്ത പയൽ. നീ പേർപെത്ത പയല. നീ വളർന്ത് പെരിയ പയലായിപ്പോച്ചെ. വാടാപ്പാ വീട്ടുക്കുള്ളെ.

മന്നവൻ ഇതയം കേട്ടുവിട്ടുതാനേ
വീട്ടുക്കുള്ളെ ഉക്കാറ വയ്ത്തുവിട്ടേൻ.

വന്നിയതട്ടാൻ : അടേ ശിറുവാ. ഉൻ കയ്യിലെ എന്നപ്പാ ഇറുക്കെ. നീ ഇന്ത മതിരപ്പട്ടണത്തിലെ വന്ത് പട്ടണം വെറും ഐക്കിനിയാ പൊരുന്തപ്പാ. നീ എന്നപ്പാ വച്ചിറുക്കെ.

കോവിലവൻ : ഇല്ലയ്യാ ഏൻ കയ്യിലെ ഒണ്ണുമേ ഇല്ലെ.

വന്നിയതട്ടാൻ : അടേ നീ പള്ളിക്കൂടത്തിലെ വരവും പുള്ളകൾക്ക് തലവളിയെ ഏതോ പെരിയ നോയി നൊടിയ വന്തിറുക്കെ. അടാ നീ എന്നപ്പാ

വച്ചിറുക്കെ.
കോവിലവൻ : ഇല്ലയ്യാ കൊഞ്ചം വെത്തിലതാൻ വച്ചിറുക്കെ.
വന്നിയതട്ടാൻ : അടേ അതിലെ കൊഞ്ചം കൊട്റാ
കോവിലവൻ : ഇല്ലയ്യാ കൊഞ്ചം പാക്കുതാൻ വച്ചിറുക്കെ.
വന്നിയതട്ടാൻ : അടേ അതിലെ കൊഞ്ചം കൊട്റാ
കോവിലവൻ : ഇല്ലയ്യാ കൊഞ്ചം പൊയിലക്കാമ്പുതാൻ വച്ചിറുക്കെ
വന്നിയതട്ടാൻ : അടേ അതിലെ കൊഞ്ചം കൊട്റാ
കോവിലവൻ : ഇല്ലയ്യാ കൊഞ്ചം ശുണ്ണാമ്പുതാൻ വച്ചിറുക്കെ
വന്നിയതട്ടാൻ : അടേ അതിലെ കൊഞ്ചം കൊട്റാ
കോവിലവൻ : ഇല്ലയ്യാ എൻ കയ്യിൽ ഒണ്ണമേ ഇല്ലെ. ഒരോട്ടക്കറണ്ടുകം താൻ വച്ചിറുക്കെ.
വന്നിയതട്ടാൻ: അടേ അത് എട്റാ പാപ്പോം
കോവിലവൻ: ഇന്തായ്യ. ഇതുതാനയ്യാ ഓട്ടക്കറുണ്ടുകം.

വന്നിയതട്ടാൻ: അടേ അപ്പാ ഇതുവച്ചുകിട്ട് നീ ഓട്ടക്കറുണ്ടകം എണ്ണിട്ടാനേ. ഇത് പാണ്ടിയരാചൻ പൊൻചാതി കോവിലിങ്കി ചിലമ്പ്. നാൻ ചൊട്ടയെ നിമത്തി ആനപ്പൽ, പുലിപ്പൽ, വെള്ളിവെങ്കാരം വയ്ത്ത് അളുക്കെടുത്ത് മിനുക്കെടുത്ത് കടലോരമാ കായ വച്ചിറുന്ത ശിലമ്പ്. നീ അപ്പടിയേ വന്ത് ഇപ്പടിയേ തിരുടിപ്പോന തിരുടൻ. ഓട്ടക്കരണ്ടക മെണ്ണിട്ടാനേ...

കോവിലവൻ: ഇല്ലയ്യാ. എൻ പൊൻചാതി കന്നകൈ ചിലമ്പ്. നാന് മതിരപ്പട്ടണത്തിലെ വിത്ത് വിലകൂറി മാതൈകപ്പെൺ തേവതാശിക്ക് അഞ്ചുപൊൻ കടൻ കൊടുപ്പേമെൻട്ര് ശൊല്ലിത്താൻ വന്തിറുക്ക്

വന്നിയതട്ടാൻ: അടേ ഇത് പാണ്ടിയരാചൻ പൊൻചാതി കോവിലിങ്കി ശിലമ്പുതാൻ. നീ എന്നമോ കളവാണിപയൽ. തിരുട്ടുപയൽ. നീ എന്നമോ ശൊല്ലിയിട്ടിറുക്ക്. അടേ പാണ്ടയരാചൻ വീട്ടെ കൊണ്ടുപോയ് ഇന്ത ശിലമ്പെ കാമിച്ച് ഉൻ ചിലമ്പെന്നാ നീ എടുത്തിട്ടു പോ. പാണ്ടിയരാചൻ ചിലമ്പെന്നാ കൊടുത്തിട്ട് അതുക്കുള്ള തെണ്ടനയും വാങ്കി നീ പോപ്പാ പോ.

*പാട്ട് 65*

തനതുന്തനാ തുന്തനാനനോ
താനേനെ... തന്താനന
നല്ല വന്നിയതട്ടാൻ വാശലിലേ
വളന്തിതൊരു വന്നിമരം
നല്ല വന്നിമരത്തും മേലെ
ചങ്കുരുണ്ടാൻ കൂടും വയ്ത്തേ

നല്ല ചങ്കുരുണ്ടാൻ കൂടും വയ്ച്ചേ
പോട്ടതൊരു മൂണുമൊട്ട
നല്ല പോട്ടതൊരു മൂണുമൊട്ട
പൊരിഞ്ചതൊരു മൂണുകുഞ്ച്
നല്ല മൂതകൂഞ്ചിക്കിര തേടി
മുക്കെ മുക്കെ പോയി വന്തേ
നല്ല നടുക്കുഞ്ചിക്കിരതേടി
നടുത്തെരുവേ ചുറ്റിവന്തേ
നല്ല ഇളയ കുഞ്ചിക്കിര തേടി
ഇറുകാമെൽ പോയ് വന്തേ
തനതുന്തനാ തുന്തനാനനോ
താനേനേ... തന്താനന

നല്ല വന്നിയതട്ടാൻ മഹനല്ലവാ
വീട്ടുപ്പുക്കു വില്ലെടുത്തേ
വീട്ടുപ്പുക്കു വില്ലെടുത്തേ
വെളിയെ വന്ത് നാണേറ്റി
കല്ലുറുണ്ടാ മുണുറുണ്ടാ
മണ്ണുരുണ്ട രണ്ടുരുണ്ട
വില്ലേയെടുക്കുമിന്നെ
ചങ്കുരുണ്ടാ തുള്ളിതുള്ളി വിളുകിറാള
കാൽകൊണ്ട് പോയെടുത്ത്
കൈകൊണ്ട് കവറുപൂട്ടി
കൈകൊണ്ട കവറുപൂട്ടി
തെരുവീതി എളുക്കിറാള
നല്ല വന്നിയ തട്ടാൻ മഹനല്ലാവോ
പള്ളിക്കൂടം പടിക്കുറാള
പൊത്തുകമും കയ്യിലെടുത്ത്
പള്ളിക്കൂടം പടിക്കുറാള
(നല്ല വന്നിയ തട്ടാൻ.......)
മുതക്കുഞ്ചിക്കു വിലകൂറി
മുൻ മതുരകൂറി വന്തേൻ
നടുക്കുഞ്ചിക്കു വിലകൂറി
നടുമതുരകൂറി വന്തേൻ
ഇളയകുഞ്ചിക്കു വിലകൂറി
ഇടമതുര കൂറി വന്തേൻ

*പാട്ട് 66*

നല്ല വന്നിയ തട്ടാരേ എന്ന വലമോശം ചെയ്യാക്ക
നല്ല പാതക തട്ടാരെ എന്ന പാതകംചെയ്യാക്ക
ചെയ്യാക്ക ചിവനെന്ന പാതകം ചെയ്യാക്ക
അണ്ണൻ തമ്പി എണ്ണിരുന്തോ നാൻ വന്നിയ തട്ടാരേ '
തട്ടാരോ ചിവനെന്ന വന്നിയ തട്ടാരേ
നല്ല മാമനെണ്ണിരുന്തോ നാൻ വന്നിയ തട്ടാരേ
തട്ടാരേ ചിവനെന്ന വന്നിയ തട്ടാരേ
നല്ല കുല കരതട്ടാരേ
എന്നെ കുലമോചം ചെയ്യാത്തോ
എന്ന കുലകര തട്ടാരേ
തട്ടാരേ ചിവനെന്നെ കുലകര തട്ടാരേ
നല്ല എളുതിന ബ്രിമ്മാവോ
നാൻ എൻവിതി ഏൻ എളുതി?
ചിവനിതു എൻവിതി ഏൻ എളുതി?
നല്ല പടച്ചെന്നെ ബ്രിമ്മാവോ
നാൻ എൻവിതി ഏൻപടച്ചേ?
നാൻ കൽപ്പിച്ച ബ്രിമ്മാവോ
നാൻ എൻവിതി ഏൻ കൽപ്പിച്ചേ?
കൽപിച്ചേ ചിവനിതു എൻവിതി ഏൻ കൽപ്പിച്ചേ?

*പാട്ട് 67*

എനാനോ...... തന്നാനേ........
തന്നാനേ... നാന നാനോ
നല്ല പട്ടുക്കുട പുടിച്ച്
മങ്കരാശൻ പൈരും പാർക്കവന്താളേ
നല്ല നീലക്കുട പുടിച്ച്
മങ്കരാശൻ നീലം പാർക്കവന്താളേ
നല്ല തോട്ടുറുമാലും കെട്ടി
മങ്കരാശൻ തോട്ടപാർക്കവന്താളേ
എന്നാനോ....... തന്നാനേ.....
തന്നാനേ...... താന നാനോ
നല്ല വെള്ളക്കുതിരയേറി
മങ്കരാശൻ വീടിക്കപ്പാക്കവന്തേ
നല്ല ചാഞ്ചാടും മെത്തയിലേ
റാണിമകൻ ചാഞ്ചിപ്പടുത്താലേ

നല്ല ഏളുമല കടന്ത്
മങ്കരാശൻ വേട്ടമാർക്കം വന്താളേ
എന്നാനോ... നാനേ.... നന്നാനേ....

*ചൊല്ല് 65*

വഞ്ചിപ്പത്താൻ വന്നിയതട്ടാൻ
അരുമുനയെ ചെൻട്ര്, പാണ്ടിയരാചൻ കയ്യിൽ
ചിലമ്പ് കൊടുത്തുമേ വിട്ടാൻ....

പാട്ട് 68

രാജരാജൻ തേശരാജാ
രാജൻ വന്തുക്കൊലുവിലിരുന്തേ
അണ്ണൻ തമ്പിയോ രണ്ടുപേരോ
ഇളയരാജൻ മതീയരാജൻ
ചൊന്ന മൊളിയോ തേവരാമ
തേരം ചൊല്ലിയ പാണ്ടിയരാചാ
മുത്തുമണിയോ കൈച്ചിലങ്കെ
മൂങ്കയിലവോളാടി വാരാ
കട്ടിയമ്മ രുചിപോലക്ക
വേറും കൊഞ്ചങ്കേളാടിവാരാ
തന്തതാന... നാന നന്നേ.....

*ചൊല്ല് 66*

വഞ്ചിപ്പത്താൻ വന്നിയതട്ടാൻ
പാണ്ടിയരാജൻ അരുമുനയെ
ചെൻട്രുടൻ താനേ
അകോവാരം പാണ്ടിരാചൻ ചാമിയേ കേളോ:
പാണ്ടിയരാചൻ പൊൻചാതി
കോവിലിങ്കി ചിലമ്പു താനേ
ചൊട്ടയെ നിമത്തി ആനപ്പൽ. പുലിപ്പൽ
വെള്ളിവെങ്കാരം വയ്ത്ത്, അളുക്കെടുത്ത്
മിനുക്കെടുത്ത് കടലോരമാ കായവച്ചിറുന്ത
ചിലമ്പു താനേ.
അപ്പിടിയേ വന്തിപ്പിടിയേ തേടിപ്പോയ
തിരുടൻ എൻട്രുശൊല്ലി
പാണ്ടിയരാചൻ കയ്യിൽ ചിലമ്പുകൊടുത്തുമേ വിട്ടാൻ
പാണ്ടിയരാചൻ കയ്യിൽ ചാമി ചിലമ്പ് കയ്യിലെടുത്ത്
പാർത്തു വിട്ടുതാനേ....

അകോവാരം വഞ്ചിപ്പത്താൻ വന്നിയതട്ടാനേ
ഇന്ത ചിലമ്പ് എന്നമോ പത്തിനിപാതം
ചെലമ്പുപോലെ തിരിയിത്. വെറും അക്കിനിയാ-
പൊരുന്തുതേ ചിലമ്പുതാൻ....

അപ്പടിയെല്ലാമില്ല പാണ്ടിയരാചൻ ചാമിയേ
പാണ്ടിയ രാചൻ പൊൻചാതി കോവിലിങ്കി
ചിലമ്പുതാൻ. ചൊട്ടയെ നിമിത്തി, ആനപ്പൽ,
പുലിപ്പൽ, വെള്ളിവെങ്കാരത്തെ വച്ച്
അളുക്കെടുത്ത്, മിനുക്കെടുത്ത്
കടലോരമാ കായവച്ചിറുന്ത ചിലമ്പ്

തട്ടാൻ: അതെപ്പിടിയേ ചാമി? അക്കിനിയെ പൊരുന്തമുടിയും?
രാജൻ: അപ്പിടിയെല്ലാമില്ലെടാ. ഏതോ ഒരു പത്തിനി പാതം ചെലമ്പാപോലെ തെരിയത്
തട്ടാൻ: ചിലമ്പും തിരുടനും ഇന്താ ചാമി
രാജൻ: അത് എപ്പിടറാ. ഇന്ത ചിലമ്പ് ഏതോ ഒരു പത്തിനി പാതം ചിലമ്പ്. അവൻ ചിലമ്പാന കുടുത്തു വിട്റാ
തട്ടാൻ: അത് എപ്പിടി ചാമീ കുടുത്തു വിടമുടിയും?
രാജൻ: അടേ നീ കുടുത്തു വിട്റാ
തട്ടാൻ: ഇല്ല ചാമീ നാൻ കുടുത്തുവിട്ടാൽ കടശ്ശിയിലെ കടം കാശു രൊക്കം രോശ്നമെന്ന് കേക്കക്കൂടാതു ചാമീ
രാജൻ: അത് എപ്പിട്റാ കാശുപോട്ടവൻ കാശുക്കേളാമെ ഇറുക്കും.
തട്ടാൻ: അപ്പിടിയെന്നാ ഇന്ത ചിലമ്പ് ഒങ്ക ശിലമ്പുതാൻ
രാജൻ: ഇല്ലെടാ ഇത് അവനുടയ ശിലമ്പുതാനെടാ കുടുത്തു വിട്റാ.
തട്ടാൻ: ഇല്ല ചാമീ ഒരു സത്യം ചെയിഞ്ച് കുടുത്തു വിട്ടറളാം
രാജൻ: അതു എന്നതുമേൽ ശത്തിയം
തട്ടാൻ: പാൽമേൽ ശത്തിയം

*പാട്ട് 69*

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ പാലുമേലെ ശത്തിയം
ശത്തിയം ശിവനെന്ന പാലുമേലെ ശത്തിയം

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ മോരുമേലെ ശത്തിയം
ശത്തിയം ശിവനെന്ന മോരുമേലെ ശത്തിയം

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ തൈരുമേലെ ശത്തിയം
ശത്തിയം ശിവനെന്ന തൈമേലെ ശത്തിയം

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ വെണ്ണമേലെ ശത്തിയം
ശത്തിയം ശിവനെന്ന വെണ്ണമേലെ ശത്തിയം

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ നെയ്യുമേലെ ശത്തിയം
ശത്തിയം ശിവനെന്ന നെയ്യുമേലെ ശത്തിയം

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ മല്ലുവുമേലെ ശത്തിയം
ശത്തിയം ശിവനെന്ന മല്ലുവുമേലെ ശത്തിയം

*ചൊല്ല് 67*

വഞ്ചിപ്പത്താൻ വന്നിയ തട്ടാനും താനെ:
അടേ ചിറുവാ അന്ത പാലിലെ കൈപോട്ട്
ശിലമ്പ് എട്റാ
ചിന്തമുള്ള തുലങ്കിയ കോവിലവർ ഇതയം
കേട്ടുവിട്ടുതാനേ:
ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത
മഹനിരുപ്പതുമേ ആനാൽ കള്ളനാനാൽ
എൻ കൈ വേകവേണം. വെള്ളനാനാൽ
എൻ കൈ ഒരുപോതും വേകവില്ലെയെൻട്രു ശൊല്ലി
പാലിലും തന്നെ കൈപോട്ട് ശിലമ്പ് എടുക്കക്കണ്ടേൻ

രാജൻ: അടേ വഞ്ചിപ്പത്താൻ വന്നിയതട്ടാനേ കുടുത്തുവിട്റാ അവനുടയ ശിലമ്പുതാനടാ

തട്ടാൻ: അതെപ്പിടി ചാമീ കുടുത്തുവിടമുടിയും. ഇനിയൊരു ശത്തിയംകൂടി ചെയ്ഞ്ചാൽ കുടുത്തുവിട്റാലാ

രാജാവ്: അത് എന്നതുമേ ശത്തിയം

തട്ടാൻ: പാമ്പുമേൽ ശത്തിയം

പാട്ട് 70

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ ശത്തിയമേ കൊല്ലുവോ (2)
തട്ടാൻ പച്ചപ്പാമ്പു ശത്തിയം
ശത്തിയം ശിവനെന്ന പച്ചപ്പാമ്പു ശത്തിയം

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ ചാരപ്പാമ്പു ശത്തിയം
ശത്തിയം ശിവനെന്ന് ചാരപ്പാമ്പു ശത്തിയം

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ നല്ലപാമ്പു ശത്തിയം
ശത്തിയം ശിവനെന്ന നല്ലപാമ്പു ശത്തിയം

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ മൂർക്കപ്പാമ്പു ശത്തിയം
ശത്തിയം ശിവനെന്ന മൂർക്കപ്പാമ്പു ശത്തിയം

നല്ല ശത്തിയമേ കൊല്ലുവോ
തട്ടാൻ അണലിപ്പാമ്പു ശത്തിയം
ശത്തിയം ശിവനെന്ന അണലിപ്പാമ്പു ശത്തിയം
(നല്ല മൂർക്കപ്പാമ്പു....)

തട്ടാൻ: അടേ ചെറുവാ. അന്ത പാമ്പുക്കൂട്ടിലെ കൈപോട്ട് ചിലമ്പെട്റാ ചെറുവാ

*ചൊല്ല് 68*

ചിന്തമുള്ള തുലങ്കിയ കോവിലവർ പാമ്പുക്കൂട്ട–
രുകാമെൽ ചെൻട്രുടൻ താനേ:
ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ന
മഹനിറുപ്പതുമേ ആനാൽ
കള്ളനാനാൽ ഇന്ത പാമ്പ് എന്നെ തീണ്ടെവേണം
വെള്ളനാനാൽ ഒരുപോതും തീണ്ടവില്ലയെൻട്രേ... ശൊല്ലി
പാമ്പുക്കൂട്ടിലും തന്നെ കൈപോട്ട് ശിലമ്പെടുക്കിൻ പോതോ

പാമ്പും തന്നെ കൈവളിയേറി തലക്കുമേ
കുങ്കുമാപ്പടം വിരിഞ്ചുകൊണ്ടുമേ നിക്കക്കണ്ടേൻ....

രാജൻ: അടേ വഞ്ചിപ്പത്താൻ വന്നിയ തട്ടാനേ കൊടുത്തു വിടറാ. അവനുടയ ശിലമ്പുതാനെടാ

തട്ടാൻ: അതെപ്പടി ചാമീ കൊടുത്തുവിടമുടിയും; ഇനിയൊരു ശത്തിയം കൂടി ചെയ്ഞ്ചാൽ കൊടുത്തു വിടറലാം.

രാജാവ്: അത് എന്നതുമേ ശത്തിയം

തട്ടാൻ: ആനമേലെ ശത്തിയം

*ചൊല്ല് 69*

വഞ്ചിപ്പത്താൻ വന്നിയ തട്ടാൻ
പാണ്ടിയരാചൻ അരമുനക്കു മുന്നാലെ
നിക്കും പട്ടത്തു മതവാനക്ക്
കള്ളും ചാരായമൂട്ടി മതപ്പെടുത്തി വിട്ടേൻ...

ചിന്തമുള്ള തുലങ്കിയ കോവിലവരേയും തന്നെ
കുളിതോണ്ടി കുളിയിൽ നിറുത്തിവിട്ടേൻ...
ചുത്താലെ വാളമരം നാട്ടിവിട്ടേൻ
പട്ടത്തു മതവാനയും തന്നെ
തെരുവീതിവളി ഉലാവിക്കൊണ്ടുമേ
പോകക്കണ്ടേൻ...

ചിന്തമുള്ള തുലങ്കിയ കോവിലവര്
ഇതയം പാർത്തു വിട്ടുതാനേ:
ഇത്തിനിക്കും പത്തിനിക്കും പിറന്ത
മകനിരുപ്പതുമേ ആനാൽ
അന്തവരും പട്ടത്തുമതവാന
കള്ളനാനാൽ എന്നെ മെതിക്കവേണം
വെള്ളനാനാൽ ഒരുപോതും മെതിക്കവില്ലെ-
യെൻട്രുമേ ശൊല്ലെ.

പട്ടത്തു മതവാന ചുത്താലെ നിൻട്ര
വാളമരം തള്ളിവിട്ടുതാനേ
മന്നവനെ കുളിതോണ്ടി വെളിയിലെടുത്തുവിട്ടേൻ.
തന്നോടെ തുമ്പിക്കൈ നീർത്തണ്ണിയിൽ
കുളിപ്പാറ്റി വിട്ടേൻ
തന്നോടെ മെത്തുകത്തിൽ വയ്ത്തുമേ വിട്ടാൻ

*പാട്ട് 71*

തനനേ.... താന... നന്നോ
താനേ നനനാനോ.... നന്നേനന
നല്ല പട്ടത്തു മതവാനയും
ഓ നല്ല തെരുവീതി വളിയേ പോകൂറാള
നല്ല പട്ടത്തു മതവാനയും
ഓ നല്ല മെല്ലെ മെല്ലെ പോകൂറാള
നല്ല പട്ടത്തു മതവാനയും
ഓ നല്ല തവരിയെ തവരിയെ പോകൂറാള
നല്ല പട്ടത്തു മതവാനയും
ഓ നല്ല തെരുവീതി വളിയേ പോകൂറാള

*ചൊല്ല് 70*

പാണ്ടിയരാചൻ ചാമീ തന്നോടെ
അരുമുനയിൽ നിൻട്രു പാർക്കുമ്പോതുതാനേ:
ആനമേലേറി അന്തിശ വീതിവളിയേ
പോക കണ്ടേൻ...

അകോവാരം കാവലാളികളേ കേളോ
നമ്മോടെ മതിരപ്പട്ടണ മിതി ആനമേൽ ഏറി
അന്തിശ ആരും പോനതില്ലെൻട്രേ....
ഇണ്ണേക്ക് ആനമേലേറി അന്തിശ
പോണവന് താനേ....
വെട്ടിപ്പതിവ് ചെയ്യവേണമെൻട്ര് ശൊല്ലി
പാണ്ടിയരാചൻ പട്ടത്തു മന്തിരവാളെ
കയ്യിൽ കൊടുത്തുമേ വിട്ടാൻ...

ഒൻപതുപേർ കാവലാളികൾ
ഇതയം കേട്ടുവിട്ടുതാനേ:
ആനമേലിറുക്കും മന്നവനെ ഇളുത്ത് വിട്ടേൻ
അതും താൻ തെരുവീതിവളി
ഇളുത്തു പോകക്കണ്ടേൻ...

*പാട്ട് 72*

നല്ല ചതിയുമില്ലെയോ ചനങ്കളോമില്ലെ
നല്ല ചിന്നത്താളില്ലയോ നല്ല പെരിയാത്താളില്ലെ
എനക്ക് അണ്ണേനുമില്ലെയോ തമ്പിയുമില്ലെ

നല്ല തമ്പിയുമില്ലെ
നല്ല മാമനുമില്ലെയോ മച്ചുനനുമില്ലെ
നല്ല മച്ചുനനുമില്ലെ
നല്ല മതിനിയ മാരികളോ വനവനപ്പൂവന
നല്ല വനവനപ്പൂവന
നല്ല കൊളുന്തിയ മാരികളോ വനവനപ്പൂവന
നല്ല വനവനപ്പൂവന
എനക്കുത്തോരുമില്ലെയോ ഉടപ്പിറവിമില്ലെ
നല്ല ഉടപ്പിറവിമില്ലെ
എനക്കക്കാവില്ലെയോ പക്കവുമില്ലെ
നല്ല പക്കവുമില്ലെ
തനതനതന്താനാനോ
തന്താനേ... നന്നോ... നന

*ചൊല്ല് 71*

ചിന്തമുള്ള തുലങ്കിയ കോവിലവനും തന്നെ
തെരുവിതി വളിയെ ഇളിത്തുപോകുമ്പോതുതാനേ
വഞ്ചിപ്പത്താൻ വന്നിയ തട്ടാനും തന്നെ
അടിയും മെതിയും ഉതയും
കൊടുത്തുക്കൊൻട്ര് പോകിൻ പോതോ:
ഹരഹര ശിവ ശിവനെ
ശിവ ശോത്തിയം താനേ
എന്നവേയിക്കോലം
ഏൻ പടുത്തിക്കിൻട്രേൻ

*പാട്ട് 73*

എന്നെ അടിയതാടോ ഉന്നെ വന്നിയതട്ടാൻ
ഉന്നെ പളികാരോ എൺപേതട്ടാൻ
എന്നെ മെതിയതാടോ ഉന്നെ വന്നിയതട്ടാൻ
ഉന്നെ പളികാരോ എൺപേതട്ടാൻ
എന്നെ ഉതയതാടോ ഉന്നെ വന്നിയതട്ടാൻ
ഉന്നെ പളികാരോ എൻപേതട്ടാൻ
(ഇപ്പോ പളികാരോ....)
എന്നെ കൊല്ലതാടോ ഉന്നെ വന്നിയതട്ടാൻ
ഉന്നെ പളികാരോ എൺപേതട്ടാൻ
എന്നെ വെട്ടതാടോ ഉന്നെ വന്നിയതട്ടാൻ
ഉന്നെ പളികാരോ എൺപേതട്ടാൻ
ഉന്നെ പളികാരോ എൺപേതട്ടാൻ

*പാട്ട് 74*

ചന്ദ്രമാതിപനെൻ കുയിലോ
നാനടന്തുവാ മയിലേ
അപ്പാ ചന്തുരനെ
നാനടന്തുവാ മയിലേ
അപ്പാ ചന്തുരനെ
നാനടന്തുവാ മയിലേ
നീ അരമതുരെ മഹനെ
ഉന്നെ പെത്തവർ കണ്ടാത്തോ
എന്നെ ഉടലെയുരുവനോ
ഉന്നെ തായാർ കണ്ടാത്തോ
എന്നെ നാവെ പുടുങ്കുവനെ
ചന്ദ്രമാതിപനെൻ കുയിലോ
നാനടന്തുവാ മയിലേ
നല്ല അപ്പാ ചന്തുരനെ
നാനടന്തുവാ മയിലേ.

*ചൊല്ല് 70*

ഒൻപതുപേർ കാവലാളികൾ
മന്നവനെ വഞ്ചികാതൂശി വഞ്ചിമലയിൽ
തെക്കു വരിശിയാകെ നിർത്തി വിട്ടുതാനേ
പാണ്ടിയരാചൻ പട്ടത്തുമന്തിര വാളാൽ
വീശുമ്പോതു താനേ
അതും താൻ പൂമാലയാകെ വിളുകക്കണ്ടേൻ
ഒൻപതുപേർ കാവലാളികൾ വീശുമ്പോതുതാനേ:
അതും താൻ പൂമാലയാകെ വിളുകക്കണ്ടേൻ
മന്നവൻ ഇതയം പാർത്തുവിട്ടുതാനേ:
അകോവാരം കാവലാളികളേ കേളോ
ഉങ്ക പാണ്ടിയരാചൻ പട്ടത്തുമന്തിരവാളാൽ
എന്നെ വീശമുടിയാതെൻട്രേ...
നാനോ തനിയാകെ മാണ്ടുമടിഞ്ച്
പോകമെൻട്രുമേ ശൊല്ലേ:

ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത
മഹനിറുപ്പതുമേ ആനാൽ
അട്ടാളം ചൊക്കർ മതിര മീനാച്ചി
മഹാ തേവനേത്താൻ നിനച്ചുവിട്ടേൻ:

എൻ ഉച്ചിയിലിറുന്ത് ഇരുവിളപ്പാ പിളർന്ത്
പൂവെപ്പോലെ മാളേവേണം.
മന്നവൻ മാണ്ടുടൻ താനേ
ചിവിക്ക് ചിത്തുറുമ്പ് കാവൽ വയ്ത്തുവിട്ടേൻ
കണ്ണുക്ക് കട്ടുറുമ്പ് കാവൽ വയ്ത്തുവിട്ടേൻ
പച്ചിപറട്ടകളെല്ലാം ചിറകോടു ചിറക്
കോത്തു മന്നവനെ കെട്ടിയണഞ്ച്-
കൊണ്ടുമേ ഇറുക്കക്കണ്ടേൻ...

*പാട്ട് 75*

എന്തോരു ആച്ചിയമ്മ എനക്കു പൊല്ലാതെ
ശൊപ്പുനം തോറ്റുതാള മാമിയാളേ
മുറ്റത്തു നിൻട്ര വന്തിമരമേ
അതും താൻ കാത്തടിച്ച്
ചായപ്പിനാവ് കണ്ടേൻ
മുറ്റത്തു നിൻട്ര വാളമരമേ
അതും താൻ കാത്തടിച്ച്
തൂരോടെ ചായപ്പിനാവ് കണ്ടേൻ
വാശലിൽ നിൻട്ര മുരിങ്കമരമേ
അതും താൻ കാത്തടിച്ച്
ചായപ്പിനാവ് കണ്ടേൻ
തനനന്നാ നന്നോ തനനാനേ...
കളുത്തിലിട്ട പൊന്നിൻ താലി
അതും താൻ അന്തുപോന കിനാവും കണ്ടേ
തന്നോടെ കൂന്തൽ വിരിച്ച്
അതും താൻ അന്തുപോന കിനാവും കണ്ടേ
തനനന്നാ നന്നോ നനനാനോ

*ചൊല്ല് 73*

അളകുള്ള പർവ്വത പത്തിനി
കന്നകൈ ഇതയം പാർത്തുവിട്ടുതാനേ:
അകോവാരം ആച്ചീയേ കേളോ
എനക്കോ ഉടനേക്കുടനവേ
തെൻ മതിരാ വിരിപ്പട്ടണം തന്നെ
പോക വേണമെൻട്രുമേ ശൊല്ലെ.
ആച്ചാരമ്മ ഇതയം കേട്ടുവിട്ടുതാനേ:
അപ്പടിയെല്ലാമില്ല എന്തനുടെ തായേ കേളോ

മന്നവൻ വയ്ത്ത അടയാളം
പാപ്പാമെൻട്ര് ശൊല്ലേ

ഇരുവേരും തന്നെ മന്നവൻ വയ്ത്ത
അടയാളം ചെൻട്ര് പാർക്കിൻ പോതുതാനേ:
മാങ്കാ അളുകിവിട്ട്
തേങ്കാ വെടിച്ചുവിടക്കണ്ടേൻ....
ചന്തന മുണങ്കക്കണ്ടേൻ...
ചെമ്പുചലം കുറിഞ്ചിയെക്കണ്ടേൻ...
നിലവിളക്ക് നിക്കക്കണ്ടേൻ
കൊണ്ടയിൽ വയ്ത്ത വാടാമല്ലിയപ്പൂ
വാടിമേ വിട്ടാൻ....

കന്നകൈ ഇതയം പാർത്തുവിട്ടുതാനേ:
അപ്പടിയെല്ലാമില്ലയെന്തനുടെ തായേ കേളോ
നാൻ തെൻ മതിരെപ്പോയ്
ചേതിമാറ്റം തിരിഞ്ചുമേ വരികേ

കന്നകൈ ഇതയം കേട്ടുവിട്ടുതാനേ
അപ്പടിയെല്ലാമില്ലയെന്തനുടെ ആച്ചിയേ കേളോ
മതിരപ്പട്ടണം ചെൻട്രുടൻ താനേ
ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത
മഹളിറുപ്പതുമേ ആനാൽ
പാലും മോരും ഉണ്ടാക വേണമെൻട്ര് ചൊല്ലും പോത്
അതും താൻ ഉടനേക്കുടനവേ
മൂന്നരപ്പാനയുണ്ട പാലും മോരും തൈരും
ഉണ്ടായ്ക്കൊണ്ടിരുക്കക്കണ്ടേൻ

*പാട്ട് 76*

നല്ല പാലു വാങ്കല് പാല് നല്ല പാപ്പരപ്പെണ്ണങ്കളാടി
നല്ലെ മോരു വാങ്കല് മോര് നല്ല മോകനപ്പെണ്ണുങ്കളാടി
നല്ലെ തൈര് വാങ്കല് തായേ നല്ല നായർപ്പെണ്ണുങ്കളാടി

*ചൊല്ല് 74*

ആച്ചാരും പട്ടണത്തിവീതിവളി
മോരു വിത്തുപോകുമ്പോതു താനേ:

വഴിപോക്കൻ: അമ്മാ മോരു വിക്കും തായേ മോരുക്ക് ചുട്ടിക്കെന്നാ വിലയമ്മാ

ആച്ചിയമ്മ: ഇല്ലമ്മാ. മുത്തിക്കാലത്തിലെ ചുട്ടിക്ക് മൂന്നു തുട്ട്. ഇന്ത കാലത്തിലെ ചുട്ടിക്ക് ആറുതുട്ട്

വഴിപോക്കൻ: ഇപ്പടിത്താനമ്മ യതോ ഒരുവൻ ചിലമ്പുക്ക് അതിയം വിലപേശിയെൻട്രുശൊല്ലി വഞ്ചികാതൂശി വഞ്ചിമല തെക്കു വരിശിയാകെ വെട്ടി പതിവു ചെയ്യുവേപ്പോലെ ഉന്നെയും വെട്ടി പതിവു ചെയ്യപ്പോവുതേ.

ആച്ചാരമ്മ ഇതയം കേട്ടുവിട്ടുതാനേ
മോർപ്പാനയെ പോട്ടുടച്ച് തന്നോടെ
അരുമുനക്ക് ഓടോടു ചെൻട്രാൻ...

ആകോവാരം ആച്ചിയെ മതിരപ്പട്ടണത്തിലെ
എന്നെന്ന ചവിനം തോറ്റാമാച്ചിയേ
അപ്പടിയെല്ലാമില്ല കന്നകയേ
മന്നവനുക്ക് ഒരപകടവും വരവില്ലെ
മന്നവൻ പിന്നാലെ വന്തുക്കിട്ടേയിറുക്കേ

ആച്ചാരമ്മ ഇതയം ചൊല്ലി വിട്ടുതാനേ
തന്നോടെ അരുമുനക്ക് ഓടോടുചെൻട്രാൻ

മന്നവൻ വരവില്ലെയെൻട്ര് ശൊല്ലി
പൊയ് ചൊന്നയാച്ചിയമ്മാരരുമുന
അക്കിനിയാകെ പെരുന്ത വേണമെൻട്ര്
പൊല്ലാതെ ചാപം പോട്ടുവിട്ടാൻ

ആച്ചാരമ്മ ഇതയം പാർത്തുവിട്ടുതാനേ
അപ്പടിയെല്ലാമില്ലതായേ
നാൻ ഉള്ളതെല്ലാം ശൊല്ലിക്കൊടുപ്പേൻ തായേ
അക്കിനിയെ അമത്തിക്കുടുപ്പവേണം

അപ്പടിയെന്നാൽ എന്തനുടെ കന്നകയേ കേളോ:
ശിലമ്പുക്ക് അതിയവീല പേശിയെൻട്രുശൊല്ലി
മന്നവനെ വഞ്ചികാതൂശി വഞ്ചിമല
തെക്കു വരിശിയാകെ വെട്ടി പതിവു-
ചെയിഞ്ചുമേ വിട്ടാർ.....

*പാട്ട് 77*

എന്തൂർ മാട്ടക്കാരാ എൻ കണവൻ
പോണ വളിയെ ശൊല്ലി ത്താടാ
എന്തൂർ ആട്ടിടയാ എൻ കണവൻ
പോണ വളിയെ ശൊല്ലിത്താടാ
കൊക്കുക്കുരുവികളേ എൻ കണവൻ
പോണ വളിയെ ശൊല്ലിത്താടാ
ഒത്തച്ചിലമ്പെടുത്തോ
നങ്കയെ പോനവരെ കാണവില്ലെ
തന്നനാ... നന ... നാനോ....
നന്നോ... നന.... നാനോ........

*ചൊല്ല് 75*

അളകുള്ള പർവത പത്തിനി കന്നക
തെൻ മതിര ചെൻട്ര് മാമരത്തടിയിൽ
ഉക്കാറിൻ പോതോ
ആട്ടുക്കാരൻ മാട്ടുക്കാരൻ
പുള്ളക്കുട്ടികളാ പാത്തുവിട്ടേ:
എങ്കെ മന്നവൻ പട്ട പടുകളം
ശൊല്ലിക്കുടുപ്പ്പൂങ്കളാ
അപ്പടിയെല്ലാമില്ല തായേ
മരത്തിലിറുക്കും മാമ്പളം
ഉതിർത്തു കുടുപ്പതുമേ ആനാൽ
നാൻ ശൊല്ലിക്കൊടുപ്പോം

ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത
മഹളിറുപ്പതുമേ ആനാൽ
മരത്തിലിറുക്കും മാമ്പളം
താനാകെ ഉതിരവേണമെൻട്ര് ശൊല്ലി:

കണ്ണകി: അടേ ആട്ടക്കാരൻ മാട്ടുക്കാരൻ പുള്ളകുട്ടികളേ ഇനി ശൊല്ലിക്കുടുപ്പേനെടാ

പുള്ളക്കുട്ടികൾ: അപ്പടിയെല്ലാമില്ല തായേ. ഇനിയും ഇന്ത മാമ്പളം താനാകെ മരത്തിലെ പോട്ടവേണം

കണ്ണകി: ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത മഹളിറുപ്പതുമേ ആനാൽ ഇന്ത മാമ്പളം താനാകെ പോട്ടവേണം. അടേ ആട്ടക്കാരൻ മാട്ടുക്കാരൻ പുള്ളക്കുട്ടികളേ ഇനിയാവതും ശൊല്ലിക്കുടുങ്കടാ

പുള്ളക്കുട്ടികൾ: അപ്പടിയെല്ലാമില്ല തായേ. ഇന്ത മാമ്പളം താനാകെ ഉതിര വേണം.

കണ്ണകി: ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത മഹളിറുപ്പതുമേ ആനാൽ ഇന്ത മരത്തിലിറുക്കും മാമ്പളം താനാകെ ഉതിരവേണം.

ആട്ടുക്കാരൻ മാട്ടുക്കാരൻ പുള്ളക്കുട്ടികൾ
മാമ്പളം പെറുക്കി വിട്ടുതാനേ....
കാടോചെടി കണ്ടാവനം ഓടിയൊളിച്ചുമേ വിട്ടാൻ
തായ് തകപ്പൻ ഇതയം പാർത്തുവിട്ടുതാനേ:
അകോവാരം തായേ കേളോ. എങ്ക പുള്ളക്കുട്ടികളേ
മനുഷ്യനാക്കി. കുടുപ്പതുമേ ആനാൽ നാൻ
ഉള്ളതെല്ലാം ശൊല്ലിക്കുടുപ്പേ മെൻട്രുമേ ശൊല്ലെ
കന്നകൈ ഇതയം കേട്ടുവിട്ടുതാനേ:
ഇത്തിനിക്കും പാത്തിനിക്കും പറന്തിരുന്ത
മഹളാനാൽ മാട്ടുക്കാരൻ ആടുക്കാരൻ പുള്ളക്കുട്ടികൾ
മനുശ്യനാകെ ചെനിച്ച് ഓടി വരവേണമെൻട്രുമേ
ചൊൻട്രാൻ.....
ചിറ്റുറുമ്പി പേരുറുമ്പി പോനവളിയെ
പോനതുമേ ആനാൽ മന്നവൻ
പട്ട പടുകളം പാപ്പോം

*പാട്ട് 78*

നല്ല ചന്ദന മാമരം അല്ലിലാലോ
നാൻ ചാമി പിറന്തയിടം അല്ലിലാലോ
ന്ല്ല ഏലത്തലയളക് അല്ലിലാലോ
അല്ലിലാലോ നല്ല രക്കമുള്ള
താംബൂലം അല്ലിലാലോ
നല്ല എവരെ പടന്ത ഇടം അല്ലിലാലോ
അല്ലിലാലോ ആവാരി വിട്ടോരം അല്ലിലാലോ
നല്ല കുങ്കുമ മാമരമേ അല്ലിലാലോ
അല്ലിലാലോ നാൻ കൂടെപ്പിറന്തയിടം അല്ലിലാലോ
നല്ല കൂടിപ്പിരിഞ്ച മട്ടം അല്ലിലാലോ
അല്ലിലാലോ നാൻ നല്ല പൂട്ടുവണ്ടി-
ക്കാളപോലെ അല്ലിലാലോ
നല്ല ആകാശക്കാലമതു അല്ലിലാലോ
അല്ലിലാലോ നാൻ ആളുക്കൊരു
തേശമതു അല്ലിലാലോ
തന്തനം താനോ തന നാനോ

നല്ല വെള്ളക്കൊട്ട മൂന്നാറ് അല്ലിലാലോ
അല്ലിലാലോ നാൻ വിരിച്ചടിച്ച-
കൂടാരം അല്ലിലാലോ
നല്ല തെക്കേത്തി കമ്മാളൻ അല്ലിലാലോ
അല്ലിലാലോ നാൻ തിരനവല്ലി-
ആശാരി അല്ലിലാലോ
നല്ല തങ്കക്കൊട്ട അടിമുടി അല്ലിലാലോ
അല്ലിലാലോ നാൻ വടിച്ചെറിഞ്ച
കണ്ണീര് അല്ലിലാലോ
നല്ല പെട്ടി പുതുപ്പെട്ടി അല്ലിലാലോ
അല്ലിലാലോ നാൻ പൊന്നാനാ-
മൽവേട്ടി അല്ലിലാലോ
നല്ല പൊന്നാന മൽവേട്ടി അല്ലിലാലോ
നല്ല മത്യാന മൽവേട്ടി അല്ലിലാലോ
നല്ല പെട്ടിവില ചൊല്ലുങ്കെടോ അല്ലിലാലോ
പെട്ടിവില നാൻ തരേം അല്ലിലാലോ
നല്ല ആടടയും മന്തയിലെ അല്ലിലാലോ
അല്ലിലാലോ നാൻ വടിച്ചെറിഞ്ച-
കണ്ണീര് അല്ലിലാലോ
നല്ല മതിരക്ക് മേൽക്കുളത്ത് അല്ലിലാലോ
നാൻ മാരിയമ്മ തപ്പക്കുളം അല്ലിലാലോ
നല്ല മാരിയമ്മ തപ്പക്കുളം അല്ലിലാലോ
അല്ലിലാലോ നാൻ ആറുവക മീനെടുത്ത്
അല്ലിലാലോ......
നല്ല ആറുവക മീനെടുത്ത് അല്ലിലാലോ
അല്ലിലാലോ നാൻ ആറുവക മീനെടുത്ത്
അല്ലിലാലോ.......

*ചൊല്ല് 76*

അളകുള്ള പർവത പത്തിനി കന്നക
ഇതയം കേട്ടുവിട്ടുതാനേ...
ചിറ്റുറുമ്പി, പേരുറുമ്പി പോകുംവളി
പോകമ്പോത് മന്നവൻ പട്ട പടുകളം
ചെൻട്രുമേ വിട്ടാൻ....

*പാട്ട് 79*

തന്നോടെ കൂന്തൽ വിരിച്ചേ
വിരിച്ചടിച്ച് അളുകിറാള കന്നകൈ
മന്നവൻ കാൽ മാട്ടിൽ
വിളുന്തളുകിറാള കന്നകൈ
മന്നവൻ കൈമാട്ടിൽ
വിളന്തളുകിറാള കന്നകൈ
മന്നവൻ തല മാട്ടിൽ
വിളുന്തളുകിറാള കന്നകൈ
മന്നവൻ മേലുക്കൂടെ
വിളുന്തളുകിറാള കന്നകൈ

*ചൊല്ല് 77*

അളകുള്ള പർവത പത്തിനി കന്നകൈ
ഇതയം പാർത്തുവിട്ടുതാനേ
തങ്കത്തുനാലേ ഊശിയും കയ്യിലെടുത്തുവിട്ടേ
തങ്കത്തൂനാലെ പൊൻചരടും താൻ എടുത്തുവിട്ടേ
തലയോടുതല കോർത്തു വിട്ടുതാനേ
ചുകുനാംപിരമ്പിലും താനേ പെരുവിരലിൽ
മൂണു തട്ടുമ്പോതോ മന്നവനും തന്നെ
തിടുക്കൻട്ര് എളുന്തിരിക്കക്കണ്ടേൻ...

മന്നവൻ കുലകാരനാരെൻട്ര് കേൾക്കുമ്പോതുതാനെ
കുലകാരൻ വഞ്ചപ്പത്താൻ വന്നിയ തട്ടാൻ എൻട്രേ
ചുതുകാരൻ ചോമലിങ്കവും ചുന്ദരലിങ്കവും
എൻട്രുമേ ശൊല്ലേ
പാണ്ടിയരാചൻ പങ്കാളിത്തം എൻട്രുമേ ശൊല്ലേ

*പാട്ട് 80*

ഇങ്ക വന്തവനാരടിയേ
എനക്കോ ഒണ്ണു താൻ തെരിയവില്ലേ
ഇങ്കവന്തവനാരടിയേ
എനക്കോ കാതും താൻ കേൾക്കവില്ലേ
ഇങ്കെ വന്തവനാരടിയേ
എനക്കോ കണ്ണുംതാൻ തെരിയവില്ലേ
ഇങ്ക വന്തവനാരടിയേ
എനക്കോ തിശയും താൻ തെരിയവില്ലേ.

ഇങ്ക വന്തവനാരടിയേ
എനക്കോ തിക്കും താൻ തെരിയവില്ലെ.

*ചൊല്ല് 78*

അളകുള്ള പർവത പത്തിനി കന്നകൈ
ഇതയം കേട്ടുവിട്ടുതാനേ:
അകോവാരം മന്നവാ മാതകൈയോ
കന്നകൈയോ ആശതന്ത അരുംകിളി
ചുകം തന്ത ചുന്തരി
മാതകി വന്തതുമേ ആനാൽ എൻ മടിമേൽ വരവേണം
കന്നകൈ വന്തതുമേ ആനാൽ
കാൽവളി നിക്കവേണം

മന്നവനു പെടാതെ തുമ്പങ്കളെ പടുത്തു
മാണ്ട് മടിഞ്ച് പോയ മാതകൈ
ആശ എന്നും തീരവില്ലെ മാതകയോ കന്നകയോ
മാതകൈ കന്നകൈ

അളകുള്ള പർവത പത്തിനി കന്നക
ഇതയം കേട്ടുവിട്ടുതാനേ
തങ്കത്തുനാലേ പൊൻചരടുതാൻ
ഉരുവിമേ വിട്ടാൻ...

*പാട്ട് 81*

തന്നാ തനതാനേ താനോ
തന്നം താനേ താനേ... നന്നേ നനന.

നല്ല പുളുതീൻ നല്ലെ
മന്നൻ പിരളേലാച്ചി
ഉനക്കോ മരത്തേനല്ലേ
ഉനക്ക് കട്ടുലുണ്ടോ കട്ടുലുണ്ടോ

ഉന്നെ പഞ്ചിനല്ലെ
ഉനക്ക് തലകാണിയോ തലകാണിയോ
ഉനക്ക് പഞ്ചനല്ലെ

ഉനക്ക് മെത്തയുണ്ടോ പടുത്തുറങ്കാൻ
തന്നാ തനതാനേ... നാനോ
മന്നൻ മാണ്ടേനാടോ
നല്ല വൈകുൻട്രമാ ചേന്തേനാടോ
മന്നൻ ചെന്തേനാടോ
മന്നൻ ചിവലോകമാ പോണേനാടോ
ഉനക്കു മണ്ണുനല്ലേ
ഉനക്കു മണ്ടപമുണ്ടോ മണ്ടപമുണ്ടോ
ഉനക്കു കല്ലുനല്ലേ
ഉനക്കു കോവുരമുണ്ടോ കോവുരമുണ്ടോ
തന്നാ തനനാനേ നാനോ
തന്നം നാനേ നന്നേ നനോ

*ചൊല്ല് 79*

അളകുള്ള പർവ്വത പത്തിനി കന്നകൈ
ഇതയം പാർത്തുവിട്ടുതാനേ
തന്നോടെ വലതുപക്കം നിൻട്ര്
കൂന്തപ്പനയോല താൻ എടുത്തുവിട്ടേ
മുത്തു പതിഞ്ചതുപോലെ
മൂന്നു വരിശതാൻ എളുതിവിട്ടേ
പഹളം പതിഞ്ചതുപോലെ
പത്തു വരിശതാൻ എളുതിവിട്ടേ
കാക്ക കയ്യിൽ ഓലയും താൻ
കൊടുത്തുമേ വിട്ടാൻ
ഓല കണ്ടനേരം ഓടിവന്തുചേരാമെൽ പോനാൽ
ഉൻ അരുമുന അക്കിനിയാകെ
പൊരുന്തുമെൻട്രുമേ ശൊല്ലേ

മാതകൈപ്പെൺ തേവതാശി
ഇന്ത ഓലയെ പാർത്തുവിട്ടുതാനേ
തെൻ മതിരാ വിരിപ്പം പട്ടണം തന്നെ
ഓടോടു ചെൻട്രാൻ...

കൊണ്ടാൾ വരവില്ലെ കുറ്റിയാൾ
വന്തേ നെൻട്ര് ശൊല്ലി
കന്നകൈ ഇതയം കേട്ടുവിട്ടുതാനേ:
അപ്പടിയെല്ലാമില്ല എന്തനുടെ മാതകയെ കേളോ
കന്നകയും മാതകയും ഇരുവേരും താനെ

മാങ്കട്ട ചന്ദനക്കട്ട തടി
അടുക്കിമേ വിട്ടേൻ
പടയിന്മേൽ മന്നവനെ തൂക്കിപോട്ടുവിട്ടേൻ
മാതകി കാൽവളിയും കന്നകൈ തലവളിയും
നിറുത്തി വിട്ടേൻ

പടയിൽ അക്കിനി പൊറുന്തുംപോതു
അക്കിനി ഒരുപോതും പൊരുന്തവില്ലെ
കന്നകൈ ഇതയം പാർത്തുവിട്ടുതാനേ
അടിയേ ചക്കിളിച്ചി മാതകൈയേ കേളോ
കുടിപ്പൊണ്ടാട്ടി തലക്കുള്ളിൽ നിക്കവേണം
വീട്ടുപ്പൊണ്ടാട്ടി കാൽക്കുള്ളിൽ നിക്കവേമെൻട്രുശൊല്ലി

മാതകൈയെ തലക്കുള്ളിലും
കന്നകൈയെ കാൽക്കുള്ളിലും നിർത്തിവിട്ടേൻ
അക്കിനി താൻ പൊരുന്തുംപോത്
മാതകൈ തലയിൽ വിളുന്ത്
പടയിൽ തീ പുടിക്ക വേണമെൻട്ര്
ശൊല്ലിതാനേ.....

തീ പൊരുന്തുംപോതു അവരിരുവേരും
പസ്മമാകെ പോകകണ്ടേൻ
പസ്മം കാവരിയാറ്റിൽ വിടുകിൻപോത്
ഇരുവേരും തന്നെ താമര പുശ്പമാകെ
ഉലാവി കൊഞ്ചിക്കുലാവിതാൻ പോകകണ്ടേൻ

*പാട്ട് 82*

കരിഞ്ച് മേയവിട്ടി
ആത്തിലെ പോനാലാവ
അവളോടെ തലമുളുകി
അവളോടെ തലമുളുകി
കൂന്തൽ വിരിച്ചുണങ്കി
ശീവി ശിണുങ്കെടുത്ത്
ശീവി ശിണുങ്കെടുത്ത്
ചിത്തിരംപോലെ കൊണ്ടയെ മുടിച്ച്
ചിത്തിരംപോലെ കൊണ്ടയെ മുടിച്ച്
ചെന്തൂർ പൊട്ടും വെച്ച്
വാരാടും തെക്കേത്തമ്മ

വാരാടും തുമ്പേച്ചമ്മ
പട്ടുക്കാര തുയിലുടുത്തേ
വാരാടും തുമ്പേച്ചമ്മ

ചൊല്ല് 80

അളകുള്ള പർവത പത്തിനി കന്നകയും താനേ
പാണ്ടിയരാചൻ അരുമുനക്കു തന്നെ
ഓടോടു ചെൻട്രാൻ....

*പാട്ട് 83*

തന്നാ തന്നാ നന്നാ നോ
നാനന്നേ.... നന്നോ നനോ
നീ വല്ലപനെൻട്രു ശൊല്ലി
വലയം പേശാതെ പാണ്ടിയോ
നീ നല്ല വീരനെൻട്രു ശൊല്ലി
വീരിയം പേശാതെ പാണ്ടിയോ
നല്ല പാണ്ടിയനരുമുന
തീപ്പെട്ടെരിയുതെടാ പാണ്ടിയോ
തന്നാ... തന്നാ... നന്നാനോ

പാൽപ്പനേ ഇറങ്കവേണ്ട ചാമീ
പാൽപ്പനേ പൊങ്കവേണ്ട
ഊരു തളയ വേണ്ട ചാമീ
ഉച്ചമള പെയ്യവേണ്ട
നാടു തളയവേണ്ട ചാമീ
നല്ല മള പെയ്യവേണ്ട

*ചൊല്ല് 81*

കന്നകൈ പാണ്ടിയനരുമുനയിൽ
ചെൻട്രുടൻ താനേ:
അകോവാരം പാണ്ടിയനെ കേളോ
എൻ ചിലമ്പെ തരവേണമെൻട്ര്
കേക്കുമ്പോതോ
ഉൻ ശിലമ്പ് ഇങ്കെ എങ്കയുമില്ലയെൻട്രുമേ ശൊല്ലെ
കന്നകൈ കെരുഡനേത്താൻ
വിളിച്ചുമേ വിട്ടാൻ:

അകോവാരം കെരുഡാവേ കേളോ
പാണ്ടിയരാചൻ പൊൻ ചാതി ചിലമ്പ്
എങ്കെയിറുന്താലും പോയി കൊണ്ടുവരവേണം

അതുക്കോ നാൻ പളിക്കുപളി
കൊടുപ്പോമെൻട്രുമേ ശൊല്ലേ
കെരുഡൻ ഇതയം കേട്ടുവിട്ടുതാനേ
ഏളു കടലുക്കപ്പാലെ
ഏളുതല നാകം കയ്യിലിറുക്കും
ശിലമ്പുതാൻ പടുത്തുവിട്ടേൻ
പാണ്ടിയരാചൻ കൊലുവിൽ
വയ്ത്തുമേ വിട്ടാൻ:

അകോവാരം പാണ്ടിയനെ കേളോ
ഉൻ പൊഞ്ചാതി ശിലമ്പ്
കൊലുവിൽ വന്തേനെട്രുശൊല്ലി

എൻ ശിലമ്പെ തരുവേമെൻട്ര് കേക്കുമ്പോതോ
ഉൻ ശിലമ്പ് എൻ അരുമുനയിൽ
എങ്കയുമേ ഇല്ലേയെൻട്രുമേ ശൊല്ലേ
കന്നകൈ ഇതയം കേട്ടുവിട്ടുതാനേ:
ഇത്തിനിക്കും പത്തിനിക്കും പിറന്തിരുന്ത
മഹൾ ഇതുപ്പതുമേ ആനാൽ
അട്ടാളം ചൊക്കർ മതിരമീനാച്ചി
മഹാതേവനേ താൻ നിനച്ചുവിട്ടേൻ:
എൻ പത്തിനി പാതം ചിലമ്പ്
പാണ്ടിയരാചൻ അരുമുനയിൽ
എങ്കെയിറുന്താലും എൻ വലതുകയ്യിലുമേ
ഏറവേണമെൻട്ര് ശൊല്ലേ കേട്ടേൻ
കന്നകൈ വലതുകൈ നീട്ടുമ്പോതു താനേ
പത്തിനി പാതം ചിലമ്പുതന്നെ
വലതു കയ്യിലുമേ ഏറക്കണ്ടേൻ

വലതു പക്കം നിൻട്ര ചൂലം താൻ
കയ്യിലെടുത്തു വിട്ടേൻ
വഞ്ചിത്തട്ടാൻ വന്നിയതട്ടാൻ
കുടലെ കുത്തി ഉരുവി വിട്ടുതാനേ
അന്തുരമാകെ വിട്ടെറിയുമ്പോതോ

കെരുഡാനും തന്നെ എടുത്തു
മാലയെ തരിച്ചുവിട്ടേൻ

പിന്നെയും വലതു പക്കമേ നിൻട്ര
ചൂലം താൻ കയ്യിലെടുത്തു വിട്ടേൻ
ചോമലിങ്കവും ചുന്ദരലിങ്കവും
കുടലെ കുത്തി ഉരുവി

അന്തുരമാകെ വിട്ടെറിയുമ്പോതോ
കെരുഡാനും തന്നെ മാല തരിച്ച്
വടതിശയെ പാർത്ത്
പറന്തുമേ പോക – ക്കണ്ടേൻ
പിന്നെയും വലതു പക്കം നിൻട്ര
ചൂലം താൻ കയ്യിലെടുത്തുവിട്ടേൻ
പാണ്ടിയരാചൻ കുടലെ കുത്തി ഉരുവി
മാല തരിച്ചു വിട്ടേ.....
കന്നകയും തന്നെ അന്തുരമാകെ
നിൻട്രുവിട്ടേ.....

തന്നോടെ വലതുമാർവെ പിടിച്ച്
വലിച്ചെറിയുമ്പോതോ
അതും താൻ പാൽപ്പെട്ട ഇടങ്കളെല്ലാം
അക്കിനിയാതെ പൊരുന്തിക്കൊണ്ടുമേ
ഇറുക്കക്കണ്ടേൻ...

*പാട്ട് 84*

നല്ല ചുകമേ മെത്തെ ചുകമേ
നമ്മ നമ്മളെ കാപ്പാത്തിയ നമ്മളെ
മയ്യലാരോളേതും ചാമിയേ
മയ്യൽ ചാമീ ചാമീ ഏതും ചാമി
മയ്യൽ ചാമി ചാമി ഇതും ചാമി
തനനന്നേ... നാനോ നന്നോ
നന്നോ നനേ തനനന്നോ

ചീർകപ്പുൽ വാടിനാലോ
ചീർകപ്പുൽ വാടി
നല്ല ചീർകപ്പുൽ വാടി

അറുകം പുൽ വാടി
നല്ലോളറുകം പുൽവാടി
തനനനന്നേ... നാനോ നന്നോ
തന്നോ നനേ.... നനനന്നോ
തരികിടതോ താ തെയ്യത്താ

*മംഗളഗാനം 85*

മങ്കളം വന്തേ പെൺകളും വന്തേ
വാചുതേവനാണയുന്ന
രാമർ മങ്കളം
കത്തവാങ്കളെതാൻ വിത്തവാങ്കളെ
രാമകൃഷ്ണ രാമർ മങ്കളം
ചീങ്കമൂങ്ക രാമകൃഷ്ണ രാമർ മങ്കളം
എന്നെയും താൻ പെണ്ണെയും താൻ
കൊണ്ടുവാടീ ഏവലാൾ
നല്ല മങ്കളം വന്നേ
പെൺകളും വന്നേ

പാണ്ടിയൻ പട്ടണം അക്കിനി പട്ടണമെ-
ൻട്ര് ശൊല്ലി പൊല്ലാത ശാപം പോട്ടുവിട്ട
വഞ്ചിക്കെട്ടു മലയാളം
കുളുന്ത തേശം എൻട്രുശൊല്ലി
കാശിരാമേചരം ചുത്തിവരും
കാരിക്കോടു നിലകൊള്ളും
പൊന്നും ഭഗവതി.

## പദങ്ങളുടെ അർത്ഥം

തമിഴിനോട് ഏറെ സാമ്യമുള്ള ആദിവാസി ഭാഷയിലാണ് കൂത്തിലെ പാട്ടുകളും ചൊല്ലുകളും അവതരിപ്പിച്ചിരിക്കുന്നത്. നിരക്ഷരരായ ആദിവാസികളിൽ നിന്ന് പദങ്ങളുടെ അർത്ഥം അന്വേഷിച്ചറിയുക ശ്രമകരമാണ്. എങ്കിലും അതിനുവേണ്ടി നടത്തിയ ശ്രമത്തിന്റെ ഫലമായി കുറെയധികം വാക്കുകളുടെ അർത്ഥം ഇതോടൊപ്പം കൊടുക്കുന്നുണ്ട്. അതാകട്ടെ തികച്ചും സാന്ദർഭികാർത്ഥങ്ങൾ ആണുതാനും. ഇതും പൂർണ്ണമല്ല. പിടികിട്ടാത്ത ഒട്ടേറെ വാക്കുകൾ ഇനിയും ബാക്കി നിൽക്കുന്നു.

| | |
|---|---|
| കാഞ്ച്യാത്തുമുത്തി | - കാഞ്ചിയാർ മുത്തിയമ്മ |
| മുല്ലൂരാനാണ്ടവൻ | |
| കോചികൂവാനാണ്ടവൻ | |
| വാചാരോളാണ്ടവൻ | |
| നാടാണി അയ്യപ്പൻ | - ആരാധനാമൂർത്തികൾ |
| മടിപ്പിച മുത്തി | |
| കാടാടുമുത്തി | |
| വാചാത്തുമുത്തി | |
| തുറാറുമുത്തി | |
| പഞ്ചൻ പൂലാൻ | കൂത്തിന്റെ ഉപജ്ഞാതാക്കൾ |
| പെരിയാനങ്കൻ | |
| പൂലപ്പൻ പൂലാൻ | - കാണി (മന്ത്രി) |
| കൊലുവ് | - സിംഹാസനം |
| പൂഞ്ചാര | - പൂഞ്ഞാർ ദേശം |
| അമുലാകെ | - എല്ലാം |
| വാശൽ | - വാതിൽ |
| കളഞ്ചുകം | - ഖജനാവ് - ആഭരണകട്ടി |
| കളയ്ട്ടി | - ഊരി |
| ചോളുകപ്പയ്യ | - മാറാപ്പ്, ഭാണ്ഡം |
| ചൂരാംകുടുക്ക | - ചൊരക്കാക്കുടുക്ക |
| ചുകുമാം പിരമ്പ് | - ചൂരൽപ്പരമ്പ് |
| അളുകവയന ചത്തം | - കരയുന്ന ശബ്ദം |

| | | |
|---|---|---|
| വടദിച | – | വടക്കുവശം |
| യുവനങ്കൾ | – | യവ്വനങ്ങൾ |
| കലുപ്പേ | – | ഗർഭം |
| ന്യാവില്ലെ | – | ന്യായമില്ല |
| വന്നിലാനേ | – | വലിയവൻ |
| ചായാതമാ | – | ആടിക്കുഴയാതെ |
| പാഞ്ഞാലുക്ക | – | പടിഞ്ഞാറാകാശം |
| കാരുക്കരുക്കയാംകെട്ടി | – | കാർമേഘം മൂടിക്കെട്ടി |
| പോളിയപ്പെട്ടി | – | സ്വർണ്ണത്തകിട് കൊണ്ടുള്ള പെട്ടി |
| പൂണലൂൽ | – | പൂണൂൽ |
| മെത്തുകത്തുനാൽ | – | നിറച്ച് |
| മിഞ്ചികൾ | – | മൂക്കുത്തി |
| ലോലകൾ | – | ലോലക്ക് |
| ശിരപ്പാണി | – | ശിരസിലണിയുന്ന ആഭരണം |
| കാപ്പുകൾ | – | കാൽകാപ്പുകൾ |
| തണ്ടകൾ | – | കൈവള |
| നഹകൾ | – | ആഭരണങ്ങൾ |
| നിണല് | – | തണൽ |
| മരുതടിച്ച് | – | മധുരയിലടിച്ച |
| ഓടോടുചെൻട്രാൻ | – | ഓടിച്ചെന്നു. |
| ഉടനേക്കുടനവേ | – | ഉടനടിയായി |
| അങ്കടിച്ച് | – | അവിടെയടിച്ച |
| ആഞ്ചാരെ | – | ചാരിയിരുന്ന് |
| അതികടന്താൻ | – | മറികടന്ന് |
| പുചിനിത്തോപ്പ് | – | മുളകുതോപ്പ് |
| ഇലവിച്ചംകായ് | – | ചെറുനാരങ്ങ |
| അന്തമാന | – | ദൂരത്തിൽ |
| കൊളുന്തേനാര | – | പേരക്കുട്ടി |
| കളക്കുമേലെ | – | വേദിക്കുമേലെ |
| മയ്യിൽ | – | ശരീരത്തിൽ |
| ലോങ്കിടാ | – | നോക്കി |

| | | |
|---|---|---|
| തോളോറുമ | – | തോളിൽ തൂക്കിയ മദ്ദളം |
| കയ്യൂറുമാ | – | കയ്യിൽ തൂക്കിയ മദ്ദളം |
| അരവ് | – | ആരവം |
| കുലവ | – | കുരവ |
| റംബം | – | ധാരാളം |
| തയ്യൽ | – | ചെറുപ്പം |
| കുഞ്ചുരാള | – | ഉമ്മവക്കുക |
| ചാതം | – | ചോറ് |
| അണ്ണാന്ത് | – | മുകളിൽ, ആകാശത്ത് |
| കടൻ | – | കടം |
| തുമ്പങ്കളേ | – | ദുഃഖങ്ങളേ |
| കളട്ടി | – | ഊരി |
| കോവുണം | – | കോണകം |
| അരന്നാണം | – | അരഞ്ഞാണം |
| പീടയക്കൻ | – | ത്യാഗം സഹിക്കുന്നവൻ |
| പവിളക്കെട്ടു തിരുക്കുളം | – | വെള്ളമെടുക്കുന്ന കുളം |
| പെരുനട | – | വേഗത്തിലുള്ള നടത്തം |
| അന്തുരമാകെ | – | മുകളിലേക്ക് |
| കന്തൻ | – | ഗ്രാമത്തലവൻ |
| അകോവാരം | – | അല്ലയോ |
| പോരാത | – | തീരാത്ത |
| ചാപം | – | ശാപം |
| കൊട്ടവി | – | കാട്ടുപഴം |
| നീതകം | – | നീതി |
| ചിലപ്പാരെ | – | നിനക്കിതുതന്നെ ഗതി |
| പതിരിക്കം | – | പതറിച്ച |
| പാർവി | – | പാകി |
| മൈത്തുനാർ | – | മച്ചുനൻ |
| തോളൻ | – | തോഴൻ |
| മുളുങ്കി | – | വിഴുങ്ങി |
| അരുകാമെൽ | – | അരികെ |
| ഓട്ടും പെരുനടയുമായി | – | കാൽ നീട്ടിവെച്ചും ഓടിയും. |

| | | |
|---|---|---|
| നീതം | - | പ്രാവശ്യം, തവണ |
| നമ്മൂർ | - | നമ്മുടെ |
| തവരെ | - | ഒഴികെ |
| കൊരുടാവ് | - | തേര് |
| കൊണ്ടേല | - | കൊണ്ട |
| വയ്ത്തുലവ് | - | വിശപ്പ് |
| ഇത്തിനി | - | അപ്പൻ |
| പത്തിനി | - | അമ്മ |
| അട്ടാളം ചൊക്കർ | - | ഹനുമാൻ |
| പൽക്കാപ്പൊടി | - | പൽപ്പൊടി |
| പച്ചപ്പാശി | - | വസ്ത്രങ്ങൾ, അലങ്കാരങ്ങൾ |
| തുറവിയങ്കൾ | - | സമ്പത്ത് |
| കൊള്ളയെ കൊടുത്ത് | - | വാരിക്കോരിക്കൊടുത്ത് |
| ചേടാവ് | - | ത്രാസ് - കഴഞ്ചുകോൽ |
| ഓരതെല്ലാം | - | പറഞ്ഞതെല്ലാം |
| കുഞ്ചിക്കുലാവി | - | കൊഞ്ചിക്കുഴഞ്ഞ് |
| കെട്ടിച്ചാതം | - | പൊതിച്ചോറ് |
| കടനാലാവാ | - | കണവാ |
| മത്തച്ചുകം | - | മദനസുഖം |
| പോച്ചൻ | - | പൊക്കോളൂ |
| വഞ്ചുകം | - | വഞ്ചന |
| വലിതരെ | - | വഴിപോക്കൻ |
| ചാതിക്കുണം | - | ജാതിഗുണം |
| മാട്ടണ്ട | - | വേണ്ട |
| മരിന്ത് | - | ഉയർന്ന് |
| വയകം | - | വെള്ളം |
| കൊണ്ടാൾ | - | ഭാര്യ |
| കുറ്റിയാൾ | - | വെപ്പാട്ടി |
| തകപ്പൻ | - | അച്ഛൻ |
| കട്ടേക്ക് | - | കണിശം |

| | | |
|---|---|---|
| കുറിഞ്ചി | - | കുറഞ്ഞ് |
| ചവുനം | - | ശകുനം |
| അലഹാലടിച്ച് | - | ചെകിട്ടിലടിച്ച് |
| പേതയമ്മാൾ | - | ലക്ഷണം പറയുന്നവൾ |
| ചിത്തിരക്കുറത്തി | - | " |
| പേതവത്തുവാത്ത്യാർ | - | വേദമോതുന്ന വാധ്യാർ |
| മെത്തുകം | - | മസ്തകം |
| തുളുന്ത് | - | എടുത്ത് |
| പളികാരോ | - | പ്രതികാരം |
| പടുങ്കുക | - | പറിക്കുക |
| തൂരോടെ | - | മൂടോടെ |
| ഉരുവി | - | ഊരി |
| പഹളം | - | പവിഴം |
| ശെറുവാ | - | ചെറുക്കാ |
| ഐക്കിനി | - | അഗ്നി |
| പൊരുന്തുക | - | കത്തുക |
| കരണ്ടുകം | - | കരണ്ടി |
| ചൊട്ടയെ നിഖത്തി | - | ചുളുങ്ങിയത് നിവർത്തി |
| പൊരിഞ്ചത് | - | വിരിഞ്ഞത് |
| തവരിയെ | - | പൊങ്ങിയും താണും |
| ചനങ്കൾ | - | ജനങ്ങൾ |
| ചിന്നാത്ത് | - | ചെറിയമ്മ |
| പെരിയാത്ത് | - | വലിയമ്മ |
| മതിനിയ മാരികൾ | - | അമ്മാവന്റെ മക്കൾ |
| അന്തുപോന | - | പൊട്ടിപ്പോയ |
| പാപ്പരപ്പെണ്ണുങ്ങൾ | - | തോഴികൾ |
| പുളുതീൻ | - | പൊടിമണ്ണ് |
| ചക്കിളിച്ചി | - | പറച്ചി |
| കാരിഞ്ച | - | ഇഞ്ച |
| വാലയം | - | കള്ളത്തരം |

## കൂത്ത്–കലാകാരന്മാർ

**മൺമറഞ്ഞവർ**

പൊന്നപ്പൻമുത്തൻ, കോവിൽമല
നായൻമുത്തൻ, മുരിക്കാട്ടുകുടി
കൂത്താടിരാമൻ, മുരിക്കാട്ടുകുടി
ഡൽഹിപാണ്ഡ്യൻ, കുമളി
കുഞ്ചാളകാർന്നോര്, കുമളി
മലബാർനായൻ, കുമളി
രാമൻകുട്ടപ്പൻ, മുരിക്കാട്ടുകുടി
അരിയാൻതേവൻ, തോപ്രാംകുടി
പഞ്ചൻമാധവൻ, മച്ചിപ്ലാവ്കുടി

**ജീവിച്ചിരിക്കുന്നവർ**

രാമൻകൃഷ്ണൻ മച്ചിപ്ലാവ്
മല്ലയ്യൻ ഗോപാലൻ മച്ചിപ്ലാവ്
തേവൻ രങ്കസ്വാമി, മഴുവടി
അരിയാൻമണി, മണിയാറങ്കുടി
ബി.ആർ. രാജപ്പൻ, കോഴിമല
തേവൻ പൊന്നുരാജ്, ആൽപ്പാറ
നാകമണി, വാൽപ്പാറ
സൂര്യൻ പെരിയാൻ, മുരിക്കാട്ടുകുടി
പൊത്തക്കള്ളിരാമൻ, തിങ്കൾക്കാട്
കൃഷ്ണൻ രാമൻ, തിങ്കൾക്കാട്
രാജൂ കൃഷ്ണൻ, മണിയാറങ്കുടി
രാമൻ, ചിന്നപ്പാറ
ചന്ദ്രൻ നിരപ്പേൽ, കോവിൽമല
ചക്കൻ ബാലൻ (ഇളയരാജാവ്), കോവിൽമല
രാജഗോപാലൻ വി.ആർ., മുരിക്കാട്ടുകുടി
കുട്ടി രാജു, മുരിക്കാട്ടുകുടി
രാജു രാമസ്വാമി, മുരിക്കാട്ടുകുടി
ഉലകൻ, മണിയാറങ്കുടി
നാരായണൻ വി.ആർ., കോവിൽമല

നായൻ നായൻ, മുരിക്കാട്ടുകുടി
ഉലകൻ, മുരിക്കാട്ടുകുടി
രാജേന്ദ്രൻ, കോവിൽമല
അയ്യപ്പൻ, കോവിൽമല
നാകമണി, വാൽപ്പാറ
രാമനാഥൻ, വട്ടമേട്
സൂര്യൻ പെരിയാൻ, മുരിക്കാട്ടുകുടി
നാരായണൻ വെള്ളസ്വാമി, കട്ടപ്പന
രാജു പെരിയാൻ, പഴയരിക്കണ്ടം
രാമൻ ഉലകൻ, ചിന്നപ്പാറ
സുകുമാരൻ പാണ്ഡ്യൻ, കോവിൽമല
പൊന്നപ്പൻ കൃഷ്ണൻ, വട്ടമേട്
കുമാരൻ നങ്കൻ, മുരിക്കാട്ടുകുടി
രാമൻ ചിന്നവൻ, മുരിക്കാട്ടുകുടി
രവി ചിന്നവൻ, കോവിൽമല
മണി ചിന്നവൻ, കോവിൽമല
രാജേന്ദ്രൻ ചിന്നവൻ, കോവിൽമല
അയ്യപ്പൻ, കോവിൽമല
അയ്യപ്പൻ തണ്ണിതേവൻ, കോവിൽമല
ശശി കാമാക്ഷി, കോവിൽമല
നായൻ പൊന്നപ്പൻ, കോവിൽമല

(കാരണവർ സംഗമത്തിൽ നിന്ന് കിട്ടിയ വിവരങ്ങൾ)

# കൂത്തുപാട്ടുകൾ പകർന്നു നൽകിയ കലാകാരന്മാർ



നാരായണൻ രാജമന്നാൻ, ചക്കൻ പൊടിയൻ, തേവൻ രങ്കസ്വാമി, അരിയാൻ മണി, നാരായണൻ വെള്ളയാൻ



തേവൻ രങ്കസ്വാമി,



ചക്കൻബാലൻ



രാജപ്പൻ



തേവൻ പൊന്നുരാജ്

കൂത്തിൻെറ ദൃശ്യം





കൂത്തിനുപയോഗിക്കുന്ന സംഗീതോപകരണങ്ങൾ




കൂത്തുപാട്ടുകളുടെ ശിൽപശാല - 1997 - 98



കോവിൽ മലയിലെ ക്ഷേത്ര പ്രതിഷ്ഠ

" ഏകുട്ടീ ഏകളുതേ ഏമുത്തു
എന്നന്നാ വേണുമാടി
മൂക്കുക്കു മിഞ്ചികൾ പണുതുതാരാം
മൂക്കിലെ പോട്ടുക്കിറേൻ

ഏകുട്ടി ഏകളുതേ ഏമുത്തു
എന്നെന്നാ വേണുമാടീ
കാതുക്കു ലോലകൾ പണുതുതാരാം
കാതിലെ പോട്ടുക്കിറേൻ............"

നാടോടിത്തനിമ തുടിച്ചു നിൽക്കുന്ന 85 പാട്ടുകളും അർത്ഥവത്തും കാര്യമാത്ര പ്രസക്തവുമായ 81 ചൊല്ലുകളും നാടകീയത നിറഞ്ഞുനിൽക്കുന്ന സംഭാഷണങ്ങളും അടങ്ങിയ കൂത്തുപാട്ടുകളുടെ സമാഹാരം.
ഡോ. എ.കെ. നമ്പ്യാരുടെ അവതാരിക.

എഡിറ്റർ
**കാഞ്ചിയാർ രാജൻ**

അസി. എഡിറ്റർ
**ഇ.ജെ. ജോസഫ് കാഞ്ചിയാർ**



784-45483

# ക്രൂത്തുപാട്ടുകൾ

കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത്

Indic Digital Archive Foundation
gpura.org